## അദ്ധ്യായം മുപ്പത്

# ആത്മിക പോരാട്ടത്തെക്കുറിച്ചുള്ള ആധുനിക കാഴ്ചപ്പാടുകൾ - ഭാഗം 1

**(Modern Myths About Spiritual Warfare Part I)**

ആധുനിക സഭയിൽ തീവ്രമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് ആത്മിക പോരാട്ടം. എന്നാൽ നാം പഠിച്ചിരിക്കുന്ന പല ആശയങ്ങളും വചനത്തിന് വിരുദ്ധമാണ്. ആത്മിക പോരാട്ടത്തെക്കുറിച്ച് പല ശുശ്രൂഷകന്മാരും പഠിപ്പിക്കുന്നതും പ്രാവർത്തികമാക്കുന്നതും വചന പ്രകാരമല്ല. എന്നാൽ വചനപ്രകാരമുള്ള ആത്മിക പോരാട്ടം ഉ്, ശിഷ്യന്മാരെ നേടുവാൻ ആഗ്രഹിക്കുന്ന ശുശ്രൂഷകന്മാർ അതാണ് പിൻപറ്റേത്.

ഈ അദ്ധ്യായത്തിലും തുടർന്നുവരുന്ന അദ്ധ്യായത്തിലും സാത്താനേയും,ആത്മിക പോരാട്ടത്തെയുംകുറിച്ചുള്ള ചില തെറ്റായ ധാരണകൾ തുറന്നുകാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. സാത്താനേയും ആത്മിക പോരാട്ടത്തേയും കുറിച്ചുള്ള ആധുനിക കാഴ്ചപ്പാട് (ങീറലൃി ങ്യവേ മയീൗ േടമമേി മിറ ടുശൃശൗേമഹ ണമൃളമൃല) എന്ന എന്റെ പുസ്തകത്തിൽ ഈ വിഷയത്തെക്കുറിച്ച് വിശദീകരിച്ചിട്ടു്. ഞങ്ങളുടെ ംംം.വെലുവലൃറലൃേ്ല.ീൃഴ എന്ന വെബ് സൈറ്റിൽ ഈ പുസ്തകം (ഇംഗ്ലീഷ്) വായിക്കാവുന്നതാണ്.

### കാഴ്ചപ്പാട് 1: ദൈവവും സാത്താനും തമ്മിൽ ഒരു വലിയ യുദ്ധം ഉായി. ഇന്നും, വിണ്ണിൽ ആ പോരാട്ടം തുടർന്നു കൊിരിക്കുന്നു

**(Myth 1: "In eternity past, God and Satan engaged in a great battle. Today, the cosmic struggle still rages between them")**

ദൈവം സർവ്വശക്തനാണ് എന്ന് വചനം വെളിപ്പെടുത്തുന്ന മൗലിക സത്യത്തിന് വിരുദ്ധമാണ് ഈ പ്രസ്താവന.

ദൈവത്തിനു അസാധ്യമായിട്ടു യാതൊന്നുമില്ലെന്ന് യേശു പറഞ്ഞിട്ടു ് (മത്താ 19:26) ദൈവത്തിനു അസാധ്യമായതു ഒന്നുമില്ല. യിരമ്യാവ് ഉറപ്പോടെ പ്രഖ്യാപിക്കുന്നു (യിര 32:17). ഒരു വ്യക്തിക്കോ ശക്തിക്കോ ദൈവിക പദ്ധതിയിൽനിന്നു ദൈവത്തെ തടയാൻ സാധ്യമല്ല (2 ദിന 20:6, ഇയ്യോ 41:10, 42:2) എനിക്കു സമനായവൻ ആർ? എനിക്കു നേരം കുറിക്കുന്നവൻ ആർ? എന്റെ മുമ്പാകെ നില്ക്കാവുന്ന ഇടയൻ ആർ? (യെശ: 50:44) ഉത്തരം: ഒരുവനും ഇല്ല, സാത്താൻ പോലും!

വചനം ഉറപ്പുനൽകുന്ന പ്രകാരം ദൈവം സർവ്വശക്തനാണെങ്കിൽ, സാത്താനുമായി ഒരു പോരാട്ടത്തിന്റെ ആവശ്യമില്ല, പോരാട്ടത്തിൽ സാത്താൻ അല്പസമയത്തേക്കെങ്കിലും വിജയിച്ചാൽ ദൈവം സർവ്വശക്തനാണെന്നു പറയുന്നതിൽ അർത്ഥമില്ലല്ലോ.

## സാത്താന്റെ ശക്തിയെക്കുറിച്ചുള്ള യേശുവിന്റെ ഭാഷ്യം (Christ's Commentary on Satan's Power)

പിശാചിന്റെ പതനത്തെക്കുറിച്ച് യേശുനൽകുന്ന വിവരണത്തിൽനിന്നും സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയും പിശാചിന്റെ ശക്തിയും താരതമ്യം ചെയ്യാവുന്നതാണ്.

> ആ എഴപതുപേർ സന്തോഷത്തോടെ മടങ്ങിവന്നു. കർത്താവേ നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞു. അവൻ അവരോടു: സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കു (ലൂക്കോ 10:17–18).

സർവ്വശക്തനായ ദൈവം, സാത്താനെ സ്വർഗ്ഗത്തിൽനിന്നും പുറത്താക്കിയപ്പോൾ, സാത്താന് പ്രതികരിക്കുവാനുള്ള ശക്തി ഉായിരുന്നില്ല. യേശു സാത്താന്റെ വീഴ്ചയെ മിന്നൽപിണറിനോടു ഉപമിക്കുന്നു. സാത്താന്റെ പതനത്തിന്റെ വേഗത മിന്നൽപിണറുപോലെ വേഗത്തിലായിരുന്നു. അവൻ വീണത് ശർക്കരപാവുപോലെയല്ല, മിന്നൽപോലെയാണ്. സ്വർഗ്ഗത്തിലായിരുന്ന സാത്താൻ ഒറ്റസെക്കന്റുകൊ് ''ബൂം'' – അവൻ സ്വർഗ്ഗത്തിൽനിന്നും വലിച്ചെറിയപ്പെട്ടു.

ദൈവത്തിനു നിമിഷാർദ്ധത്തിൽ പിശാചിനെ തുരത്താൻ കഴിയുമെന്നതു കൊുതന്നെ ദൈവിക അധികാരം ലഭിച്ച ശുശ്രൂഷകനും വേഗത്തിൽ പിശാചിനെ പുറത്താക്കാൻ കഴിയും. യേശുവിന്റെ ആദ്യശിഷ്യന്മാരെപ്പോലെ, ഇന്നത്തെ പല വിശ്വാസികൾക്കും പിശാചിന്റെ ശക്തിയോടു ബഹുമാനമാണ്, ദൈവത്തിന്റെ അതുല്യമായ ശക്തി പിശാചിന്റെ ശക്തിയെക്കാൾ അതിശ്രേഷ്ടമാണെന്ന് അവർക്കറിയില്ല. ദൈവം സൃഷ്ടാവാണ് പിശാച് ഒരു സൃഷ്ടിയും. ''സാത്താൻ ഒരിക്കലും ദൈവത്തിന് സമനല്ല.''

## ഉായിട്ടില്ലാത്ത ഒരു യുദ്ധം (The war that Never Was)

''ദൈവവും സാത്താനും തമ്മിൽ ഒരു യുദ്ധം ഉായിട്ടില്ല,'' ഇനി ഉാകുകയുമില്ല എന്നു നാം മനസ്സിലാക്കണം. ദൈവത്തിനും പിശാചിനും വ്യത്യസ്തമായ പദ്ധതികളു്, അവർ തമ്മിൽ എതിരാളികളുമാണ്. രു ശക്തികൾ എതിരിടുമ്പോൾ, അതിൽ ഒന്ന് അതുല്യമായ ശക്തിയാണെങ്കിൽ ആ പോരിനെ യുദ്ധമെന്ന് വിളിക്കാൻ സാദ്ധ്യമല്ല. മണ്ണിരക്ക്

ആനയോടുപോരാടുവാൻ കഴിയുമോ? സാത്താന്റെ എതിർപ്പ് സ്വർഗ്ഗത്തിൽ തീർപ്പുകൽപിക്കപ്പെട്ടു. അവൻ മിന്നൽ വേഗത്തിൽ ഒഴിവാക്കപ്പെട്ടു. അവിടെ യുദ്ധമല്ല നടന്നത് കുടിഒഴിപ്പിക്കലാണ്.

ദൈവം സർവ്വശക്തനായതുകൊ് ദൈവത്തിന്റെ ഇഷ്ടത്തിനെതിരായി ഒരു തടസ്സവാദം ഉാക്കാൻപോലും സാത്താനു കഴിയുകയില്ല. എന്തെങ്കിലും ചെയ്യാൻ ദൈവം സാത്താനെ അനുവദിക്കുന്നെങ്കിൽ, അത് ദൈവത്തിന്റെ ദിവ്യമായ ഇച്ഛനിറവേറ്റാൻ വേിമാത്രമാണ്. ഈ വസ്തുത വചനാടിസ്ഥാനത്തിൽ പഠിക്കുമ്പോൾ ഇത് സത്യം ആണെന്നു വ്യക്തമാകും.

ദൈവത്തിനു സാത്താന്റെ മേലുള്ള അധികാരം മുമ്പുതന്നെ നിത്യതയിൽ വെളിപ്പെട്ടതാണ്. അതേ അധികാരം ഇന്നും എന്നും വെളിപ്പെട്ടുകൊിരിക്കുന്നു. സ്വർഗ്ഗത്തിൽനിന്നും ഒരു ദൂതൻ ഇറങ്ങിവന്ന് സാത്താനെ ചങ്ങലകൊ് ബന്ധിച്ചു എന്നു വെളിപ്പാടുപുസ്തകത്തിൽ വായിക്കുന്നു (വെളി 20:1-3). ഭാവിയിൽ ദൈവവും പിശാചും തമ്മിൽ വലിയൊരു യുദ്ധം പ്രതീക്ഷിക്കേകാര്യമില്ല. കാരണം സാത്താനെ എന്നന്നേക്കുമായി അഗാധകൂപത്തിലേക്കു അയക്കുന്നത് ഒരു ചടങ്ങ് മാത്രമായിരിക്കും. സാത്താന് സ്വയം തന്റെ ബന്ധനത്തെ പൊട്ടിക്കാൻ കഴിയുകയില്ല; ദൈവനിശ്ചയപ്രകാരം ദൈവമാണ് അവനെ സ്വതന്ത്രനാക്കുന്നത് (വെളി 20:7-9).

## സ്വർഗ്ഗത്തിൽ നടക്കാൻ പോകുന്ന യുദ്ധത്തെക്കുറിച്ച് എന്തുതോന്നുന്നു?
## (What About the Future "War in Heaven"?)

ദൈവവും സാത്താനും തമ്മിൽ യുദ്ധം ഉായിട്ടില്ല. ഉാകുകയുമില്ല. ഇത് സത്യമാണെങ്കിൽ, സ്വർഗ്ഗത്തിൽ സാത്താനും തന്റെ സൈന്യവും യുദ്ധം ചെയ്യുമെന്ന് വെളിപ്പാടുപുസ്തകത്തിൽനാം വായിക്കുന്നുല്ലോ? (വെളി 12:7-9). നല്ലൊരു ചോദ്യമാണിത് - എന്നാൽ ഇതിന്റെ ഉത്തരം ലളിതമാണ്.

ശ്രദ്ധിക്കുക, മീഖായേലും അവന്റെ ദൂതന്മാരും, സാത്താനോടും അവന്റെ സൈന്യത്തോടുമാണ് യുദ്ധം ചെയ്യുന്നത്. ദൈവം ഈ യുദ്ധത്തിൽ ഒരു യോദ്ധാവിനെപ്പോലെ പങ്കുചേരുന്നില്ല. ദൈവം ഇതിൽ ചേർന്നാൽ അതിനെ യുദ്ധമെന്നുവിളിക്കുവാൻ കഴിയുകയില്ല. കാരണം സർവ്വശക്തനാകുന്ന ദൈവത്തിന് സാത്താനെ ഒരു നിമിഷംകൊു തകർക്കാൻ കഴിയും, അതു തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

മീഖായേൽ ഉൾപ്പെടെയുള്ള ദൂതന്മാർ സർവ്വശക്തരല്ല. അതുകൊുതന്നെ മീഖായേലും സൈന്യവും സാത്താനോടും സൈന്യത്തോടും ഏറ്റുമുട്ടിയപ്പോൾ, ഒരു യുദ്ധത്തിന്റെ പ്രതീതി ഉളവാകുകയും പോരാട്ടം ഒരു പരിധിവരെ നീുപോകുകയും ചെയ്തിരിക്കാം. എന്നാൽ ദൈവദൂതന്മാർ സാത്താനേയും സൈന്യത്തേയും തോല്പിച്ചു.

ഈ യുദ്ധത്തിൽ ദൈവം പങ്കുചേരാതെ തന്റെ ദൂതന്മാരെ മാത്രം യുദ്ധം ഏല്പിച്ചതെന്താണ്? എനിക്കൊരുപിടിയുമില്ല. സർവ്വജ്ഞാനിയായ ദൈവം, ഈ യുദ്ധത്തിൽ തന്റെ ദുതന്മാർ വിജയിക്കുമെന്നു മുൻപേ ഗ്രഹിച്ചിരിക്കണം. അതുകൊു വ്യക്തിപരമായ ദൈവത്തിന്റെ ഇടപെടിൽ ഈ വിഷയത്തിൽ ആവശ്യമില്ലായെന്നു നിരൂപിച്ചിരിക്കാം.

യോശുവയുടെ കാലഘട്ടത്തിൽ കനാന്യരെ ഉന്മൂലനാശം ചെയ്ത് കനാൻദേശം യിസ്രായേൽ ജനത്തിനു നൽകാൻ ദൈവത്തിനുകഴിയുമായിരുന്നു. എന്നാൽ യുദ്ധം ചെയ്ത് അവർ ദേശത്തെഅവകാശമാക്കണമെന്ന് ദൈവം ആഗ്രഹിച്ചിരുന്നതുകൊ് ദൈവത്തിന്റെ വ്യക്തിപരമായ ഒരു ഇടപെടൽ ഉായില്ല. ദൈവത്തിനു നിഷ്പ്രയാസം നിമിഷംകൊു ചെയുതു തീർക്കാവുന്നത്, തന്റെ ജനം മാസങ്ങളോളം കഠിനാദ്ധ്വാനത്തിലുടെ ചെയ്തു തീർക്കണമെന്നതു ദൈവഹിതമായിരുന്നു. ജനത്തിന്റെ വിശ്വാസം വർദ്ധിച്ചു കാണുന്നതിലായിരുന്നു ദൈവത്തിനു കുടുതൽ ഇഷ്ടം. അതുകൊ ായിരിക്കാം സ്വർഗ്ഗത്തിൽ നടക്കുന്ന ഭാവിയുദ്ധത്തിലും ദൈവം പ ങ്കുചേരാത്തത്. വേദപുസ്തകം ഇതിനെക്കുറിച്ച് ഇങ്ങനെ ഒന്നും പറയുന്നില്ല.

ഒരു നാളിൽ സ്വർഗ്ഗത്തിൽമീഖായേലും തന്റെ ദൂതന്മാരും, സാത്താനോടും തന്റെ ദൂതന്മാരോടും നടന്ന യുദ്ധത്തിന്റെ പേരിലോ, യിസ്രായേൽ ജനം കനാന്യരോടു നടത്തിയ യുദ്ധത്തിന്റെ പേരിലോ, മീഖായേലും തന്റെ സൈന്യവും സാത്താനോടും തന്റെ സൈന്യത്തോടും ഒരുനാളിൽ സ്വർഗ്ഗത്തിൽ യുദ്ധം ഉായാലും, ഇതൊന്നും സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയെ സംശയിക്കാനുള്ള ഉപാധികളല്ല.

## യേശു സാത്താനെ ക്രൂശിൽ പരാജയപ്പെടുത്തിയില്ലേ?
## (Was Not Satan Defeated by Jesus on the Cross?)

‘‘യേശു സാത്താനെ ക്രൂശിൽ തകർത്തു.’’ സർവ്വസാധാരണമായി ന ാം കേൾക്കാറുള്ള ഒരു പ്രസ്താവനയാണിത്. എന്നാൽ യേശു സാത്താനെ ക്രൂശിൽ തകർത്തു എന്ന് യഥാർത്ഥത്തിൽ വചനത്തിൽ എവിടേയും പ റഞ്ഞിട്ടില്ല.

യേശു സാത്താനെ പരാജയപ്പെടുത്തിയെന്ന് പറയുമ്പോൾ, യേശുവും സാത്താനും തമ്മിൽ യുദ്ധത്തിലായിരുന്നു എന്നും, ദൈവം സർവ്വശക്താനല്ലായെന്നും, പിശാച് ദൈവത്തിന്റെ പൂർണ്ണ അധികാരത്തിൽ അല്ലായിരുന്നുഎന്നും തോന്നിപ്പോകും. യേശു കാൽവറിയിൽ തന്റെ ജീവൻവച്ചുകൊടുത്തപ്പോൾ സാത്താന് എന്തുസംഭവിച്ചെന്ന് വചനത്തിൽ വിവരിച്ചിട്ട്. ഉദാഹരണത്തിന്, യേശുവിന്റെ ക്രൂശ്മരണത്തിലൂടെ മരണാധികാരി ആയിരുന്ന ഘോരനാം പിശാചിന്റെ ശക്തിയെ യേശു നിർവീര്യമാക്കി (എബ്രാ 1:14-15).

യേശു എങ്ങനെയാണ് സാത്താനെ നിർവീര്യമാക്കിയത്? യഥാർത്ഥത്തിൽ സാത്താൻ ശക്തിയില്ലാത്തവനല്ല, യോഹന്നാൻ എഴുതി: സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. സാത്താൻ ശക്തിഹീനൻ ആയിരുന്നെങ്കിൽ യോഹന്നാൻ ഒരിക്കലും ഇങ്ങനെ എഴുതുകയില്ലായിരുന്നു. ''മരണത്തിന്റെ അധികാര''ത്തിൽനിന്നാണ് പ ിശാചിന് ശക്തി നഷ്ടപ്പെട്ടത്. ''മരണത്തിന്റെ അധികാരം'' എന്താണ് ഇതിന്റെ അർത്ഥം?

വചനപ്രകാരം മൂന്നുതരം മരണമ്: ''ആത്മികമരണം, ജഢീകമരണം, രാം മരണം''.

നാം മുൻ അദ്ധ്യായങ്ങളിൽ പഠിച്ചതുപോലെ രാംമരണം (അഥവാ നിത്യമരണം) വെളിപ്പാട് 2:22, 20:6, 14, 21:28 എന്നീ വചനഭാഗങ്ങളിലും നിത്യമരണത്തോടൊപ്പം ദുഷ്ടന്മാർ തീപൊയ്കയിലേക്ക് എറിയപ്പെടും എന്നു പറഞ്ഞിരിക്കുന്നു.

മനുഷ്യന്റെ ആത്മാവ് ജഡത്തിൽനിന്ന് വേർപെടുകയും, ജഡത്തിന് പ്രവർത്തിക്കുവാനുള്ള ശക്തി ഇല്ലാതാകുകയും ചെയ്യുന്നു. ഇതാണ് ജഢീകമരണം.

പരിശുദ്ധാത്മാവിനാൽ വീം ജനിക്കപ്പെടാത്ത മനുഷ്യാത്മാവിന്റെ അവസ്ഥയെ ആത്മികമരണം എന്നു പറയുന്നു. ആത്മിക മരണം സംഭവിച്ച ഒരു വ്യക്തിയുടെ ആത്മാവ് ദൈവത്തിൽനിന്നും അകന്നിരിക്കും, പ ാപസ്വഭാവമുള്ളതായിരിക്കും, ഒരു പരിധിവരെ സാത്താനോടു ബന്ധമുള്ളയാതിരിക്കും. ആത്മിക മരണം സംഭവിച്ച ഒരു വ്യക്തിയുടെ ചിത്രം എഫേ 2:1–3 വരെയുള്ള വചനങ്ങളിൽ കാണാം.

> അധിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവർ ഉയർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയേയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെയും അനുസരിച്ചുനടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിന്നും മനോവികാരങ്ങൾക്കും ഇഷ്ടമായതുചെയ്തുകൊു മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു (എഫേ 2:1–3).

എഫസോസിലുള്ള ക്രിസ്ത്യാനികൾ അതിക്രമങ്ങളാലും പ ാപങ്ങളാലും മരിച്ചവരാണെന്നു അപ്പോസ്തലനായ പൗലോസ് പറയുന്നു. ജഢീകമരണത്തെക്കുറിച്ചല്ല ഇവിടെ പറയുന്നത് കാരണം ജഢത്തിൽ ജീവിച്ചിരിക്കുന്നവരോടാണ് പൗലോസ് ഇതു പറയുന്നത്. ആത്മികമായി അവർ മരിച്ചവരാണെന്നാണ് പൗലോസ് പറയുന്നത്.

അവരുടെ ആത്മിക മരണത്തിനു കാരണമെന്താണ്? അവരുടെ അതിക്രമങ്ങളും പാപങ്ങളുംതന്നെ. ആദാമിനോടു ദൈവം പറഞ്ഞത് ശ്രദ്ധിക്കുക: അനുസരണക്കേടുകാണിക്കുന്ന നാളിൽ നീ മരിക്കും (ഉല്പ 2:17) ജഡീകമരണമല്ല, ആത്മിക മരണത്തെക്കുറിച്ചാണ് ദൈവം സംസാരിച്ചത് കാരണം വിലക്കപ്പെട്ടകനി ഭക്ഷിച്ച നാളിൽ ആദം മരിച്ചില്ല (ജഡീകമായി) എന്നാൽ ആത്മികമായി അവൻ മരിച്ചു, ജഡീകമായി അനേകവർഷം ആദം പിന്നേയും ജീവിച്ചു.

എഫസോസിലുള്ളവർ ആത്മികമായി മരിച്ചവരായിരുന്നതുകൊ് അവർ അതിക്രമങ്ങളിലും പാപങ്ങളിലും മുഴുകി ലോകത്തിന്റെ മോഹങ്ങളെയും (ലോകമനുഷ്യൻ ചെയ്യുന്നതുപോലെ) ആകാശശക്തികളേയും വാഴ്ചകളേയും പിൻപറ്റി ജീവിച്ചു.

അന്ധകാരത്തിലെ ലോകാധിപതി ആരാണ്?

ആകാശമണ്ഡലത്തിലെ ദുരാത്മാക്കളുടെ പരാമാധികാരിയായി വാഴുന്നത് സാത്താനാണ്. ഈ ദുഷ്ടാത്മശക്തികളോടു എതിർത്തു നിൽക്കേ തെങ്ങനെയാണെന്ന് എഫേ 6:12ൽ വിവരിച്ചിട്ടു്.

അന്ധകാരത്തിന്റെ പ്രഭു അനുസരണക്കേടിന്റെ ആത്മാവാണെന്ന് പൗലോസ് പറയുന്നു. അനുസരണക്കേടിന്റെ മക്കൾ എന്ന പ്രയോഗം പാപസ്വഭാവം ഉള്ള ഏവർക്കും ബാധകമാണ്. പൗലോസ് ഇവരെ കോപത്തിന്റെ മക്കൾ എന്നുവിളിക്കുന്നു (എഫേ 2:3). കൂടാതെ സാത്താൻ സർവ്വധാ അവരിൽ പ്രവർത്തിച്ചുകൊിരിക്കുന്നു.

## പിതാവിന്റെ സ്ഥാനത്ത് പിശാച്
## (The Devil for a Dad)

രക്ഷിക്കപ്പെടാത്ത ഏതൊരു വ്യക്തിയും സാത്താനെ പിൻപറ്റുന്ന, സാത്താന്റെ അന്ധകാരസാമ്രാജ്യത്തിലെ പ്രജയാണ്. ആത്മികമായി മരിച്ച അവരിൽ തിന്മയും സ്വാർത്ഥതയും കുടികൊള്ളുന്നു. അവരുടെ അപ്പനും ദൈവവും സാത്താനാണ്. അതുകൊാണ് യേശു ഒരിക്കൾ പ രീശന്മാരോടുപറഞ്ഞത്, നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു (യോഹ 8:44).

വീുംജനനം പ്രാപിക്കാത്ത ഒരു വ്യക്തിയുടെ വൈകൃതാവസ്ഥയാണ് നാം കത്. ആത്മികമായി ഒരു നിർജ്ജീവഅവസ്ഥയിലാണ് അവർ നടക്കുന്നത്. അവനിൽ സാത്താന്റെ ഭാവം കാണാം, ജഡീകമായ മരണം അവന് ഭീതിജനകമായ അവസ്ഥഉളവാക്കും. അവൻ അറിഞ്ഞാലും ഇല്ലെങ്കിലും ഒരിക്കൽ അവന് നിത്യത നഷ്ടപ്പെടുകയും തീപ്പൊയ്കയിലേക്ക് എറിയപ്പെടുകയും ചെയ്യും.

ആത്മീക മരണം, ജഡീകമരണം, രാം മരണം ഇതെല്ലാം പാപിയായ മനുഷ്യന്റെ മേൽ ചൊരിയപ്പെടുന്ന ദൈവ കോപത്തിന്റെ വെളിപ്പെടുത്തലുകളാമെന്ന് നാം മനസ്സിലാക്കിയിരിക്കണം.അന്ധകാരത്തിന്റെ സാമ്രാജ്യത്തേയും ഇരുട്ടിനെ സ്നേഹിക്കുന്നവരേയും ഭരിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചിരിക്കുന്നു (യോഹ 3:19). ദൈവം സാത്താനോടു പറഞ്ഞു: എനിക്കു വിധേയപ്പെടാത്തവരെ നിന്റെ അധികാരവും ശക്തിയും ഉപയോഗിച്ചു ഭരിച്ചുകൊള്ളുക. സാത്താൻ ദൈവകോപത്തിന്റെ പ്രതീകമാണ്. എല്ലാവരും പാപം ചെയ്തു സാത്താന്റെ അധീനത്തിൽ ആയിരിക്കുന്നു, ആത്മാവിൽ ബന്ധിക്കപ്പെട്ട പിശാചിന്റെ ഇഷ്ടം ചെയ്യാൻ ആഗ്രഹിക്കുന്നവർ (2 തിമോ 2:26).

## നമ്മുടെ ബന്ധനത്തിനുള്ള കാരണം
## (The Reason for Our Captivity)

ദൈവത്തിന്റെ കരുണക്ക് നാം നന്ദിയുള്ളവരായിരിക്കണം. നമ്മുടെ പരിതാപകരമായ അവസ്ഥയിൽ യേശുവിന്റെ മരണത്തിലുടെ വീടുക്കപ്പെട്ടവർക്ക് സാത്താന്റെ പിടിയിൽനിന്നും ദൈവത്തിന്റെ കോപത്തിൽനിന്നും വിടുതലു്. നാം യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ വരികയും സാത്താന്റെ ഭാവങ്ങൾ നമ്മിൽനിന്നും തുടച്ചുനീക്കപ്പെടുകയും നാം വീുംജനനം പ്രാപിക്കുകയും ചെയ്യും (യോഹ 3:1–16), അങ്ങനെ നാം ദൈവത്തിന്റെ വിശുദ്ധസ്വഭാവത്തിനു പങ്കാളികളാകുകയും ചെയ്യും (2 പത്രോ 1:4).

നമ്മുടെ ചോദ്യത്തിലേക്കുമടങ്ങാം. യേശുവിന്റെ മരണത്തിലൂടെ മരണത്തിന്റെ അധികാരിയായിരുന്ന പിശാചിന് മരണത്തിന്മേലുള്ള അധികാരം നഷ്ടപ്പെട്ടു.

ക്രിസ്തുവിലുള്ളവരുടെ മേൽ സാത്താന് യാതൊരു അധികാരവുമില്ല. ആത്മികമായ ചൈതന്യം നമുക്ക് ലഭിച്ചിരിക്കുന്നു. ക്രിസ്തു നമുക്കുവേി കാൽവറിയിൽ യാഗമായി നമ്മെ മറുവിലയായി വാങ്ങിയതുകൊ് ആത്മിക ജീവൻ നമ്മിൽ പകർന്നിരിക്കുന്നു.

നാം ആത്മികമായി മരിച്ചവരല്ല; നാം സാത്താന്റെ ഭരണത്തിൻ കീഴിലല്ല, നമുക്ക് ജഡീകമരണത്തെ ഭയമില്ല, കാരണം സ്വർഗ്ഗീയ അവകാശം നമ്മെ കാത്തിരിക്കുന്നു എന്ന് നനുക്കറിയാം.

അവസാനമായി, രാമത്തെമരണത്തിലൂടെ തീപ്പൊയ്കയിലേക്കു വലിച്ചെറിയപ്പെടുന്നതിൽനിന്നും യേശുമുഖാന്തിരം നാം മോചനം നേടിയിരിക്കുന്നു.

യേശു ക്രൂശിൽ സാത്താനെ പരാജയപ്പെടുത്തിയോ? ഇല്ല, കാരണം അവിടെ യേശുവും സാത്താനും തമ്മിൽ ഒരു പോരാട്ടം ഉായില്ല. ആത്മികമരണത്തിന്മേൽ സാത്താനൂായിരുന്ന അധികാരത്തെ യേശു

തകർത്തു, സാത്താന് ഇപ്പോഴും ശക്തിയു്. രക്ഷിക്കപ്പെടാത്തവരുടെ മേൽ സാത്താന് അധികാരമു്, അവരെ അവൻ ഇന്നും ആത്മികമരണത്തിലേക്കു ന യിച്ചുകൊിരിക്കുന്നു. എന്നാൽ ഇപ്പോൾ ക്രിസ്തുവിലുള്ളവരുടെ മേൽ അവന് അധികാരമോ ശക്തിയോ ഇല്ല.

## അന്ധകാരശക്തിയെ നിരായുധികരിക്കുന്നതു
## (The Disarming of the Powers)

''വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗംവെപ്പിച്ചു'' എന്ന് പൗലോസ് പറയുന്നു.

അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകുടെ ജീവിപ്പിച്ചു, അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലുമായിരുന്ന കയ്യെഴുത്തുമായിച്ചു ക്രൂശിൽ തറച്ചു നടുവിൽനിന്നു നീക്കിക്കളഞ്ഞു, വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെച്ചിച്ചു /കൂശിൽ അവരുടെമേൽ ജയോത്സവം കൊാടി അവരെ പ രസ്യമായി കാഴ്ചയാക്കി (കൊലോ: 2:13–15).

ആലങ്കാരികഭാഷയിൽ പൗലോസ് സംസാരിക്കുന്നത് ശ്രദ്ധിക്കുക. ആദ്യഭാഗത്ത് നമ്മുടെ തെറ്റിനെ പൗലോസ് ഒരു ബാധ്യധാപത്രമായി താരതമ്യം ചെയ്യുന്നു. നാം കൊടുക്കാൻ കഴിയാത്തതു യേശു നമുക്കായി കൊടുത്തു, നമ്മുടെ പാപകടങ്ങളെ അവൻ ക്രൂശിൽ വഹിച്ചു.

രാമത്തെഭാഗത്ത്, പരാജയപ്പെടുത്തിയ ശത്രുവിനെ ആയുധങ്ങളോടൊപ്പം പരസ്യക്കോലമായി തെരുവിലൂടെ നടത്തുന്നത് പ്രാചീന രാജാക്കന്മാരുടെ പതിവായിരുന്നു. അതുപോലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും മേൽ ക്രിസ്തു വരിച്ച വിജയമായിരുന്നു തന്റെ മരണം, അതായതു അതിക്രമം കാട്ടുന്ന മനുഷ്യവർഗ്ഗത്തെ ഭരിച്ച് അടിമയാക്കിക്കൊ ിരിക്കുന്ന ശത്രുവിന്റെ മേലുള്ള വജയമായിരുന്നു യേശുവിന്റെ മരണം.

മുകളിലത്തെ വാക്യങ്ങളെ ആധാരമാക്കി, ക്രിസ്തു, സാത്താനെ പ രാജയപ്പെടുത്തിയെന്ന് പറയുവാൻ സാധിക്കുമോ? ഒരു പക്ഷേ സാധിക്കും. എന്നാൽ ഈ വാക്യങ്ങൾ വായിക്കുന്നതിനുമുമ്പുതന്നെ, പൗലോസ് ഇതു ആലങ്കാരികശൈലിയിൽ എഴുതിയതാണെന്ന് നാം മനസ്സിലാക്കണം. എല്ലാ അലങ്കാരങ്ങളിലും നാം വചനവ്യാഖ്യാനത്തെക്കുറിച്ചുപഠിച്ചതുപോലെ, സാമ്യങ്ങളും, അസാമ്യങ്ങളും പരസ്പരം മാറിപ്പോകും.

കൊലോ 2:13–15 വരെയുള്ള വാക്യങ്ങളിൽ പൗലോസ് പ്രയോഗിച്ചിരിക്കുന്ന അലങ്കാരപ്രയോഗം നാം ജാഗ്രയയോടെ കൈകാര്യംചെയ്യണം. നമ്മുടെ സർവ്വപാപങ്ങളെയും രേഖപ്പെടുത്തി കുരിശിൽ തറച്ച ഒരു ''ബാധ്യധാപത്രം'' അല്ല ക്രിസ്തുവിന്റെ

ക്രൂശികരണത്തിലൂടെ ലഭിക്കുന്നത്; ക്രിസ്തു നമുക്ക് വേി എന്തുചെയ്തു എന്നും അവന്റെ ഉത്തവാദിത്വം എങ്ങനെ നിറവേറ്റപ്പെട്ടു എന്നുമാണ് പ ൗലോസ് വിവരിക്കുന്നത്.

അതുപോലെ, രക്ഷിക്കപ്പെടാത്ത മനുഷ്യനെ ഭരിച്ചുകൊിരിക്കുന്ന പ ിശാചിന്റെ വാളുകളും പരിചകളും എടുത്തുമാറ്റി അവരെ തെരുവിലൂടെ യേശു നടത്തിക്കൊുപോയി എന്നല്ല പൗലോസ് വിവരിക്കുന്നത്. ക്രിസ്തു നമുക്കുവേി ചെയ്തത് ആലങ്കാരികഭാഷയിൽ പ്രസ്താവിക്കുകയാണ് പ ൗലോസ് ചെയ്തത്. നമ്മുടെ പാപപരിഹാരത്തിനായി യേശുമരിച്ചു. തന്മൂലം സാത്താന്റെ പിടിയിൽനിന്നു നാം മോചിതരായി. ദുഷ്ടശക്തികൾക്കെതിരെ ഒരു തുറന്ന പോരാട്ടം അക്ഷരീകമായി യേശു നടത്തിയെന്നല്ല ഇതിന്റെ അർത്ഥം. ദൈവത്തിന്റെ അനുമതിയോടെ ദുഷ്ടവാഴ്ചകൾ നമ്മെ അവരുടെ അധികാരത്തിൽതളച്ചിട്ടിരുന്നു. അവരുടെ ആയുധങ്ങൾ യേശുവിന് എതിരെയല്ലാ, നമുക്കെതിരെയായിരുന്നു. എന്നാൽ യേശു അവരെ നിരായുധരാക്കി. മേലിൽ നാം അവരുടെ അടിമകളല്ല.

സാത്താന്റെ സൈന്യവും യേശുവും തമ്മിൽ നാളുകൾക്കുമുമ്പേ യുദ്ധം ആരംഭിച്ചു, അനേകനാളത്തെ പോരാട്ടത്തിനുശേഷം അവസാനം യേശു അവരെ ക്രൂശിൽ പരാജയപ്പെടുത്തി എന്നു വിചാരിക്കരുത്. യേശു സാത്താനെ പരാജയപ്പെടുത്തിയെന്നു നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ, യേശു സാത്താനെ പരാജയപ്പെടുത്തിയത് യേശുവിനു വേിയല്ല, നിങ്ങൾക്കുവേിയാണ്.

ഒരിക്കൽ എന്റെ കുഞ്ഞുമകളെ ഭയപ്പെടുത്തിയ നായെ ഞാൻ ഓടിച്ചുകളഞ്ഞു. എന്നാൽ ആ നായ് എന്നെയല്ല, എന്റെ കുഞ്ഞിനെയാണ് ഭീഷണിപ്പെടുത്തിയത്. ഇതുപോലെയാണ് യേശു നമുക്കുവേി സാത്താനെ ഓടിച്ചുകളഞ്ഞത്. പിശാചായ നായ് യേശുവിനെയല്ല നമ്മെയാണ് ഭീഷണിപ്പെടുത്തിയത്.

പിശാചായ നായയെ യേശു എങ്ങനെയാണ് ഓടിച്ചുകളഞ്ഞത്?നാം തെറ്റുചെയ്തു, ദൈവകോപം നമ്മുടെ മേൽവന്നു. നമ്മെ ദണ്ഡിപ്പിക്കുവാൻ ദൈവം പിശാചിനെ അനുവദിച്ചു. എന്നാൽ നമ്മുടെ ശിക്ഷ യേശുസ്വയം വഹിച്ചു, പിശാചിന് നമ്മുടെ മേലുള്ള ആധിപത്യം അവസാനിപ്പിച്ച് നമ്മെ സ്വതന്ത്രരാക്കി. പിശാചിന്റെ ബന്ധനത്തിൽനിന്നും വിടുവിക്കപ്പെട്ട നമ്മുടെമേൽ ഇനി അവന് യാതൊരു അധികാരവുമില്ല. യേശു നമ്മെ വിലക്കുവാങ്ങി, നാം പൂർണ്ണസ്വാതന്ത്ര്യം നേടി, ദൈവത്തിനുസ്തുതി!

നമുക്ക് ഇതുമായി ബന്ധപ്പെട്ട രാമത്തെ കാഴ്ചപ്പാടിന്റെ അനുയോജ്യതയെക്കുറിച്ച് ചിന്തിക്കാം.

### കാഴ്ചപ്പാട് 2: "ആത്മിക മണ്ഡലത്തിൽ ദൈവത്തിന്റെയും സാത്താന്റേയും ദൂതന്മാർ തമ്മിൽ നിരന്തരം പോരാട്ടം നടന്നുകൊ

## ിരിക്കുന്നു. ഇതിന്റെ ഫലത്തെ നിർണ്ണയിക്കുന്നത് നമ്മുടെ ആത്മികപോരാട്ടമാണ്"

## (Myth 2: "There are Constant battles in the Spiritual realm between God's Angels and Satan's Angels. The outcome of those battles is determined by our spiritual warfare")

മീഖായേലും തന്റെ സൈന്യവും സാത്താനോടും തന്റെ സൈന്യത്തോടും യുദ്ധം ഉാകുമെന്ന് വെളിപ്പാടുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നാം കുകഴിഞ്ഞു. ഇതുകൂടാതെ ദാനിയോലിന്റെ[85] പ്രവചനത്തിൽ പത്താം അദ്ധ്യായത്തിൽ ഒരു യുദ്ധത്തിന്റെ വിവരണം കാണാം.

പേർഷ്യൻ രാജ ാവായ കോരശ് രാജ്യംഭരിച്ചുകൊിരുന്ന മൂന്നാം ആ ിൽ ദാനിയേൽ മൂന്ന് ആഴ്ചക്കാലം ദൈവസന്നിധിയിൽ കരഞ്ഞുകൊ ിരുന്നപ്പോൾ ടൈഗ്രീസ് നദി തീരത്ത് ദൈവദൂതൻ ദാനിയേലിന്റെ മുന്നിൽ വന്നു. യിസ്രായേലിന്റെ ഭാവിയെ വെളിപ്പെടുത്തുകയായിരുന്നു ദൂതന്റെ ലക്ഷ്യം. അന്ത്യകാലത്തെക്കുറിച്ചും ഉൽപ്രാപണത്തെക്കുറിച്ചും ദാനിയേൽ പറഞ്ഞത് കഴിഞ്ഞ അദ്ധ്യാത്തിൽ നാം കു. സംഭാഷണമദ്ധ്യേ പേർപറയപ്പെടാത്ത ദൂതൻ ദാനിയേലിനോടു പറഞ്ഞു.

> ദാനിയേലേ ഭയപ്പെടോ, നീ തിരിച്ചറിയേതിനും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തേതിനും മനസ്സുവെച്ച ആദ്യദിവസം മുതൽ നിന്റെ വാക്കുകേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായിതന്നേ ഞാൻ വന്നിരിക്കുന്നു. പാർസി രാജ്യത്തിന്റെ പ്രഭു ഇരുപത്തിയൊന്നു ദിവസം എന്നോടു എതിർത്തുനിന്നു; എങ്കിലും പ്രധാനപ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു. അവനെ ഞാൻ പാർസിരാജാക്കന്മാരോടുകൂടെ അവിടെ വിട്ടേച്ചു (ദാനി 10:12-13).

ദാനിയേലിന്റെ പ്രാർത്ഥന 21 ദിവസം മുമ്പ് ദൈവസന്നിധിയിൽഎത്തി. എന്നാൽ മറുപടിയുമായി എത്താൻ ദൂതന് മൂന്ന് ആഴ്ചവേിവന്നു. പാർസി രാജ്യത്തിന്റെപ്രഭു ദൂതനെ തടഞ്ഞതാണ് ദൂതൻ

---

85 . രുവിയോജിപ്പുകൾക്കുള്ള ഉത്തരം: (1) മീഖായേലും സാത്താനും തമ്മിൽ മോശയുടെ ശരീരത്തിനുവേി നടത്തിയ തർക്കം യൂദാ വിവരിക്കുന്നു, എന്നാൽ ഒരു യുദ്ധം നടന്നതായി പറയുന്നില്ല. മീഖായേൽ സാത്താനെതിരെ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ ശ്രമിച്ചില്ല . ദൈവം നിന്നെ ഭത്സിക്കട്ടെ എന്നു പറഞ്ഞതേയുള്ളു (യൂദാ 1:9) (2) ദോഥാനിൽ, ഏലിശയേയും ബാല്യക്കാരനേയും ആരാം രാജാവിന്റെ സൈന്യം വളഞ്ഞപ്പോൾ ബാല്യക്കാരന്റെ കണ്ണുതുറക്കണമേയെന്ന് ഏലിശാ പ്രാർത്ഥിച്ചു (2 രാജാ 6:15-17). യഹോവ ബാല്യക്കാരന്റെ കണ്ണുതുറന്നു, അഗ്നിമയമായ കുതിരകളും രഥങ്ങളുംകൊു മലനിറഞ്ഞിരിക്കുന്നതു അവൻ കു. സാത്താന്റെ സൈന്യവുമായി ഈ ദൂതഗണങ്ങൾ യുദ്ധത്തിൽ ഏർപ്പെട്ടു എന്നു ഉറപ്പില്ല. തെറ്റുചെയ്യുന്ന മനുഷ്യന്റെമേൽ ദൈവത്തിന്റെ കോപത്തെ നടപ്പാക്കാനാണ് ദൈവം ദൂതന്മാരെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണത്തിന് അരാമ്യപാളയത്തിലേക്ക് ദൈവം ഒരു ദൂതനെ അയച്ചു. ആദൂതൻ 1,85,000 യോദ്ധാക്കളെ വധിച്ചു (2 രാജാ 19:35).

താമസിക്കാൻ കാരണം. എന്നാൽ പ്രധാനദൂതനായ മീഖായേൽ സഹായത്തിനെത്തി. പിരിയാൻനേരത്തു ദൂതൻ ദാനിയേലിനോടു പറഞ്ഞു:

> ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നതു എന്തിനെന്ന് നീ അറിയുന്നുവോ? ഞാൻ ഇപ്പോൾ പാർസിപ്രഭുവിനോടു യുദ്ധം ചെയ്‌വാൻ മടങ്ങിപ്പോകും, ഞാൻ പുറപ്പെട്ടശേഷമോ, യവനപ്രഭു വരും. എന്നാൽ സത്യഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു ഞാൻ നിന്നെ അറിയിക്കാം; നിങ്ങളുടെ പ്രഭുവായ മീഖായേൽ അല്ലാതെ ഈ കാര്യത്തിൽ എന്നോടുകൂടെ ഉറെച്ചുനില്ക്കാൻ ആരും ഇല്ല (ദാനി 10:20-21).

ചില വസ്തുതകൾ ഈ വചനഭാഗങ്ങളിൽ നമുക്ക്കാണാം. ദൈവത്തിന്റെ ദൂതന്മാർ സർവ്വശക്തരല്ല, അവർ വീണുപോയ ദൂതന്മാരോടുള്ള പോരാട്ടം തുടരുന്നു.

രാമതായി, മീഖായേലിനെപോലുള്ള ദൂതന്മാർ, ദാനിയേലിനോടു സംസാരിച്ച ദൂതന്മാരേക്കാൾ ശക്തിയുള്ളവരാണ്.

## ഉത്തരം ഇല്ലാത്ത ചില ചോദ്യങ്ങൾ
## (Questions for which we have No Answers)

ദൈവം എന്തുകൊ് ദാനിയേലിന്റെ പ്രാർത്ഥനയ്ക്ക് മറുപടിയുമായി മീഖായേലിനെ അയച്ചില്ല, അങ്ങനെയായിരുന്നെങ്കിൽ മൂന്നാഴ്ചത്തെ താമസം ഉാകയില്ലായിരുന്നല്ലോ? ദാനിയേലിന് മറുപടിയുമായി പോകുന്ന ദൂതനെ പ ാർസി പ്രഭു തടയുമെന്ന് ദൈവത്തിന് അറിയാമായിരുന്നിരിക്കെ, ദൈവം എ ന്തുകൊ് സഹായത്തിന് മീഖായേലിനെ അയച്ചില്ല. സന്ദേശം കൈമാറാൻ ദൈവം എന്തുകൊാണ് പ്രത്യേകദൂതന്മാരെ നിയോഗിച്ചിരിക്കുന്നത്? എ ന്തുകൊ് ദൈവം തന്നെ പോയി ദാനിയേലിന് ഉത്തരം കൊടുത്തില്ല, അല്ലെങ്കിൽ ദാനിയേലിനെ സ്വർഗ്ഗത്തിലേക്ക് കൊുപോയി സംസാരിച്ചില്ല? ഇതൊന്നും നമുക്കറിയില്ല.

ദൈവത്തിന്റെ ദൂതന്മാരും സാത്താന്റെ ദൂതന്മാരും തമ്മിൽ ആത്മമണ്ഡലത്തിൽ നിരന്തരം പോരാട്ടത്തിലാണെന്ന് ഈ വാക്യങ്ങൾ തെളിയിക്കുന്നുാേ? ഇല്ല, ദൈവത്തിന്റെ ദൂതന്മാരും പാർസി പ്രഭു എന്നുപേരുള്ള സാത്താന്റെ ദൂതന്മാരും തമ്മിൽ അനേകായിരം വർഷങ്ങൾക്കുമുമ്പ് മൂന്നാഴ്ചത്തെ യുദ്ധം നടന്നു എന്നു തെളിവ്, ഈ യുദ്ധം ദൈവത്തിന്റെ ഇഷ്ടത്തോടെ അല്ലായിരുന്നെങ്കിൽ ഒരിക്കലും സംഭവിക്കുകയില്ലായിരുന്നു. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മറ്റൊരു യുദ്ധം ഭാവിയിൽ സ്വർഗ്ഗത്തിൽ നടക്കാൻ പോകുന്ന, വെളിപ്പാടുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യുദ്ധമാണ്. ദൂതന്മാർ ഏർപ്പെട്ട മറ്റു യുദ്ധങ്ങളും ഉാകാം എന്നാൽ അതിനൊന്നും തെളിവുകൾ ലഭ്യമല്ല.

**പുരാണത്തിൽ അധിഷ്ടിതമായ പുരാണം**
**(A Myth Based upon a Myth)**

ദാനിയേലിന്റേയും പാർസിപ്രഭുവിന്റെയും കഥ ദൂതന്മാരുടെ പോരാട്ടത്തിന് തെളിവാണോ? ദൂതന്മാർ (വചനാടിസ്ഥാനത്തിൽ) പതിവായി യുദ്ധത്തിൽ ഏർപ്പെടുന്നു. അതേ, ദൂതന്മാർ പോരാട്ടത്തിൽ ഏർപ്പെടുന്നു. ആത്മിക പോരാട്ടത്തിൽ ദൂതന്മാർ പങ്കാളികളാകുന്നുവെന്ന് ദാനിയേലിന്റെ കഥ തെളിവുതരുന്നുവോ?

ദാനിയേൽ തന്റെ ഉപവാസവും പ്രാർത്ഥനയും ഒന്നാമത്തെ ദിവസം അവസാനിപ്പിച്ചിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ഇതിന്റെ ഉത്തരം ആർക്കും പറയാൻ കഴിയുകയില്ല. എന്നാൽ ദാനിയേൽ തന്റെ പ്രാർത്ഥന, മറുപടിയുമായി ദൂതൻ വരുന്നതുവരെ തുടർന്നുകൊിരുന്നു. പ്രാർത്ഥനയിലൂടെ ദാനിയേൽ നടത്തിയ ആത്മികപോരാട്ടമാണ് സ്വർഗ്ഗംതുറന്ന് മറുപടിയുമായി ദൂതൻ വരുവാൻ ഇടയാക്കിയത്. ദാനിയേൽ ആത്മികപോരാട്ടം അവസാനിപ്പിച്ചിരുന്നെങ്കിൽ ദൂതന് പാർസിപ്രഭുവിനെ പ രാജയപ്പെടുത്തി ദാനിയേലിനു മറുപടിയുമായി വരുവാൻ സാധ്യമല്ലായിരുന്നു. ഇതുപോലെ നാമും ദാനിയേലിനെപ്പോലെ ആത്മികപോരാട്ടത്തിൽ സദാ മുഴുകണം അല്ലെങ്കിൽ നമുക്ക് മറുപടിയുമായി വരുന്ന ദൈവദൂതന്മാരെ ദുർശക്തികൾ തടഞ്ഞുനിർത്തും. ഈ മനോഭാവത്തെ നമുക്ക് ഒന്നുപഠിക്കാം. ആദ്യമായി, ഞാൻ ഒരു വസ്തുത വെളിവാക്കട്ടെ – ദാനിയേൽ ആത്മികമായ പോരാട്ടം നടത്തുകയായിരുന്നില്ല, അവൻ ദൈവത്തോടു പ്രാർത്ഥിക്കുകയായിരുന്നു. ദുർശക്തികൾക്കെതിരെ ശാസിക്കുകയോ, അവയെ ബന്ധിക്കുകയോ അവയ്ക്കെതിരെ സംസാരിക്കുകയോ, ഒന്നും ദാനിയേൽ ചെയ്യുന്നതായി കാണുന്നില്ല. മറുപടിയുമായി വന്ന ദൂതൻ മൂന്നാഴ്ചയോളം ദുർശക്തികളോടു പോരാടിയെന്നുള്ള യാതൊരു അറിവും ദാനിയേലിന് ഉായിരുന്നില്ല. ആ മൂന്നാഴ്ചക്കാലം ദാനിയേൽ പൂർണ്ണമായും ഉപവാസത്തിലുംപ്രാർത്ഥനയിലും ഇരുന്ന് ദൈവമുഖം അന്വേഷിക്കുകയായിരുന്നു.

അതുകൊ് ചോദ്യത്തെ നമുക്ക് ഇങ്ങനെ മാറ്റാം. ഒന്നു രുദിവസംകൊ് ദാനിയേൽ പ്രാർത്ഥനയും ഉപവാസവും അവസാനിപ്പിച്ചിരുന്നെങ്കിൽ മറുപടിയുമായി ദാനിയേലിന്റെ സമീപത്ത് എത്തുകയില്ലായിരുന്നോ? നമുക്കറിയില്ല. ഞാനൊന്നു പറയട്ടെ. ദാനിയേലേ, നീ പ്രാർത്ഥനതുടർന്നതു നന്നായി അല്ലായിരുന്നെങ്കിൽ എനിക്ക് നിന്റെ ചാരത്തുവരുവാൻ കഴിയുമായിരുന്നില്ല എന്നു ദൂതൻ ദാനിയേലിനോടു പ റഞ്ഞില്ല. മീഖായേൽതന്നെ സഹായിച്ചു എന്നാണ് ദൂതൻ പറയുന്നത്. മീഖായേലിനേയും ദൂതനേയും അയച്ചതുദൈവമാണ്. ദാനിയേലിന്റെ പ്രാർത്ഥനയുടെ പ്രതികരണമായി യിസ്രായേലിന് ഭാവിയിൽ സംഭവിക്കുവാൻ പോകുന്നത് വെളിപ്പെടുത്താനാണ് ദൈവം അവരെ അയച്ചത്.

പ്രാർത്ഥനയും ഉപവാസവും നിർത്തി ദൈവമുഖം അന്വേഷിക്കുന്നത് ദാനിയേൽ അവസാനിപ്പിച്ചിരുന്നെങ്കിൽ, എന്തുസംഭവിക്കുമായിരുന്നു എന്ന് നമുക്ക് ചിന്തിച്ചുനോക്കാം. അല്ലയോ, ദൂതന്മാരെ! ഞാൻ നിങ്ങളിൽ ഒരാളെ ദാനിയേലിന്റെ പ്രാർത്ഥനയ്ക്കു മറുപടിയുമായി ആദ്യദിവസംതന്നെ അയച്ചു എന്നാൽ ദാനിയേൽ പ്രാർത്ഥനയും ഉപവാസവും നിർത്തിയതുകൊ്, ദാനിയേലിന് ഉത്തരവുമായി ഞാൻ നിങ്ങളെ അയച്ചതു മറന്നുകളയുക എന്നു ദൈവം പറയുമായിരുന്നു. ഇങ്ങനെ നമുക്ക് ചിന്തിക്കാൻ കഴിയുമോ? ദാനിയേലിന്റെ പുസ്തകത്തിൽ 11ഉം 12ഉം അദ്ധ്യായങ്ങൽ ഉായിരിക്കയില്ലാ എന്നു പറയുന്നതിന് തുല്യമാണിത്.

ദാനിയേൽ പ്രാർത്ഥനയിൽ ഉറ്റിരുന്നു (ആത്മിക പോരാട്ടത്തിൽ അല്ല) തന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടിയും അയച്ചു. നാമും പ്രാർത്ഥനയിൽ ഉറ്റിരുന്നാൽ, ദൈവത്തിന് ഇഷ്ടമുായാൽ, ദൂതന്മാരിലൂടെ നമുക്ക് മറുപടി ലഭിക്കും. പ്രാധാന്യമുള്ള പല സന്ദേശങ്ങളും വേദപുസ്തകത്തിലെ പലവിശുദ്ധന്മാർക്കും ദൈവം നൽകിയതായി നമുക്ക് കാണാം. അവരാരും ഇരുപത്തിഒന്ന് ദിവസം[86] പ്രാർത്ഥിച്ചില്ലായെന്നു തന്നെയല്ല ഒരു നേരം പോലും ഈ സന്ദേശത്തിനായി പ്രാർത്ഥിച്ചില്ല. ദൈവിക സന്ദേശവുമായി ഭൂമിയിലെത്തി വിശുദ്ധന്മാർക്ക് സന്ദേശം എത്തിച്ചുകൊടുത്ത ദൂതന്മാരെക്കുറിച്ചുള്ള നിരവധി പരാമർശങ്ങൾ വചനത്തിലു്, അവരുടെ ആ സംരഭത്തിൽ ദുർശക്തികളുമായി പോരാട്ടം നടത്തേിവന്നതായി വചനത്തിൽ തെളിവില്ല. ഒരു പക്ഷേ ദൂതന്മാർക്ക് പോരാടേിവന്നിട്ടുായിരിക്കാം, പക്ഷേ വചനത്തിൽ അതു രേഖപ്പെടുത്തിയിട്ടില്ല.

നമുക്ക് മൂന്നാമത്തെ കാഴ്ചപ്പാടിലേക്കുപോകാം.

## കാഴ്ചപ്പാട് 3: ആദം വഞ്ചിക്കപ്പെട്ടപ്പോൾ ലോകത്തെ ഭരിക്കുവാനുള്ള ആദമിന്റെ അവകാശം സാത്താൻ തട്ടിയെടുത്തു (Myth 3: When Adam Fell, Satan Got Adam's Lease to Control the World)

പാപം ചെയ്ത് ദൈവതേജസ് നഷ്ടപ്പെട്ടപ്പോൾ സാത്താന് യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്? ആദാമിന്റെ പതനത്തിൽ സാത്താന് നല്ലൊരു സ്ഥാനക്കയറ്റം ലഭിച്ചു എന്ന് ചിലർ വിശ്വസിക്കുന്നു. ആദാമായിരുന്നു ഈ ലോകത്തിന്റെ പ്രഭു എന്നാൽ ആദമിന്റെ വീഴ്ചയോടെ സാത്താൻ ആ പദവി കയ്യടക്കി. അങ്ങനെ ഭൂമിയിൽ എന്തും ചെയ്യാനുള്ള അവകാശം അവനുലഭിച്ചു, ഇങ്ങനെയാണ് ചിലർ വിശ്വസിക്കുന്നത്. ഇപ്പോൾ ദൈവത്തിനുപോലും സാത്താന്റെ അധികാരത്തെ തടയുവാൻ കഴിയുകയില്ല. കാരണം ആദാമിന്റെ നിയമപരമായ അവകാശം സാത്താനുകൈമാറി, ദൈവത്തിനുപോലും അതു നിയമപരമായി അംഗീകരിക്കേിവന്നു കാരണം ആദം അതു സാത്താന് കൈമാറിയതാണ്. ആദാമിന്റെ അവകാശം സാത്താന്

[86]. ഉദാഹരണത്തിന് മത്താ 1:20; 2:13, 19, 4:11, ലൂക്കോ 1:11-20; 26-38.

പണയംവച്ചിരിക്കുകയാണ് അതുകൊ് പണയത്തിന്റെ കാലാവധി തീരുന്നതുവരെ ദൈവത്തിന് പോലും സാത്താനെ തടയുവാൻ കഴിയുകയില്ല.

ആദമിന്റെ പതനത്തോടെ അവന്റെ അവകാശം സാത്താൻ കൈക്കലാക്കി ഈ സിദ്ധാന്തം ശരിയാണോ?

തീർച്ചയായും ഇതുശരിയല്ല. ദൈവത്തിൽ നിന്ന് ശാപവും അവസാന ം മരണവും ഇതാണ് യഥാർത്ഥത്തിൽ സാത്താന് കിട്ടിയത്.

ലോകത്തിന്റെ ദൈവം ആദം ആയിരുന്നു എന്ന് വേദപുസ്തകം പ റയുന്നില്ല. രാമതായി, ആദമിന്റെ അധികാരം നിയമപരമായി കൈമാറ്റം ചെയ്യപ്പെടാവുന്നതായിരുന്നില്ല. മൂന്നാമതായി ആദാമിന് തന്റെ അധികാരം പണയംവയ്ക്കാനോ, പണയത്തിന് കാലാവധിമേൽ അധികാരമോ ഉായിരുന്നില്ല. ഈ ആശയങ്ങളൊന്നും വചന പ്രകാരമുള്ളതല്ല.

യഥാർത്ഥത്തിൽ ആദമിന് എന്ത് അധികാരമാണ് ഉായിരുന്നത്? ദൈവം ആദമിന് നൽകിയതെന്തെന്ന് നാം ഉല്പത്തിപുസ്തകത്തിൽ വായിക്കുന്നു. ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സ ന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽനിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു (ഉല്പത്തി 1:28).

ഭൂമിയിൽ ദൈവമായിരിക്കുന്നതിനെക്കുറിച്ചോ, കാലാവസ്ഥയെയോ ഭാവിയിൽ ജനിക്കാൻ പോകുന്നവരെ നിയന്ത്രിക്കുന്നതിനെക്കുറിച്ചോ ഒന്നും ദൈവം ആദമിനോടു പറഞ്ഞില്ല. ആദ്യമനുഷ്യരായിരുന്നതുകൊ് മത്സ്യത്തിന്റേയും, പക്ഷികളുടേയും മൃഗങ്ങളുടേയും മേൽ വാഴുവാനും സ ന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവാനും അനുഗ്രിച്ചുഎന്നത് വാസ്തവം.

ദൈവം മനുഷ്യന്റെമേൽ വിധികല്പിച്ചപ്പോൾ ഈ ലോകത്തിന്റെ ദൈവം എന്ന പദവി ആദമിന് നഷ്ടപ്പെടാൻ പോകുന്നു എന്നും ദൈവം പ റഞ്ഞില്ല. പക്ഷിമൃഗാദികളുടേയും മത്സ്യങ്ങളുടേയും മേലുള്ള അവരുടെ അധികാരം നഷ്ടപ്പെടാൻ പോകുന്നു എന്നും പറഞ്ഞില്ല. എന്റ അഭിപ്രായത്തിൽ മത്സ്യങ്ങളുടേയും, പക്ഷിമൃഗാദികളുടേയും, ഇഴജ ന്തുക്കളുടേയും മേൽ വാഴുന്നത് ഇന്നും മനുഷ്യൻ തന്നെയാണ്. മനുഷ്യൻ ഭൂമിയിൽ പെരുകി നിറഞ്ഞു ദൈവം നൽകിയ അധികാരത്തിൽ ഒന്നും നഷ്ടപ്പെട്ടില്ല.

## സാത്താൻ ഈ ലോകത്തിന്റെ ദൈവമല്ലേ?
## (Isn't Satan "God of this World?")

സാത്താൻ ഈ ലോകത്തിന്റെ ദൈവമാണ് എന്ന് പൗലോസും, സാത്താൻ ഈ ലോകത്തിന്റ ഭരണാധികാരിയാണെന്ന് യേശുവും പറഞ്ഞിട്ടില്ലേ? അതേ, അവർ അങ്ങനെ പറഞ്ഞിട്ട്, എന്നാൽ ആദം ഈ ലോകത്തിന്റെ ദൈവമാണെന്നും, ആദം വീണപ്പോൾ ആ പദവി സാത്താൻ കൈവശമാക്കിയെന്നും ഇരുവരും പറഞ്ഞിട്ടില്ല.

സാത്താൻ ലോകത്തിന്റെ ദൈവം എന്ന പദവിയിൽഇരുന്നുകൊ് അവന് എന്തുവേണമെങ്കിലും ചെയ്യാം, ദൈവത്തിന് അവനെ തടയാൻ സാധ്യമല്ല എന്ന സിദ്ധാന്തത്തിന് യാതൊരു തെളിവുമില്ല. ആകാശത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു എന്ന് യേശു പറഞ്ഞു (മത്താ 28:18). ഭൂമിയിലെ സർവ്വ അധികാരവും യേശുവിന് ഉള്ളതാണെങ്കിൽ, യേശുവിന്റെ അനുമതിയോടുകൂടി മാത്രമെ സാത്താനുപ്രവർത്തിക്കുവാൻ കഴിയുകയുള്ളു.

സ്വർഗ്ഗത്തിലേയും ഭൂമിയിലേയും സർവ്വഅധികാരവും യേശുവിന് നൽകിയത് ആരാണ്? സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും പിതാവായ ദൈവമാണ് യേശുവിന് അത് നൽകിയത്. അതുകൊാണ് യേശു തന്റെ പിതാവിനെ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായവൻ എന്ന് പറഞ്ഞത് (മത്താ 11:25; ലൂക്കോ 10:21).

ഭൂമിയുടെ സൃഷ്ടാവും പരമാധികാരിയും ദൈവമാണ്. തുടക്കത്തിൽ ദൈവം കുറച്ച് അധികാരം മനുഷ്യന് നൽകി. ദൈവം മനുഷ്യന് നൽകിയ ആ അധികാരം ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ല.

സാത്താനെ ദൈവമെന്നും ലോകത്തിന്റെ ഭരണാധികാരിയെന്നും വേദപുസ്തകത്തിൽ പറയുമ്പോൾ ലോകമനുഷ്യൻ (വീും ജനിക്കാത്തവൻ) സാത്താനെ അനുഗമിക്കുന്നു എന്നുമാത്രമേ അർത്ഥമുള്ളു. ലോകമനുഷ്യൻ അറിഞ്ഞോ അറിയാതെയോ, സാത്താനേയും അവന്റെ പ്രവൃത്തികളേയും അനുഗമിക്കുന്നു. സാത്താനാണ് അവരുടെ ദൈവം.

## സാത്താന്റെ സ്ഥാവരവസ്തുക്കൾ വാഗ്ദാനം ചെയ്യപ്പെടുന്നുവോ? (Satan's Real-Eastate Offer?)

മരുഭൂമിയിൽ സാത്താൻ യേശുവിനെ പ്രലോഭിപ്പിച്ചത് മത്തായിയും ലൂക്കോസും അവരുടെ സുവിശേഷഭാഗങ്ങളിൽ വിവരിച്ചിട്ട്. ലൂക്കോസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരണത്തെ നമുക്ക് പഠനത്തിന് വിധേയമാക്കാം.

പിന്നെ പിശാചു അവനെ (യേശുവിനെ) മേലോട്ടുകൂട്ടിക്കൊുപോയി ലോകത്തിലെ സകലരാജ്യങ്ങളേയും ക്ഷണനേരത്തിൽ അവനുകാണിച്ചു. ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കുതരാം; അത് എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവന്നു ഞാൻ കൊടുക്കുന്നു. നീ എന്നെ നമസ്കരിച്ചാൽ അതെല്ലാം നിന്റെതാകും എന്നു അവനോടുപറഞ്ഞു. യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു (ലൂക്കോ 4:5-8).

ഈ സംഭവത്തിന്റ വെളിച്ചത്തിൽ ലോകത്തിലുള്ള സകലത്തിന്റേയും അധികാരം സാത്താന് ഉന്നൊണൊ, ആദാം സർവ്വഅധികാരവും സാത്താനു കൈമാറിയെന്നാണോ? ദൈവത്തിന് സാത്താന്റെ മേൽ യാതൊരു ശക്തിയും ഇല്ലെന്നാണോ? അല്ല, മറ്റു അനേകം സംഭവങ്ങൾ എടുത്തു കാട്ടുവാനു്.

ആദ്യമായി കള്ളന്റെ അപ്പൻ എന്ന് (യോഹ 8:44) യേശു സാത്താനെ വിളിച്ചതിനെ ആധാരമാക്കി ചിലർ ചമച്ച വേദപഠനം നാം വളരെ ജാഗ്രതയോടെ കാണണം. സാത്താൻ ചിലപ്പോൾ സത്യം പറയും, അപ്പോൾ നമുക്ക് വിദ്വേഷം ഉയർന്നു എന്നു വരാം കാരണം അത് ദൈവം പറഞ്ഞതിന് വിപരീതമായിരിക്കാം.

ദാനിയേലിന്റെ പുസ്തകത്തിലെ നാലാം അദ്ധ്യായത്തിൽ നെബുഖദ്നേസർ രാജാവിന്റെ പതനം നാം കാണുന്നു. നെബുഖദ്നേസൽ തന്റെ രാജകീയ അധികാരത്തിന്റെ പദവിയിൽ അഹന്തപൂ് ഇരിക്കുമ്പോൾ, തിരുമേനിയുടെ വാസം കാട്ടുമൃഗങ്ങളോടുകൂടെ ആയിരിക്കും, തിരുമേനിയെ കാളയെപ്പോലെ പുല്ലുതീറ്റും എന്ന് നെബുഖദ്നേസറിന്റെ സ്വപ്നത്തെ വ്യാഖ്യാനിച്ചുകൊ് ദാനിയേൽ പറഞ്ഞു. വാഴുന്നതു സ്വർഗ്ഗമാകുന്നു എന്നു തിരുമനസ്സുകൊ് ഗ്രഹിച്ചശേഷം രാജത്വം തിരുമേനിക്കു സ്ഥിരമാകും എന്നത്രേ (ദാനി 4:25). ഈ കഥയുമായി ബന്ധപ്പെട്ട ഈ പ്രഖ്യാപനം നാലുപ്രാവശ്യം നമുക്ക് കാണാം (ദാനി 4:17, 25, 32; 5:21).

അത്യുന്നതനാണ് മനുഷ്യരുടെ രാജ്യത്വത്തിന്മേൽ വാഴുന്നത്. ഇതിന്റെ അർത്ഥം ഭൂമിയുടെ നിയന്ത്രണം ദൈവകരങ്ങളിലാണെന്നല്ലേ?

ദാനിയേലിലൂടെ ദൈവം പറയുന്നത് യേശുവിനോടു ദൈവം പ റഞ്ഞതിന് നേർവിരുദ്ധമാണ്. മനഷ്യരുടെ രാജത്വത്തിന്മേൽ അത്യുന്നതനായവൻ വാഴുകയും അതിനെ ദൈവം തനിക്കു ബോധിച്ചവനു കൊടുക്കുകയും ചെയ്യും എന്ന് ദാനിയേലിലൂടെ ദൈവം നേബുഖദ്നേസറിനോടു പറഞ്ഞു (ദാനി 4:25) എന്നാൽ സാത്താൻ പറഞ്ഞു: അതു എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവനു ഞാൻ കൊടുക്കുന്നു (ലൂക്കോ 4:6).

നിങ്ങൾ ആരു പറഞ്ഞതുവിശ്വസിക്കും ദാനിയേലിലൂടെ ദൈവം പ റഞ്ഞത് വിശ്വസിക്കുമോ? അതോ യേശുവിനോടു സാത്താൻ പറഞ്ഞത്

വിശ്വസിക്കുമോ? എന്തായാലും ഞാൻ, ദാനിയേലിലുടെ ദൈവം പറഞ്ഞത് വിശ്വസിക്കുന്നു.

വ്യത്യസ്തമായ ഒരു ക്ഴ്ചപ്പാടിലൂടെ വീക്ഷിച്ചാൽ സാത്താൻ പ റഞ്ഞത് സത്യമാണെന്നു കാണാം.

സാത്താൻ ഈ ലോകത്തിന്റെ ദൈവമാണ്. എന്താണിതിന്റെ അർത്ഥം? സാത്താൻ ഇരുട്ടിന്റെ സാമ്രാജ്യത്തിന്റെ അധിപതിയാണ്. ദൈവത്തോടു മത്സരിച്ചുനിൽക്കുന്ന എല്ലാവരും സാത്താന്റെ സാമ്രാജ്യത്തിലെ പ്രജകളാണ്. വേദപുസ്തകം പറയുന്നു: സർവ്വലോകവും ദുഷ്ടന്റെ അധീനതിയിൽ കിടക്കുന്നു (1 യോഹ 5:19). തനിക്കിഷ്ടമുള്ളവർക്കു തന്റെ സാമ്രാജ്യത്തിന്റെ അധികാരം കൊടുക്കും എന്ന് സാത്താൻ പറഞ്ഞപ്പോൾ, തന്റെ അധികാരത്തിലുള്ള അന്ധകാരത്തിന്റെ സാമ്രാജ്യം അതായത് ലോകത്തെ ഭരിക്കുന്ന ഭൗമിക രാഷ്ട്രീയ ഭരണത്തിന്റെ അധികാരം കൊടുക്കുമെന്നാണ് സാത്താൻ പ റഞ്ഞത്. സാത്താന്റെ ഭരണാധികാരത്തിനു വിവിധപദവികളുള്ള അനേക ദു ഷ്ടാത്മസേനകളു്. അതിന്റെ ഭരണാധികാരി സാത്താനാണ്. അന്ധകാര ത്തിലെ ഭരണാധികാരിയായ സാത്താൻ യേശുവിനുവാഗ്ദത്തം ചെയ്തത് തനിക്ക് തൊട്ടുതാഴെയുള്ള പദവിയാണ്. സാത്താനെ വീണുനമസ്കരിക്കുക എന്ന ഒറ്റ വ്യവസ്തയാണ് സാത്താൻ ആവശ്യപ്പെട്ടത് സാത്താന്റെ പ രീക്ഷയെ യേശു വചനം കൊ് അതിജീവിച്ചു.

## ആരാണ് സാത്താന് അധികാരം കൊടുത്തത്?
## (Who Gave Satan His Authority)

ഈ അധികാരം ഒക്കേയും എനിക്ക് നല്കപ്പെട്ടിരിക്കുന്നു എന്ന് സാത്താൻ പറയുമ്പോൾ – ആരാണ് ഈ അധികാരം അവന് നൽകിയത്? സാത്താൻ കളവാണ് പറഞ്ഞത്. എന്നാൽ അവൻ പറഞ്ഞത് സത്യമാണെന്ന് നമുക്ക് വെറുതെ അനുമാനിക്കാം!

ആദം അധികാരം സാത്താന് കൈമാറിയെന്ന് ആദം പറഞ്ഞില്ല. ആദാമിന് ഇത് കൊടുക്കാൻ കഴിയുകയില്ല. കാരണം ഇത് ആദമിന് ലഭിച്ചിരുന്നില്ല. പക്ഷിമൃഗാദികളേയും, മത്സ്യങ്ങളേയും, ഇഴജന്തുക്കളേയും വാഴുവാനാണ് ദൈവം ആദമിന് അധികാരം നൽകിയത്, ഒരിക്കലും രാജ്യത്തെ വാഴുവാനല്ല. (ആദം തന്റെ പദവിയിൽനിന്നു വീഴുമ്പോൾ, മനുഷ്യന്റെ സാമ്രാജ്യം അന്നുായിരുന്നില്ല).

സാത്താൻ യേശുവിന് വാഗ്ദത്തം ചെയ്തസാമ്രാജ്യത്തിലെ പ്രജകൾ ദുഷ്ടാത്മാക്കളും, രക്ഷിക്കപ്പെടാത്ത ജനവുമായിരുന്നു. ഒരിക്കലും ആദാമിന് അത് സാത്താനെ ഏല്പിക്കാൻ കഴിയുകയില്ല, കാരണം ആദം സൃഷ്ടിക്കപ്പെടുന്നതിനുമുമ്പുതന്നെ വീണുപോയ ദൂതന്മാരുടെ ഭരണാധികാരി ആയിരുന്നു സാത്താൻ.

ദൈവത്തിന് കീഴടങ്ങാത്തവരുടെ എല്ലാം അധികാരം സാത്താനു ന ൽകപ്പെട്ടു എന്നു സാത്താൻ ധരിച്ചു.

ദൈവം സാത്താനു കൈമാറിയെന്നു കരുതുന്നതിനാണ് കൂടുതൽ സാധ്യത കാരണം വചനത്തിന്റെ വെളിച്ചത്തിൽ, ദൈവം സാത്താനോടു പ റഞ്ഞു: എനിക്ക് കീഴ്പ്പെടാത്തവരെയെല്ലാം ഭരിക്കുവാനുള്ള അവകാശം നിന ക്കും നിന്റെ സൈന്യത്തിനും ഞാൻ തരുന്നു. ഇത് നിങ്ങൾ ഉൾക്കൊള്ളുകയില്ലായെന്ന് അറിയാം എന്നാൽ സാത്താന്റെ അവകാശവാദത്തിന് കൂടുതൽ സാധ്യത ഇതിനുന്നെ് ബോധ്യമാകും. മനുഷ്യകുലത്തിന്റെ ഭരണാധികാരി ദൈവമാണെങ്കിൽ (ദാനി 4:25) മനുഷ്യന് മനുഷ്യന്റെ മേൽ എന്തെങ്കിലും അധികാരം ഉങ്കെിൽ അത് ദൈവം നൽകിയതുതന്നെയാണ്.

സാത്താൻ: വിപ്ലവത്തിന്റെ സാമ്രാജ്യം എന്നു വിളിക്കപ്പെടുന്ന ഇരുട്ടിന്റെ രാജ്യത്തിലെ ഭരണാധികാരിയാണ്. സാത്താൻ സ്വർഗ്ഗത്തിൽനിന്നും തള്ളപ്പെട്ടനാൾമുതൽ അതായത് ആദമിന്റെ വീഴ്ചക്കുമുമ്പുതന്നെ, അവൻ ഇരുട്ടിന്റെ സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്നു. ആദമിന്റെ വീഴ്ചക്ക് മുമ്പുവരെ അന്ധകാരത്തിന്റെ സാമ്രാജ്യത്തിൽ പോരാളികൾ ദൂതന്മാർ മാത്രമായിരുന്നു, എന്നാൽ ആദം പാപം ചെയ്തനാളുമുതൽ, ആദമും അതിക്രമത്തിന്റെ സാമ്രാജ്യത്തോടുചേർന്നു, തന്മൂലം സാത്താന്റെ സാമ്രാജ്യത്തിൽ അതിക്രമത്തിന്റെ ദൂതന്മാരും മനുഷ്യരും കൂട്ടുചേർന്നു.

ആദം സൃഷ്ടിക്കപ്പെടുന്നതിനുമുമ്പുതന്നെ സാത്താൻ അന്ധകാരത്തിന്റെ സാമ്രാജ്യത്തിലെ അധിപതി ആയിരുന്നു. അതുകൊ് ആദമിന്റെ വീഴ്ചയോടെ ആദമിനുായിരുന്നത് സാത്താൻ കരസ്ഥമാക്കിയെന്നുപറയാൻ സാധ്യമല്ല. ആദം പാപം ചെയ്തപ്പോൾ അവനും അതിക്രമത്തിന്റെ രാജ്യത്തോടുചേർന്നു, സാത്താനാൽ ഭരിക്കപ്പെട്ടു.

## മനുഷ്യന്റെ വീഴ്ചയിൽ ദൈവം പരിഭ്രമിച്ചുവോ?
## (Was God Susprised by the Fall?)

സാത്താനു നേട്ടം ലഭിച്ചു എന്ന സിദ്ധാന്തത്തെ പരിഗണിക്കുമ്പോൾ ദൈവത്തിനു പാളിച്ച പറ്റിയോ എന്നു സംശയിക്കുന്നവരു്. കാരണം തന്റെ സൃഷ്ടിയായ മനുഷ്യന് വേ സംരക്ഷണം കൊടുക്കാൻ ദൈവത്തനുകഴിഞ്ഞില്ല എന്നതാണ് ആരോപണം. സാത്താൻ, ആദം ഹവ്വമാരെ പരീക്ഷിച്ച് വീഴ്ത്തുമെന്ന് ദൈവത്തനു അറിവുള്ളതായിരുന്നില്ലേ? ദൈവം എല്ലാം അറിയുന്നവനല്ലേ? അതുകൊ് ഭാവിയിൽ സംഭവിക്കുവാൻ പോകുന്നതിനെക്കുറിച്ച് ദൈവത്തിന് അറിയുവാൻ കഴിയുകയില്ലെ? എപ്പോൾ എന്തുസംഭവിക്കുമെന്ന് ദൈവത്തിന് അറിവുായിരുന്നതുകൊാണ് അവനെ സൃഷ്ടിക്കുന്നതിനുമുമ്പുതന്നെ അവന്റെ വീഴ്ചയിൽനിന്ന് അവനെ മോചിപ്പിക്കുവാനുള്ള ഉപാധികൂടി ദൈവം മനുഷ്യനുവേി ഒരുക്കിയത് (മത്താ

25:34; അപ്ര: 2:2-23; 4:27-28; 1 കൊരി 2:7-8; എഫേ 3:8-11, 2 തിമോ 1: 810; വെളി 13: 8).

വീണുപോകുമെന്ന് കരുതി തന്നെയാണ് ദൈവം സാത്താനെ സൃഷ്ടിച്ചത്. വീഴ്ച ഭവിക്കുമെന്നു കരുതിയാണ് ദൈവം മനുഷ്യനെയും സൃഷ്ടിച്ചത്. സാത്താന് ദൈവത്തെ കബളിപ്പിച്ച്, സാത്താനില്ലാത്ത ഒന്ന് കരസ്ഥമാക്കാൻ സാദ്ധ്യമല്ല.

സാത്താൻ ഈ ലോകത്തിന്റെ ദൈവമായിരിക്കാൻ ദൈവം ആഗ്രഹിച്ചോ? അതെ, ദൈവത്തിന്റെ ദിവ്യമായ ഉദ്ദേശം പ പൂർത്തികരിക്കപ്പെടുന്നതുവരെ ദൈവം അത് ആഗ്രഹിച്ചു. ദൈവം അനുവദിച്ചില്ലായിരുന്നെങ്കിൽ സാത്താന് അത് ചെയ്യുവാൻ കഴിയുകയില്ലായിരുന്നു. വെളിപ്പാട് 20:1-2 പറയുന്നതുപോലെ ദൈവത്തിന് സാത്താനോടു ചെയ്യാമായിരുന്നു.

ആരും സാത്താന്റെ ഭരണത്തിൻകീഴിൽ ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാവരും രക്ഷിക്കപ്പെട്ട് സാത്താന്റെ ഭരണത്തിൽനിന്നു രക്ഷപ്പെടണമെന്നാണ് ദൈവത്തിന്റെ ഇച്ഛ (അപ്ര 26:18, കൊലോ 1:13; 1 തിമോ 2:3-4 2 പത്രോ 3:9) പക്ഷേ അന്ധകാരത്തെ സ്നേഹിക്കുന്നവരെ ഭരിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചിരിക്കുന്നു (യോഹ 3:19) അന്ധകാരത്തിൽ വസിക്കുന്നവർ നിരന്തരം ദൈവത്തോടുപോരാടുന്നു.

സാത്താന്റെ അന്ധകാര സാമ്രാജ്യത്തിൽനിന്നു ആളുകളെ രക്ഷപ്പെടുത്തുവാൻ നമുക്ക് കഴിയുമോ? തീർച്ചയായും കഴിയും. അവർക്കുവേ ി നാം പ്രാർത്ഥിച്ച് അനുതാപത്തിലേക്ക് നയിച്ച് രക്ഷയുടെ സുവിശേഷം അവരെ അറിയിച്ചാൽ മതി (യേശു നമ്മോടു കല്പിച്ചതുപോലെ). അവർ അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിച്ചാൽ തീർച്ചയായും സാത്താന്റെ അധികാരത്തിൽനിന്നും വിടുവിക്കപ്പെടും. നമുക്ക് പിശാചിന്റെ പ ിടിയിൽനിന്നും അവരെ വലിച്ചെടുക്കാൻ കഴിയുമെന്ന് വിശ്വസിക്കണം. അന്ധകാരത്തിൽതന്നെ തുടരാനാണ് അവർക്ക് ഇഷ്ടമെങ്കിൽ അതിന് ദൈവം അവരെ അനുവദിക്കും.

"ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും നിങ്ങളുടെ വചനങ്ങളെ കേൾക്കാതെയുമിരുന്നാൽ ആ വിടോ, പട്ടണമോ, വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളവിൻ" (മത്താ 10:4) യേശു തന്റെ ശിഷ്യന്മാരെ ഉപദേശിച്ചു. നിങ്ങൾ പട്ടണത്തിന്റെ മതിലുകളെ പൊളിച്ച് ജനത്തെ കൂട്ടമായി ചേർത്തു സുവിശേഷം സ്വീകരിക്കുവാൻ പ്രാപ്തരാക്കുക എന്ന് യേശു ശിഷ്യന്മാരോടു അരുളിചെയ്തില്ല. അനുതപിച്ച്, ദുഷ്ടന്റെ പിടിയിൽനിന്ന് രക്ഷ പ്രാപിക്കാൻ താത്പര്യമില്ലാത്തവരെ ദുഷ്ടന്റെ പിടിയിൽ തുടരാൻ ദൈവം അനുവദിക്കുന്നു.

**സാത്താന്റെ മേൽ ദൈവത്തിനുള്ള പരമാധികാരത്തിന്റെ തെളിവുകൾ**
**(Further Proof of God's Supreme Authority Over Satan)**

മനുഷ്യന്റെ വീഴ്ചയോടുകൂടി ദൈവത്തിന് സാത്താന്റെ മേലുള്ള അധികാരത്തിന്റെ നിയന്ത്രണത്തിന് അല്പം പോലും കുറവ് വന്നിട്ടില്ലായെന്ന് വചനം ധാരാളം തെളിവുകൾ തരുന്നു. സാത്താന്റെ മേൽ ദൈവത്തിന് പ ൂർണ്ണമായ അധികാരം ഉായിരുന്നെന്നും ഭാവിയിലും ഉായിരിക്കുമെന്നും വേദപുസ്തകം ആവർത്തിച്ചു ഉറപ്പുനൽകുന്നു. ദൈവം അനുവദിക്കുന്നത് മാത്രമെ സാത്താന് ചെയ്യുവാൻ കഴിയുകയുള്ളു. ഇതിനായി, പ ഴയനിയമത്തിലെ ചിലവിവരണങ്ങൾ നമുക്ക് പരിശോധിക്കാം.

സാത്താന്റെ മേൽ ദൈവത്തിനുള്ള അധികാരത്തെ വെളിപ്പെടുത്തുന്നതാണ് ഇയ്യോബിന്റെ പുസ്തകത്തിലെ ആദ്യത്തെ ര് അദ്ധ്യായങ്ങൾ. ഇയ്യോബിനെ കുറ്റം ആരോപിച്ചുകൊ് ദൈവത്തിന്റെ മുമ്പാകെ നില്ക്കുന്ന സാത്താനെ നമുക്ക് അവിടെ കാണാം. അന്ന് ഭൂമിയിൽ ജീവിച്ചിരുന്ന ഏതുവ്യക്തിയേക്കാളും അധികം ഇയ്യോബ് ദൈവത്തെ അനുസരിച്ചിരുന്നു. അതുകൊുതന്നെ സാത്താൻ അവന്റെ മേൽ കണ്ണുവച്ചിരുന്നു. സാത്താൻ ഇയ്യോബിന്റെമേൽ കണ്ണുവച്ചിരുന്നു എന്നു ദൈവം അറിഞ്ഞിരുന്നു (ഇയ്യോബ് 1:8,ചങ്കടആ യിലെ മാർജിൻ നോക്കുക) ഇയ്യോബിന്റെ മേൽ പകർന്നിരുന്ന അനുഗ്രഹമാണ് ഇയ്യോബ് ദൈവത്തെ ആരാധിക്കുവാൻ കാരണമെന്ന് സാത്താൻ ഗ്രഹിച്ചു (ഇയ്യോബ് 1: 9-12).

ഇയ്യോബിനും, അവന്റെ വീട്ടിനും, അവനുള്ള സകലത്തിനും ചുറ്റും ദൈവം വേലികെട്ടികാക്കുന്നു. അവന്റെ അനുഗ്രഹങ്ങളെ എടുത്തുകളഞ്ഞാൽ അവൻ ദൈവത്തെ തള്ളിപ്പറയുമെന്ന് സാത്താൻ പ റഞ്ഞു അങ്ങനെ ഇയ്യോബിനെ ദൈവം സാത്താന്റെ കയ്യിൽ ഏല്പിച്ചു. ആദ്യം ഇയ്യോബിന്റെ ശരീരത്ത് തൊടുവാൻ പോലും സാത്താന് കഴിഞ്ഞില്ല. ഇയ്യോബിന്റെ ശരീരത്തെ പീഡിപ്പിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചു എന്നാൽ അവന്റെ പ്രാണനെ മാത്രം തൊടരുതെന്ന് കല്പിച്ചു (ഇയ്യോബ് 2:5-6).

ഈ ഭാഗത്തുനിന്നും നാം എന്താണ് മനസ്സിലാക്കുന്നത്? സാത്താന് തോന്നിയതുപോലെ എന്തും ചെയ്യാനുള്ള അവകാശമില്ല. ദൈവം അനുവാദം നൽകുന്നുതുവരെ ഇയ്യോബിന്റെ ആരോഗ്യത്തെ ഇല്ലാതാക്കാൻ സാത്താന് കഴിഞ്ഞില്ല. സാത്താന് ഇയ്യോബിനെ കൊല്ലുവാൻ കഴിയുകയില്ല, കാരണം ദൈവം അതിന് അനുവാദം നൽകിയിട്ടില്ല.[87]

---

[87] . ചിലർ കരുതുന്നതുപോലെ, ഇയ്യോബ് സാത്താനുവേി ഭയത്തിലുടെ തന്റെ വാതിലുകൾ തുറന്നിട്ടുകൊടുത്തില്ല എന്ന വസ്തുതയ്ക്ക് ഈ ഭാഗം തെളിവുതരുന്നു. ഇയ്യോബിനെക്കുറിച്ച് ദൈവം തന്നെ സാത്താനോടുപറയുന്നു (ഇയ്യോ 2:3) ഇയ്യോബിന്റെ ഉറപ്പും ധൈര്യവും നമുക്കിവിടെ കാണാം. നീ എന്നെ കൊന്നാലും ഞാൻ നിന്നെ തള്ളിക്കളയുകയില്ല. എന്റെ ബുക്കിൽ (God's Tests pp.175-181) ഞാൻ അതു രേഖപ്പെടുത്തിയിട്ടു് അത് നിങ്ങൾക്ക് വെബ് സൈറ്റിൽ (www.shepherd

## ശൗലിന്റെ മേൽവന്ന അന്ധകാരശക്തി ദൈവത്തിൽനിന്നാണോ?
## (Saul's Evil Spirit "From God")

ദൈവം തന്റെ കോപം തീർക്കാൻ സാത്താന്റെ ദൂതന്മാരെ ഏജന്റ് ആയിഉപയോഗിച്ചതിന് പഴയനിയമത്തിൽ പല ഉദാഹരണങ്ങളും ചൂ ിക്കാണിക്കുവാനു്. 1 ശമു:16:14 ൽ നാം വായിക്കുന്നു: യഹോവയുടെ ആത്മാവ് ശൗലിനെ വിട്ടുമാറി: യഹോവ അയച്ച ഒരു ദുരാത്മാവ് അവനെ ബാധിച്ചു. അനുസരണം കെട്ടവനായ ശൗൽരാജാവിന്റെ മേൽ ദൈവത്തിന്റെ അനിഷ്ടം വെളിപ്പെട്ടതാണ് നാം കത്.

ദൈവത്തിൽനിന്ന് ഒരു ദുരാത്മാവോ? ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ ദൂരാത്മാവ് വസിക്കുന്നുവോ? സാത്താന്റെ ഒരു ദുരാത്മാവിനെ ദൈവം ശൗലിനെ ദണ്ഡിപ്പിക്കുവാൻ അനുവദിച്ചെന്നോ? ബൈബിൾ പ ഠിപ്പിക്കുന്നതിന്റെ പാശ്ചാത്തലത്തിൽ ഭൂരിപക്ഷം വിശ്വാസികളും രാമത്തെ സാധ്യതയെ അംഗീകരിക്കാനായിരിക്കും താത്പര്യം കാണിക്കുന്നത്. ദൈവത്തിൽനിന്നുള്ള ദൂരാത്മാവ് എന്ന് വചനം പറയാൻ കാരണം ശൗലിന്റെ മേലുള്ള ദൈവത്തിന്റെ ദിവ്യമായ നിയന്ത്രണത്തിന്റെ ഫലമാണ് ദൂരാത്മാവിന്റെ പീഢനം. ഇതിൽനിന്നും ദുരാത്മാക്കളെല്ലാം ദൈവത്തിന്റെ ദിവ്യമായ നിയന്ത്രണത്തിനുള്ളിലാണെന്നു മനസ്സിലാക്കാം.

ന്യായാധിപന്മാർ 9:23ൽ നാം വായിക്കുന്നു: അവരുടെ ദുഷ്പ്രവൃത്തികൾ നിമിത്തം അബിമേലെക്കിനും ശേഖേംനിവാസികൾക്കും ഇടയിൽ ദൈവം ഒരു ദുരാത്മാവിനെ അയച്ചു. അവരുടെ മേൽ ദോഷം വരുത്താൻ ഈ ദുരാത്മാവ് സ്വർഗ്ഗത്തിൽ നിന്നല്ല, സാത്താന്റെ സാമ്രാജ്യത്തിൽ നിന്നാണ് അയക്കപ്പെട്ടത്. ദൈവത്തിന്റെ അനുവാദം കൂടാതെ ഒരു ദുരാത്മാവിനും ആരുടെമേലും പ്രവർത്തിക്കുവാൻ കഴിയുകയില്ല. ഇത് സത്യമല്ലെങ്കിൽ, ദൈവം സർവ്വശക്തനല്ല. ഒരിക്കൽകൂടി നമുക്ക് വിശ്വസിക്കാം -ആദാമിന്റെ വീഴ്ചയിൽ ദൈവത്തിന്റെ അധികാരം നഷ്ടപ്പെടുകയോ, സാത്താന് ആ അധികാരം ലഭിക്കുകയോ ചെയ്തിട്ടില്ല.

## സാത്താന്റെ മേലുള്ള ദൈവിക അധികാരത്തിന് പുതിയ നിയമത്തിൽനിന്നുള്ള ഉദാഹരണങ്ങൾ
## (New Testament Examples of God's Power Over Satan)

സാത്താൻ ശക്തിപ്രാപിച്ചു എന്ന സിദ്ധാന്തത്തെ ഖണ്ഡിക്കുവാൻ പുതിയ നിയമത്തിൽ വേറെ തെളിവുകൾ ധാരാളമു്.

---

serve.org)വായിക്കാവുന്നതാണ്.

ഉദാഹരണമായി, ലൂക്കോ 9:1ൽ യേശു തന്റെ ശിഷ്യന്മാർക്ക് സാത്താന്റെ മേൽ അധികാരം കൊടുത്തു എന്നു പറയുന്നു. കൂടാതെ ലൂക്കോ 10:19ൽ യേശു പറഞ്ഞു: പാമ്പുകളേയും തേളുകളേയും ശത്രുവിന്റെ സകലബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയില്ല.

യേശു, സാത്താന്റെ മേൽ സകല അധികാരവും അവർക്കു നൽകണമെങ്കിൽ ആ അധികാരം യേശുവിൽ നിക്ഷിപ്തമായിരിക്കണം. സാത്താൻ ദൈവത്തിന്റെ അധികാരത്തിന്റെ കീഴിലാണ്.

ലൂക്കോസിന്റെ സുവിശേഷത്തിൽ യേശു പത്രോസിനോടു പറയുന്നു ശിമോനെ, ശീമോനെ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേതിന്നു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിന ക്കു വേി അപേക്ഷിച്ചു. ദൈവത്തിൽനിന്ന് അനുവാദം ലഭിക്കാതെ സാത്താന് പത്രോസിനെ പാറ്റിക്കളയുവാൻ സാധ്യമല്ല. കാരണം സാത്താൻ ദൈവത്തിന്റെ നിയന്ത്രണത്തിലാണ്.[88]

### സാത്താനെ ആയിരമാ് കാലത്തേക്ക് ബന്ധിക്കുന്നത്
### (Satan's Thousand-Year Prison Term)

സാത്താനെ ബന്ധിക്കുവാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ വന്നു എന്നു വെളിപ്പാടുപുസ്തകം 20–ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. എന്നാൽ ആദാം സാത്താന് അടിയറവെച്ച അധികാരം അന്ന് അവസാനിച്ചു എന്നു വചനത്തിൽ പറഞ്ഞിട്ടില്ല. സാത്താനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ജാതികളെ വഞ്ചിക്കാതിരിപ്പാൻ (വെളി 20:3).

സാത്താനെ ആയിരമാ് കഴിഞ്ഞ് അഴിച്ചുവിടുമ്പോൾ അവൻ ഭൂമിയുടെ നാലുദിക്കിലുള്ള ജാതികളായി ഉള്ളവരെ വശീകരിപ്പാൻ പ റുപ്പെടും (വെളി 20:8) വശീകരിക്കപ്പെട്ട ജാതികൾ ഒന്നിച്ചുകൂടി യേശു ഭരണാധികാരിയായുള്ള യറുശലേമിനെ ആക്രമിക്കും. അവർ യറുശലേമിനെ വളയുമ്പോൾ, സ്വർഗ്ഗത്തിൻനിന്ന് അഗ്നി ഇറങ്ങി അവരെ വിഴുങ്ങിക്കളയും (വെളി 20:9).

ദൈവത്തിന് സാത്താന്റെ മേൽ പൂർണ്ണ നിയ്ന്ത്രണമു്. ദൈവത്തിന്റെ ദിവ്യമായ ഉദ്ദേശത്തെ പൂർത്തീകരിക്കാൻ മാത്രമാണ് മറ്റുള്ളവരെ വശീകരിക്കാൻ ദൈവം സാത്താനെ അനുവദിക്കുന്നത്.

അടുത്ത ആയിരമാ് വാഴ്ചയുടെ കാലത്ത് സാത്താന് ആരേയും വഞ്ചിക്കാൻ കഴിയുകയില്ല, അവൻ പൂർണ്ണബന്ധനത്തിൽ ആയിരിക്കും. ഭൂമിയിൽ ജീവിച്ചിരിക്കുന്നവൻ ബാഹ്യമായി യേശുവിനോടു സ്നേഹം പ്രകടിപ്പിക്കുന്നവരും എന്നാൽ ആന്തരികമായി യേശു നിഷ്കാസനം

[88] . 1 കൊരി 10:13. നമുക്ക് കഴിയുന്നതിലും മീതെ ദൈവം നമുക്ക് പരീക്ഷകൾ തരുകയില്ല, പരീക്ഷയോടുകൂടി പോക്കുവഴിയും അവൻ തരുന്നു.

ചെയ്യപ്പെടണമെന്ന് ആഗ്രഹിക്കുന്നവരും ആയിരിക്കും. എന്നാൽ ഇരുമ്പുകോൽ കൊുമേയിക്കുന്നവനെ സ്ഥാനഭ്രഷ്ടനാക്കാൻ അവർക്കു കഴിയുകയില്ല (വെളി 19: 15).

എന്നാൽ സാത്താൻ മോചിതനാകുമ്പോൾ, യേശുവിനെ ഹൃദയത്തിൽ വെറുക്കുന്നവരെ സാത്താൻ വശീകരിക്കും. അവരുടെ പ രിശ്രമങ്ങൾ വിഭലമാകും. സാത്താൻ ഏവരേയും വഞ്ചിക്കും, ജനത്തിന്റെ മന സാക്ഷി വെളിപ്പെട്ടുവരും തന്മൂലം ദൈവം അവരെ നീതിയോടു വിധിക്കുകയും ചെയ്യും. ദൈവത്തിന്റെ രാജ്യത്തിനുയോഗ്യമല്ലാത്തവരെ ന്യായംവിധിക്കും.

ജനഹൃദയത്തെ വഞ്ചിക്കുവാൻ ദൈവം ഇന്ന് സാത്താനെ അനുവദിക്കുന്നതിന്റെ ഒരു കാരണം ഇതാണ്. എന്നാൽ ആരും സാത്താനാൽ വഞ്ചിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. തന്റെ ജനത്തിന്റെ ഹൃദയത്തെ അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു. സത്യം അറിഞ്ഞവരേയും വിശ്വസിക്കുന്നവരേയും സാത്താനു വഞ്ചിക്കുവാൻ കഴിയുകയില്ല. സത്യം അറിഞ്ഞിട്ടും അതിനെ ഉൾക്കൊള്ളാൻ മടികാണിക്കുന്നവരുടെ ഹൃദയത്തെ വഞ്ചിക്കുവാൻ ദൈവം പിശാചിനെ അനുവദിക്കുന്നു.

അന്തിക്രിസ്തുവിന്റെ സമയത്തെക്കുറിച്ചു പൗലോസ് എഴുതി.

''അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ച് കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധിവരേതിന് ദൈവം അവർക്കു ഭോഷ്ക്കുവിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു'' (2 തെസ് 2: 8-12).

ഭോഷ്കുവിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നത് ദൈവമാണ്. പിശാചിനാൽ വഞ്ചിക്കപ്പെടുന്ന ഈ വ്യക്തികൾ സത്യത്തിൽ വിശ്വസിക്കാത്തവരാണ്. അവർക്ക് വിശ്വസിക്കാൻ അവസരം ലഭിച്ചിട്ടും സുവിശേഷത്തെ ത്യജിക്കുന്നവരാണ്. അത്ഭുതങ്ങളും അയടാളങ്ങളും കാണിക്കുവാൻ തക്കവണ്ണം ദൈവം അന്തിക്രിസ്തുവിനു ശക്തി പകരും തന്മൂലം ക്രിസ്തുവിനെ ത്യജിക്കുന്നവരെല്ലാം വഞ്ചിക്കപ്പെടും. അവസാനം അവരെല്ലാം ന്യായവിധിയിൽ അകപ്പെടും. ന്യായവിധിയിൽ അകപ്പെടുത്തുക എന്നത് ദൈവത്തിന്റെ ഉദ്ദേശമായതുകൊ് ജനത്തെ വഞ്ചിക്കാൻ ദൈവം സാത്താനെ ഇന്നും അനുവദിക്കുന്നു.

സാത്താനെക്കുറിച്ച് ദൈവത്തിന് ഇങ്ങനെ ഒരു ഉദ്ദേശമില്ലായിരുന്നെങ്കിൽ, സാത്താൻ സ്വർഗ്ഗത്തിൽനിന്ന് വീണപ്പോൾതന്നെ, ദൈവം അവനെ തുരത്തി പ്രപഞ്ചത്തിന്റെ ഒരു മൂലയിൽ ഒതുക്കുമായിരുന്നു. 2 പത്രോസ് 2:4 പ്രകാരം, പാപം ചെയ്തചില ദൂതന്മാരെ ദൈവം ഇപ്പോൾതന്നെ അന്ധകാരത്തിന്റെ അറകളിൽ ന്യായവിധിക്കായി സൂക്ഷിച്ചിരിക്കുന്നു എന്നു പറയുന്നു. ഭൂമിയിൽ ദൈവഹിതപ്രകാരം തന്നെ പ്രവർത്തിച്ചുകൊിരിക്കുന്ന അന്ധകാര ശക്തികളെയെല്ലാം ദൈവം ന്യായം വിധിക്കുക തന്നെചെയ്യും.

## സാത്താൻ പീഡനത്തെ ഭയക്കുന്നു
## (The Demon's Fear of Torment)

ഈ വിഷയത്തെ നാം പഠനത്തിനുവിധേയമാക്കുമ്പോൾ, ഗദരദേശത്തെ ഭൂതബാധിതരുടെ കഥ ഉദാഹരണമായി എടുക്കുന്നത് നന്നായിരിക്കും.

അവൻ അക്കരെ ഗദരേനരുടെ ദേശത്തു എത്തിയാറെ രു ഭൂതഗ്രസ്തർ ശവക്കല്ലറകളിൽനിന്നു പുറപ്പെട്ടു അവന്നു എതിരെ വന്നു; അവർ അത്യുഗ്രന്മാർ ആയിരുന്നതുകൊ് ആർക്കും ആവഴി നടന്നുകൂടാഞ്ഞു. അവർ നിലവിളിച്ചു. ദൈവപുത്രാ, ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? സമയത്തിന്നുമുമ്പെ ഞങ്ങളെ ദണ്ഡിപ്പിപ്പാൻ ഇവിടെ വന്നുവോ എന്നു പറഞ്ഞു (മത്തായി 8:28–29).

ഈ കഥ ചിലരുടെ ആശയങ്ങളെ പ്രകാശിപ്പിക്കാൻ ഒരുപാധിയായി ഉപയോഗിക്കപ്പെടാറു്. ദുഷ്ടാത്മക്കൾ യേശുവിനോടു നീതിയാചിച്ചു. നിശ്ചിത സമയം ആകുന്നതിനുമുമ്പ് യേശുവിന് ദുരാത്മാക്കളെ പീഡിപ്പിക്കാൻ കഴിയുകയില്ലായെന്ന് ദൂരാത്മാക്കൾക്കറിയാം. സാത്താനും അവന്റെ ദൂതന്മാരും തീപ്പൊയ്കയിൽ രാപ്പകൽ ദണ്ഡിപ്പിക്കപ്പെടും എന്നാൽ അതിന് ഒരു സമയമു്.

എന്നാൽ വസ്തുത മറിച്ചാണ്. യേശുവിന് ദുരാത്മാക്കളെ എപ്പോൾ വേണമെങ്കിലും ദണ്ഡിപ്പിക്കാം; അതിനുള്ള അവകാശം യേശുവിനു്. ഇതറിയാമെന്നതുകൊാണ് ദുരാത്മാക്കൾ കരുണക്കായി യേശുവിനോട് യാചിച്ചത്. യേശു അവരെ വേഗത്തിൽ ദണ്ഡിപ്പിക്കുമെന്ന് ദൂരാത്മാക്കൾ ഭയപ്പെട്ടു. പാതാളത്തിലേക്കുപോകുവാൻ കല്പിക്കരുത് എന്നാണ് ദൂരാത്മാക്കൾ യേശുവിനോടുയാചിച്ചത് (ലൂക്കോ 8:31). പ്രത്യേകഅവകാശപത്രം കാണിച്ച് വാദിക്കുവാനുള്ള അവസരം സാത്താന് ഉായിരുന്നെങ്കിൽ, ദുഷ്ടാത്മാക്കൾ യേശുവിന്റെ ശാസന ശ്രദ്ധിക്കുകപോലും ചെയ്യുകയില്ലായിരുന്നു.

ഈ ദുരാത്മാക്കൾ യേശുവിന്റെ കരുണയാചിക്കുന്നു. നാട്ടിൽനിന്ന് തങ്ങളെ അയയ്ക്കരുതേയെന്ന് അവർ യാചിച്ചു (മർക്കോ 5:10) പന്നികളിൽ

കടക്കേതിന്നു അയയ്ക്കണമേ എന്നു അവർ യേശുവിനോട് അപേക്ഷിച്ചു (മർക്കോ 5:12) പാതാളത്തിലേക്കു പോകുവാൻ കല്പിക്കരുത് എന്ന് അവർ അവനോടുഅപേക്ഷിച്ചു (ലൂക്കോ 8:31), സമയത്തിനുമുമ്പ് അവരെ പ ീഡിപ്പിക്കരുതെന്ന് കേണപേക്ഷിച്ചു.

## കാഴ്ചപ്പാട് 4: സാത്താൻ ലോകത്തിന്റെ ദൈവം ആയതുകൊ് ഭൂമിയുടെ മേൽ, ഭരണത്തിനുമേൽ പ്രകൃതിക്ഷോഭത്തിനുമേൽ, കാലാവസ്ഥയുടെമേൽ, അവന് നിയന്ത്രണം ു്

### (Myth 4: "Satan, as the god of this world has control over everything on the earth, including human governments, natural disasters, and the weather")

അപ്പോസ്തലനായ പൗലോസ് സാത്താനെ, ഈ ലോകത്തിന്റെ ദൈവം എന്നാണ് പറഞ്ഞിരിക്കുന്നത് (2 കൊരി 4:4). ഈ ലോകത്തിന്റെ പ്രഭു എന്നാണ് യേശു സാത്താനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് (യോഹ 12:31; 14:30; 16:11). ഇതിന്റെ വെളിച്ചത്തിൽ ഭൂമിയുടെ സർവ്വാധികാരം സാത്താനാണെന്നാണ് ചിലർ കരുതുന്നത്. ഇത് തെറ്റാണെന്ന് സമർത്ഥിക്കുന്ന ചില വചനഭാഗങ്ങൾ നമുക്കറിയാമെങ്കിലും, സാത്താന്റെ ശക്തിയുടെ പരിമിധി എത്രയെന്ന് നാം പൂർണ്ണമായി നമസ്സിലാക്കിരിക്കണം. ഈ ലോകത്തിന്റെ ദൈവം, ഭരണാധികാരി എന്നൊക്കെ സാത്താനെക്കുറിച്ച് പരാമർശമുങ്കെിലും, അവൻ പടുത്തുയർത്തിരിരിക്കുന്ന ശക്തിയുടെ ആധികാരികതയെക്കുറിച്ച് നാം ബോധമുള്ളവരായിരിക്കണം.

സാത്താൻ ലോകത്തിന്റെ ഭരണാധികാരി എന്ന് യേശു പറഞ്ഞിട്ടു്, എന്നാൽ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ എന്നു പിതാവിനെക്കുറിച്ച് യേശു പറഞ്ഞിട്ടു് (മത്താ 11:25, ലൂക്കോ 10:21) യേശു പ റഞ്ഞതുപോലെതന്നെ അപ്പോസ്തലനായ പൗലോസും പറഞ്ഞിട്ടു്. ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊ് (അപ്ര 17:24) ഇതിൽനിന്നും സാത്താൻ ലോകത്തിന്റെ പൂർണ്ണ അധികാരിയാണെന്ന് നാം വിശ്വസിക്കരുതെന്ന് യേശുവും അപ്പോസ്തലനായ പൗലോസും നമ്മെ ഉത്ബോധിപ്പിക്കുന്നു. സാത്താന്റെ അധികാരത്തിന് പരിധി ു്.

ലോകം, ഭൂമി ഇത് വൈരുദ്ധ്യമുള്ള രുപദങ്ങളാണ്. നാം ഈ രു പ ദങ്ങളേയും സമാനതയോടെകാണുന്നു. എന്നാൽ ഗ്രീക്കു ഭാഷയിൽ ഈ പ ദങ്ങൾ രും തികച്ചും വ്യത്യസ്തമാണ്. ഈ വ്യത്യാസം നാം മനസ്സിലാക്കിയാൽ ദൈവത്തിന്റെയും സാത്താന്റേയും അധികാരത്തിന്റെ ആഴവും വ്യത്യാസവും നമുക്ക് നമസ്സിലാകും.

ഭൂമിയുടെ കർത്താവായിട്ടാണ് പിതാവായ ദൈവത്തെ യേശു നമുക്ക് വെളിപ്പെടുത്തിത്തരുന്നത്. ജീ *(ge)* എന്ന ഗ്രീക്കുപദത്തിന്റെ വിവർത്തനമാണ് ഭൂമി *(Earth)*. ഇത് നാം വസിക്കുന്ന ഭൂമണ്ഡലമാണ്. ഇതിൽനിന്നാണ് ജിയോഗ്രഫി *(Geography)* എന്ന ഇംഗ്ലീഷ് പദം ഉായത്.

ഇതുപോലെ സാത്താനാണ് ലോകത്തിന്റെ പ്രഭു എന്ന് യേശു പറഞ്ഞു. കോസ്മോസ് (World) എന്ന ഗ്രീക്കുപദമാണ് ലോകം എന്ന് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. ഭൂമണ്ഡലമല്ല ഭൂമിയിൽ അധിവസിക്കുന്ന ജനം എന്നാണ് ഇതിന്റെ ആശയം. അതുകൊണ്ട് ഈ ലോകത്തിന്റെ ദൈവം എന്നു വിശ്വാസികൾ സാത്താനെക്കുറിച്ച് പറയുന്നത്.

ഇന്ന് ദൈവത്തിന് ലോകത്തിന്റെ മേൽ പൂർണ്ണനിയന്ത്രണമില്ല കാരണം ഭൂമിയിലുള്ള എല്ലാ മനുഷ്യരുടേയും നിയന്ത്രണം ദൈവത്തിനില്ല. അതുകൊണ്ട് ഭൂമിയിലുള്ളവർക്ക് തന്റെ യജമാനനെ തിരഞ്ഞെടുക്കുവാനുള്ള അധികാരം ദൈവം കൊടുത്തിരിക്കുന്നത്. ഭൂരിഭാഗം ആളുകളും സാത്താനെ അവരുടെ യജമായനായി തിരഞ്ഞെടുത്തിരിക്കുകയാണ്. മനുഷ്യന്റെ ഇച്ഛ എന്താണോ അതിനെ ദൈവം പൂർണ്ണമായി അംഗീകരിച്ചിരിക്കുകയാണ്. അത് ദൈവത്തിന്റെ പദ്ധതി ആയിത്തീർന്നിരിക്കുന്നു.

അപ്പോസ്തലനായ പൗലോസ്, ലോകത്തിനെ പരാമർശിക്കുന്നത് വ്യത്യസ്തമായ ഒരുവാക്കുകൊണ്ട്. അയ്ഓൺ (അശീ) അയ്ഓൺ എന്നവാക്ക് ഏയ്ജ് (Age) എന്ന് വിവർത്തനം ചെയ്യപ്പെട്ടിട്ട്, ഇതിന്റെ അർത്ഥം സമയത്തിന്റെ ഒരു നിശ്ചിത ഭാഗം എന്നാണ്. ഈ നിശ്ചിതസമയത്തിന്റെ പ്രഭുമാണ് സാത്താൻ. ഇതിന്റെയെല്ലാം അർത്ഥമെന്താണ്? നാം വസിക്കുന്ന ഒരു ഭൗതികമണ്ഡലമാണ് ഭൂമി. ലോകമെന്നാൽ യേശുവിനെ അറിയാതെ ഭൂമിയിൽ പാർക്കുന്നവരുടെ കൂട്ടമാണ്. അവർ സാത്താനെ സേവിക്കുകയും, സാത്താന്റെ പാപത്തിന്റെ വൈകൃതാവസ്ഥയിൽ ബന്ധിക്കപ്പെട്ടിവരുമാണ്. നാം രക്ഷിക്കപ്പെട്ടവർ – ലോകത്തിൽ ഉള്ളവരാണ്, എന്നാൽ ലോകത്തിന് ഉള്ളവരല്ല (യോഹ 17:11, 14). ഇരുട്ടിന്റെ സാമ്രാജ്യത്തിലെ പൗരന്മാരോടൊപ്പം നാമും ആയിരിക്കുന്നു, എന്നാൽ നാം വെളിച്ചത്തിന്റെ രാജ്യത്തിൽ ദൈവത്തിന്റെ പ്രജകളായി ജീവിക്കുന്നു.

ഭൂമിയെ പൂർണ്ണമായും ദിവ്യശക്തിയാൽ ദൈവം നിയന്ത്രിക്കുന്നു. സാത്താൻ ദൈവത്തിന്റെ അനുവാദത്തോടെ ഇരുട്ടിന്റെ സാമ്രാജ്യത്തിലുള്ള പൗരന്മാരെ ലോകത്തിന്റെ വ്യവസ്തയിലൂടെ ഭരിക്കുന്നു. ഇക്കാരണത്താലാണ് അപ്പോസ്തലനായ യോഹന്നാൻ എഴുതി സർവ്വലോകവും (സർവ്വഭൂമിയല്ല) ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു (1 യോഹ 5:19).

ദൈവത്തിന് ലോകത്തിന്റെ മേലോ, വ്യക്തികളുടെ മേലോ, ലോകവ്യവസ്ഥയുടെ മേലോ അധികാരമില്ല എന്നു പറയുകയല്ല. ദാനിയേൽ പറഞ്ഞതുപോലെ അത്യുന്നതനായവൻ സർവ്വലോകത്തിന്റേയും അധികാരിയാണ് അവൻ അതിനെ തനിക്കു ബോധിച്ചവന്നു കൊടുക്കും (ദാന 1 4:25). ദൈവത്തിന് തന്റെ ഇച്ഛയനുസരിച്ച് ഒരുവനെ ഉയർത്താനും

താഴ്ത്താനും കഴിയും. മനുഷ്യവർഗ്ഗത്തിന്റെ പരമാധികാരി എന്ന രീതിയിൽ ദൈവത്തോടു മത്സരിച്ചുനിൽക്കുന്ന മനുഷ്യവർഗ്ഗത്തെ ഭരിക്കുവാനുള്ള അധികാരം ദൈവം സാത്താന് നൽകിയിട്ട്.

### സാത്താന്റെ വാഗ്ദാനം പരിഗണിക്കപ്പെട്ടു
### (Satan's Offer Considered)

ലോകവും ഭൂമിയും തമ്മിലുള്ള വ്യത്യാസം മരുഭൂമിയിൽ യേശുവിനു ായ പരീക്ഷയേക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. സാത്താൻ യേശുവിനെ ഉയർന്നൊരു മലയുടെ മുകളിൽ കയറ്റിക്കൊുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളേയും അവയുടെ മഹത്വത്തേയും കാണിച്ചു. പ്രധാനമന്ത്രി, പ്രസിഡന്റ് മുതലായ രാഷ്ട്രീയചുമതലയുടെ പ രമാധികാരം പിശാച് യേശുവിന് വാഗ്ദാനം ചെയ്തില്ല കാരണം ഭൂമിയിലെ ഭരണകർത്താക്കളെ ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യുന്നത് സാത്താനല്ല, ദൈവമാണ്, കാരണം പരമാധികാരി ദൈവമാണ്.

സാത്താൻ യേശുവിനു കാട്ടികൊടുത്തത് അവന്റെ സാമ്രാജ്യം അതായത് അന്ധകാരത്തിന്റെ സാമ്രാജ്യം, അവിടെ പാരമ്പര്യമുള്ള പല അന്ധകാരശക്തികളും, ദൈവത്തോടു മത്സരിക്കുന്ന മനുഷ്യപ്രജകളും ഉള്ള സാമ്രാജ്യമാണ്. ദൈവത്തോടു മത്സരിക്കാൻ യേശു തയ്യാറായിരുന്നെങ്കിൽ സാത്താന്റെ ഈ ഭരണാധികാരമാണ് സാത്താൻ യേശുവിന് വാഗ്ദാനം ചെയ്തത്. തന്മൂലം യേശു അന്ധകാരത്തിന്റെ സാമ്രാജ്യത്തിലെ രാമത്തെ സർവ്വാധികാരി ആകുമായിരുന്നു.

### ഭൂമിയിലെ മാനുഷിക ഗവൺമെന്റിന്റെ മേലുള്ള ദൈവിക നിയന്ത്രണം
### (God's Control over Earthly, Human Governments)

വചനപ്രകാരം മാനുഷിക ഗവൺമെന്റിന്റെ മേലുള്ള ദൈവിക അധികാരവും സാത്താന്റെ അധികാരത്തിന്റെ പരിധിയും എത്രയെന്ന് നമുക്ക് നോക്കാം. മാനുഷിക ഗവൺമെന്റിന്റെ മേൽ സാത്താന് നാമമാത്രമായ അധികാരമേയുള്ള. അതായത് രക്ഷിക്കപ്പെടാത്തവരുടെ മേലുള്ള അധികാരം. മിക്കവാറും ഭരണാധികാരികൾ രക്ഷിക്കപ്പെടാത്തവരാണ്. എന്നാൽ ഗവൺമെന്റിന്റെ പൂർണ്ണ അധികാരം ദൈവത്തിനാണ്. ദൈവം അനുവദിക്കുന്ന പ്രകാരം സാത്താനും അതിൽ അധികാരം ചെലുത്താം എന്നേയുള്ള.

നെബുഖ്ദ്നേസ്സർ രാജാവിനോടു ദാനിയേൽ പറഞ്ഞ പ്രസ്താവന നാം കേട്ടു. ഒരിക്കൽ കൂടി നമുക്ക് അതിലേക്കു പോകാം.

നെബുഖ്ദനേസറിന്റെ പ്രൗഢിയും പദവിയും അവനിൽ അനീതിയുടേയും അഹന്തയുടേയും അലകൾ ഉയർത്തി. ദൈവം മനുഷ്യന്റെ രാജ്യത്വത്തിന്മേൽ വാഴുകയും അതിനെ തനിക്കുബോധിച്ചവന്നു

കൊടുക്കയും മനുഷ്യരിൽ അധമനായവനെ അതിന്മേൽ വാഴിക്കുകയും ചെയ്യുന്നു എന്ന് പഠിപ്പിക്കേതിന് ദൈവം നെബുഖ്ദ്നേസ്സറിന്റെ രാജത്വം എടുത്തുകളഞ്ഞു (ദാനി: 4:17). അതുപോലെതന്നെ, രാഷ്ട്രീയഅധികാരത്തിൽ ഉയർന്നുവരാൻ ദൈവം അവരെസഹായിച്ചു. ലോകത്തുള്ള ഏതുനേതാക്കളെ സംബന്ധിച്ചിടത്തോളവും ഇതുസത്യമാണ്. ഭൂമിയിലുള്ള ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം പൗലോസ് പ റഞ്ഞത് ശ്രദ്ധിക്കുക ഏതുമനുഷ്യനും ശ്രേഷ്ടാധികാരങ്ങൾക്കു കീഴടങ്ങട്ടെ, ദൈവത്താലല്ലാതെ ഒരധികാരുമില്ലല്ലോ, ഉള്ള അധികാരങ്ങളും ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു (റോമ 13:1).

ദൈവമാണ് അഖിലാണ്ഡത്തിന്റെ പരമാധികാരി. ആർക്കെങ്കിലും എന്തെങ്കിലും അധികാരം ലഭിച്ചിട്ടുങ്കെിൽ അത് ദൈവം അവർക്ക് നൽകിയതുമാത്രമാണ്.

എന്നാൽ സാത്താന്റെ അധികാരികളെ സംബന്ധിച്ചിടത്തോളം അവസ്ഥഎന്താണ്? അവരേയും ദൈവമാണ് സ്ഥാപിച്ചിരിക്കുന്നതെന്നാണോ പൗലോസ് പറയുന്നത്? അതേ, അങ്ങനെതന്നെ. ഇതേ ലേഖനത്തിൽ പ ൗലോസ് എഴുതി ഇതിന്നായിട്ടുതന്നെ ഞാൻ നിന്നെ നിർത്തിയിരിക്കുന്നതു, നിന്നിൽ എന്റെ ശക്തികാണിക്കേതിന്നും എന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവിക്കപ്പെടേതിന്നും തന്നേ (റോമ 9:17) കഠിനഹൃദയനായ ഫറവോനെ ദൈവം ഉയർത്തിയത് ദൈവത്തെ പ ുകഴ്ത്താനാണ്. ദൈവത്തിന്റെ അധികാരം മോശയിൽ വെളിപ്പെട്ടപ്പോൾ യിസ്രായേൽ ജനത്തിന് അത് വിടുതലായിമാറി. അത്ഭുതങ്ങളിലുടേയും വീര്യപ്രവർത്തിയിലുടേയും ദൈവം തന്റെ ശക്തി വെളിപ്പെടുത്തുന്നു. താൻ തെരഞ്ഞെടുത്ത വ്യക്തിയെ ദൈവം ഉറപ്പോടെ നിലനിർത്തും.

പീലാത്തോസുമായിട്ടുള്ള യേശുവിന്റെ സംഭാഷണത്തിലും ഈ വസ്തുത വ്യക്തമായി കാണാം. പീലാത്തോസ് യേശുവിനോടു ചേദിച്ചു: നീ എന്നോടു സംസാരിക്കുന്നില്ലയോ? എനിക്ക് നിന്നെ ക്രൂശിപ്പാൻ അധികാരമു ന്നും, നിന്നെ വിട്ടയപ്പാൻ അധികാരം ഉന്നെും നീ അറിയുന്നില്ലയോ എന്നു ചോദിച്ചു (യോഹ 19:10).

യേശു മറുപടി പറഞ്ഞു: മേലിൽ നിന്നു നിനക്കു കിട്ടീട്ടില്ല എങ്കിൽ എന്റെ മേൽ നിനക്കു ഒരധികാരവും ഉാകയില്ലായിരുന്നു (യോഹ 19:11) പ ീലാത്തോസിന്റെ ഭീരുത്വഭാവം അറിഞ്ഞ ദൈവം, യേശുവിന്റെ മരണവിധി പ്രഖ്യാപിക്കുവാൻ പീലാത്തോസിനെ ആ പദവിയിൽ ഉയർത്തി.

അർഹിക്കപ്പെട്ട ആളുകളുടെ മേൽ ശിക്ഷ നടപ്പാക്കാൻ ദൈവം ചില ദുഷ്ട ഭരണാധികാരികളെ നിലനിർത്താറു്. പഴയനിയമത്തിൽ അനേക തെളിവുകൾ നമുക്ക് കാണുവാൻ കഴിയും. പഴയനിയമകാലത്ത് അനേകദേശങ്ങളുടെ മേൽ ദൈവത്തിന്റെ വിധി വെളിപ്പെടുത്താൻ ദൈവം നെബുഖ്ദ്നേസ്സർ രാജാവിനെ ഉപയോഗിച്ചതായി കാണാൻ കഴിയും.

ദൈവം ഉയർത്തുകയും താഴ്ത്തുകയും ചെയ്ത അനവധി ഭരണാധികാരികളെ നമുക്ക് വചനത്തിൽ കാണാവുന്നതാണ്. ഹേരോദാവു രാജവസ്ത്രം ധരിച്ചു ഭദ്രാസനത്തിൽ ഇരുന്നു പ്രജകളോടു പ്രസംഗിച്ചു. ഇതു മനുഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ ശബ്ദം അത്രേ, എന്നു ജനം ആർത്തു (അപ്ര 12:22).

അതിന്റെ ഫലം എന്തായിരുന്നു? അവൻ ദൈവത്തിനുമഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു (അപ്ര 12:23).

ഹേരോദാവു സാത്താന്റെ സാമ്രാജ്യത്തിലെ ഒരു പ്രജ ആയിരുന്നു, അവൻ ദൈവത്തിന്റെ അധികാരപരിധിയിലുള്ളവൻ ആയിരുന്നു. ദൈവത്തിന് ലോകത്തിലുള്ള ഏതുനേതാക്കന്മാരേയും താഴ്ത്തുവാൻ കഴിയും.[89]

## ദൈവത്തിന്റെ സാക്ഷ്യം
## (God's Personal Testimony)

പ്രവാചകനായ യിരമ്യാവിലുടെ ദൈവം തന്നെ തന്റെ പ രമാധികാരത്തെക്കുറിച്ച് സംസാരിച്ചത് നമുക്ക് വായിക്കാം.

യിസ്രായേൽ ഗൃഹമേ, ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിങ്ങളോടു ചെയ്‌വാൻ കഴികയില്ലയോ എന്നു യഹോവയുടെ അരുളപ്പാടു: യിസ്രയേൽ ഗൃഹമേ, കളിമണ്ണു കുശവന്റെ കയ്യിൽ ഇരിക്കുന്നതുപോലെ നിങ്ങൾ എന്റെ കയ്യിൽ ഇരിക്കുന്നു. ഞാൻ ഒരു ജാതിയെക്കുറിച്ചോ ഒരു രാജ്യത്തെക്കുറിച്ചോ അതിനെ പറിച്ചു ഇടിച്ചു നശിപ്പിച്ചുകളയും എന്നു അരുളിചെയ്തിട്ട് ഞാൻ അങ്ങനെ അരുളിചെയ്തജാതി തന്റെ ദുഷ്ടതവിട്ടു തിരിയുന്നുവെങ്കിൽ അതിനോടു ചെയ്‌വാൻ നിരൂപിച്ച ദോഷത്തെക്കുറിച്ചു ഞാൻ അനുതപിക്കും. ഒരു ജാതിയെക്കുറിച്ചോ, രാജ്യത്തെക്കുറിച്ചോ ഞാൻ അതിനെപണികയും നടുകയുംചെയ്യും എന്നു അരുളിച്ചെയ്തിട്ടു അതു എന്റെ വാക്കുകേട്ടനുസരിക്കാതെ എനിക്കു അനിഷ്ടമായുള്ളതുചെയ്യുന്നുവെങ്കിൽ അവർക്ക് വരുത്തുമെന്നു അരുളിച്ചെയ്ത നന്മയെക്കുറിച്ചു ഞാൻ അനുതപിക്കും (യിര 18:6-10).

89 . ഭരണാധികാരികൾക്കു വേി പ്രാർത്ഥിക്കരുത്, ഇലക്ഷന് വോട്ടുചെയ്യരുത്, കാരണം നമ്മുടെ മേൽ ഭരണം നടത്തേത് ആരെന്ന് ദൈവത്തിനറിയാം. അതുകൊ് നാം ഇതിലൊന്നും ഇടപെടാ എന്നാണോ ഇതിന്റെ അർത്ഥം? അല്ല, ജനാധിപത്യരാഷ്ട്രത്തിൽ നമുക്ക് വോട്ടുചെയ്യാൻ അവകാശമു്. ദുഷ്ടന്മാർ ദുഷ്ടന്മാർക്ക് വോട്ടുചെയ്യും. നമ്മുടെ നേതൃത്വത്തിനുവേി പ്രാർത്ഥിക്കണമെന്ന് പഴയ നിയമത്തിലും പുതിയനിയമത്തിലും നിർദ്ദേശമു് (യിര 29:7, 1 തിമോ 2:14) നമ്മുടെ പ്രാർത്ഥന അനുസരിച്ച് ദൈവം അനുകൂലമായ നേതാക്കന്മാരെ അധികാരത്തിൽവയ്ക്കും. ദുഷ്ടന്മാരുടെ കയ്യിൽ ഭരണചുമതല ദൈവം ഏല്പിക്കാറു്, അത് ദൈവത്തിന്റെ ഒരു ന്യായവിധിയാണ്. ദൈവത്തിൽനിന്ന് കരുണയ്ക്ക് യാചിക്കുകയാണ് നാം ചെയ്യേത് തന്മൂലം നമ്മുടെ ദേശത്തിന് കരുണലഭിക്കും.

മരുഭൂമിയിൽ യേശുവിനെ പരീക്ഷിച്ച സാത്താന് നിയമപരമായി യേശുവിന് നൽകാൻ എന്തെങ്കിലും ഉായിരുന്നോ? അതായത് ഭൂമി, മനുഷ്യൻ രാജ്യങ്ങൾ ഇവ എന്തെങ്കിലും? അവൻ പറഞ്ഞതു സത്യമാണെങ്കിൽ (ചിലപ്പോൾ അവൻ ചെയ്യുന്നതുപോലെ) യേശുവിനുവേി അവനുചെയ്യാൻ കഴിയുന്ന ഒറ്റക്കാര്യം അന്ധകാരത്തിന്മേൽ അവനുള്ള അവകാശം യേശുവിനു കൈമാറുക. അത്രതന്നെ.

മനുഷ്യന്റെ ഭരണകൂടത്തിന്മേൽ സാത്താന് അധികാരമുോ? ഉ്. അവൻ രക്ഷിക്കപ്പെടാത്തവരുടെ ദൈവമാണ്. ഭരണത്തെ നിയന്ത്രിക്കുന്നത് രക്ഷിക്കപ്പെടാത്തവരുടെ കൂട്ടമാണ്. ദൈവം അനുവദിച്ചാൽ മാത്രമെ പ ിശാചിന് ഭരണകുടത്തിനുമേൽ ആധിപത്യം സ്ഥാപിക്കാൻ കഴിയുകയുള്ളു. ദൈവത്തിനു ഏതുനിമിഷവും സാത്താന്റെ സ്വാധീനത്തെ ഇല്ലാതാക്കാൻ കഴിയും. യേശുക്രിസ്തു ഭൂരാജാക്കന്മാർക്ക് അധിപതിയാണ് (വെളി 1:5).

## സാത്താന് പ്രകൃതിക്ഷോഭം ഉാക്കാനും അന്തരീക്ഷത്തെ നിയന്ത്രിക്കാനും കഴിയുമോ?
## (Does Satan Cause Natural Disasters and Adverse Weather)

''സാത്താൻ ഈ ലോകത്തിന്റെ പ്രഭു'' ആയതുകൊ് അവൻ അ ന്തരീക്ഷത്തെ നിയന്ത്രിക്കുകയും വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, ഭൂമികുലുക്കംമുതലായ പ്രകൃതിക്ഷോഭത്തെ ഉാക്കാൻ കഴിയുമെന്ന് ചിലർ കരുതുന്നു. എന്നാൽ വചനം നമ്മെ പഠിപ്പിക്കുന്നത് ഇതാണോ? അറുപ്പാനും മുടിപ്പാനും മോഷ്ടിക്കാനും അല്ലാതെ കള്ളൻ വരുന്നില്ല (യോഹ 10:10). ഈ വചനത്തെചുറ്റിപ്പറ്റി സാത്താനെക്കുറിച്ചുള്ള പഠനം ഒതുക്കിനിർത്തരുത്. മോഷണം, മരണം, നാശം തുടങ്ങി എന്തുവന്നാലും അതിന്റെ ഉത്തരവാദിത്വം സാത്താനിൽ ആരോപിക്കുന്ന അനേകരെ എനിക്കറിയാം. തിരുവചനം നന്നായി പഠിച്ചാൽ, ചിലപ്പോൾ, ദൈവം തന്നെ ചിലരെ നശിപ്പിച്ചതായി നമുക്ക് കാണാം.

ചില ഉദാഹരണങ്ങൾ നമുക്ക് നോക്കാം

ന്യായപ്രമാണകർത്താവും ന്യായാധിപതിയും ഒരുവനേയുള്ളു, രക്ഷിപ്പാനും നശിപ്പിപ്പാനും ശക്തരായവൻ തന്നേ (യാക്കോ 4:12).

''ആരെ ഭയപ്പേടേണം എന്നു ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. കൊന്നിട്ടുന രകത്തിൽ തള്ളിക്കളവാൻ അധികാരം ഉള്ളവനെ ഭയപ്പെടുവിൻ. അതെ അവനെ ഭയപ്പെടുവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (ലൂക്കോ: 12:5).

ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേ, ദേഹിയേയും ദേഹത്തേയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ (മത്താ 10:28).

കൊല്ലുക, നശിപ്പിക്കുക ഇത്യാദി കാര്യങ്ങൾ ചെയ്യുന്നത് സാത്താൻ മാത്രമാണ് എന്ന് കരുതിയാൽ നമുക്ക് തെറ്റുപറ്റി. ദൈവം കൊല്ലുകയും നശിപ്പിക്കുകയും ചെയ്തതിന്റെ അനേക ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ നമുക്ക് കാണാൻ കഴിയും.

നമുക്ക് നമ്മോടുതന്നെ ചോദിക്കാം; അറുക്കുവാനും, മുടിക്കുവാനും, കൊല്ലുവാനും കടന്നുവന്ന സാത്താനെക്കുറിച്ച് യേശു സംസാരിച്ചപ്പോൾ, യഥാർത്ഥത്തിൽ യേശു സാത്താനെക്കുറിച്ചാണോ സംസാരിച്ചത്? സന്ദർഭത്തിൽ ഊന്നി ആ വചനഭാഗം വായിക്കുക. ആ വാക്യത്തിന് മുമ്പുള്ള വാക്യത്തിൽ യേശുപറയുന്നത് ശ്രദ്ധിക്കുക, കള്ളൻവരുന്നത് അറുക്കുവാനും കൊല്ലുവാനും മുടിക്കുവാനുമാണ്. യേശു പറയുന്നു, എനിക്കുമുമ്പെ വന്നവർ ഒക്കെയും കള്ളന്മാരും, കവർച്ചക്കാരും അത്രേ; ആടുകളോ അവരുടെ വാക്കുകേട്ടില്ല (യോഹ 10:8). യോഹന്നാൻ 10:1–15 വരെയുള്ള യേശുവിന്റെ സംഭാഷണത്തിൽ താൻ നല്ല ഇടയനാണെന്നും, കള്ളൻ എന്നത്കൊ് ഉദ്ദേശിച്ചത് മതനേതാക്കന്മാരും, കള്ള ഉപദേഷ്ടാക്കന്മാരും ആണെന്നും കാണാം.

## പ്രതികൂലകാലാവസ്ഥയേയും, പ്രകൃതിക്ഷോഭത്തേയും കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകൾ (Various Views of Adverse Weather and Natural Diasters)

ചുഴലിക്കാറ്റോ, ഭൂകമ്പമോ ഉാകുമ്പോൾ ദൈവവിശ്വാസിയായ ഒരുവനിൽ വേദശാസ്ത്രപരമായ ഒരു ചോദ്യം ഉദിക്കും – ആരാണ് ഇതിന്റെ പിന്നിൽ? ഒരു വിശ്വാസിക്കു ര് ഉത്തരമേ ഉള്ളു. ഒന്നുകിൽ ദൈവം അല്ലെങ്കിൽ സാത്താൻ.

ചിലർ പ്രതിഷേധിക്കും. അരുത്, ദൈവത്തെ കുറ്റം പറയരുത്. മനുഷ്യനെകുറ്റം പറഞ്ഞാൽമതി. മനുഷ്യന്റെ പാപത്തിന് ദൈവം അയച്ച ന്യായവിധിയാണ് ഇത്. മനുഷ്യനെ ന്യായംവിധിക്കാൻ ഈ ചുഴലിക്കാറ്റും ഭൂമികുലുക്കവും ദൈവമാണ് ഉാക്കിയതെങ്കിൽ ദൈവത്തേക്കാൾ അതിനുകാരണക്കാരായ മനുഷ്യൻ ആ കുറ്റം പേറണം, എന്നാലും ഉത്തവാദിത്വത്തിൽനിന്നും ദൈവത്തിനു ഒഴിഞ്ഞുനില്ക്കുവാൻ കഴിയുകയില്ല കാരണം പ്രകൃതിക്ഷോഭങ്ങൾ ദൈവം അറിയാതെ ഉാകുകയില്ല.

പാപികളുടെ മേൽ ശിക്ഷാവിധി എന്നോണം ദൈവത്തിന്റെ ന്യായവിധിയായിചുഴലിക്കാറ്റും ഭൂകമ്പവും ഉാക്കാൻ ദൈവം സാത്താനെ അനുവദിച്ചാലും ഉത്തരവാദിത്വം ദൈവത്തിനുതന്നെയാണ്. കാരണം ദൈവമാണ് സാത്താനെ ഈ വിപത്തുാക്കാൻ അനുവദിച്ചത്, ഈ വിപത്തോ മനുഷ്യന്റെ പാപത്തിന് ദൈവം കൊടുത്ത പ്രതികരണമാണ്.

എന്നാൽ ഈ ചുഴലിക്കാറ്റിനും ഭൂകമ്പത്തിനും കാരണക്കാർ ദൈവമോ സാത്താനോ അല്ല എന്ന് ചിലർ വിശ്വസിക്കുന്നു. പാപപങ്കിലമായ

ഈ ലോകത്തിലെ ഒരു സാധാരണ പ്രതിഭാസമാണ് എന്നാണ് അവരുടെ വാദം. മനുഷ്യന്റെമേൽ ഇതിന്റെ ഉത്തവാദിത്വം അടിച്ചേൽപിച്ച് യഥാർത്ഥ കേന്ദ്രത്തിൻനിന്നു ഒഴിഞ്ഞു മാറുകയാണ്. ഇത് പ്രപഞ്ചത്തിന്റെ ഒരു പ്രതിഭാസം മാത്രമാണെങ്കിൽ ഇതുാകണമെന്ന് ആരു നിശ്ചയിച്ചു? ചുഴലിക്കാറ്റ് മനുഷ്യ നിർമ്മിതമല്ല. അന്തരീക്ഷത്തിലേക്ക് ഭോഷ്കിന്റെ ഒരു പ്രവാഹം ചൊരിഞ്ഞാൽ ചുഴലിക്കാറ്റ് ഉാകുകയില്ല. കുറെപേർ വ്യഭിചാരം ചെയ്താൽ ഭൂമികുലുക്കം ഉാകുകയില്ല. ചുഴലിക്കാറ്റും പാപവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നെങ്കിൽ ദൈവം അതിൽ പങ്കാളിയാണ് കാരണം പ ാപത്തിന്റെ ദൈവിക ന്യായവിധിയാണ് ചുഴലിക്കാറ്റ്. ഇത് ആകസ്മിതമായി ഉ ായതാണെങ്കിൽ അത് ആകസ്മികമായി സംഭവിക്കട്ടെ എന്ന് ദൈവം കല്പിച്ചിരിക്കാം. അങ്ങനെ ദൈവം അതിൽ ഉൾപ്പെട്ടിരിക്കുന്നു.

പാപവും പ്രകൃതിക്ഷോഭവും തമ്മിൽ ബന്ധമില്ലെന്നുകരുതുക. ദൈവമാണ് ലോകത്തെ സൃഷ്ടിച്ചത്. ഭൂമിയുടെ പുറംതോടിന് എന്തോ പോരായ്മ പറ്റിയിരിക്കാം, കാലാവസ്ഥയുടെ സ്ഥാനാന്തരത്തിൽ അത് ഭൂകമ്പത്തിനും ചുഴലിക്കാറ്റിനും ഇടയാകുന്നു. ഇതിന്റെ സൃഷ്ടാവ് ദൈവമായതുകൊ് ദൈവത്തിനുപറ്റിയ പോരായ്മ മനുഷ്യന് ഉപദ്രവമായി മാറുന്നു.

## ''ഭൂമിദേവി'' എന്ന് ഒന്നില്ല
## (There is No "Mother Nature")

പ്രകൃതി വിപത്തിന് കാരണക്കാർ ആരെന്ന ചോദ്യത്തിന് രു ഉത്തരമേ ഉള്ളു. ഒന്നുകിൽ ദൈവം അല്ലെങ്കിൽ സാത്താൻ. ഇതിൽ ഏത് ഉത്തരമാണ് ശരിയെന്ന് വചനപ്രകാരം നിർണ്ണയിക്കുന്നതിനുമുമ്പ്; ഈ രു ഉത്തരങ്ങളെക്കുറിച്ച് അല്പം കൂടി ചിന്തിക്കാം.

പ്രകൃതി വിപത്തിന് കാരണക്കാരൻ സാത്താൻ ആണെങ്കിൽ, ദൈവത്തിന് അതിനെ തടയാനോ, തടയാതിരിക്കാനോ കഴിയും. സാത്താനെ തടയാതിരിക്കുന്നെങ്കിൽ, ദൈവം ഒരുത്തരവാദിത്തം ഏറ്റെടുക്കുന്നു. ദൈവത്തിന്റെ അനുവാദം കൂടാതെ ഈ വിപത്ത് ഒരിക്കലും സംഭവിക്കുകയില്ല.

മറ്റൊരുവശം കൂടി നമുക്ക് ചിന്തിക്കാം:

ദൈവത്തിന് സാത്താനെ തടയാൻ ആഗ്രഹമു്; എന്നാൽ തടയാൻ കഴിയുന്നില്ല എന്നു കരുതുക. അത് യഥാർത്ഥത്തിൽ ഒരു സാദ്ധ്യതയാണൊ?

വിപത്ത് ഉാക്കുന്നതിൽനിന്ന് ദൈവത്തിന് സാത്താനെ തടയാൻ കഴിയുകയില്ലെങ്കിൽ സാത്താൻ ദൈവത്തേക്കാൾ ശക്തനാണന്നോ, കേമനാണെന്നോ കരുതണം. ആദാമിന്റെ വീഴ്ചയോടെ സാത്താന് ലോകത്തെ നിയന്ത്രിക്കുവാനുള്ള അധികാരം ലഭിച്ചു എന്ന വിശ്വാസത്തെ പ

ിൻതാങ്ങുന്നവർ ഈ കാഴ്ചപ്പാടിൽ വിശ്വസിക്കുന്നു. ആദാമിന്റെ അവകാശം കയ്യടക്കിയിരിക്കുന്ന സാത്താന് തനിക്കിഷ്ടപ്പെട്ടപോലെ എന്തും ഭൂമിയിൽ പ്രവർത്തിക്കുവാൻ അവകാശമുണ്ട് ഇക്കൂട്ടർ അവകാശപ്പെടുന്നു. സാത്താനെ തടയുവാൻ ദൈവത്തിന് ആഗ്രഹമുണ്ടെങ്കിലും കഴിയുകയില്ല. കാരണം അവകാശപത്രം സാത്താന്റെ കയ്യിലുണ്ട്. ചുരുക്കത്തിൽ ഭാവിയിൽ സംഭവിച്ചേക്കാവുന്നതിനെ മുൻകൂട്ടികാണാനോ, സാത്തനെപ്പോലെ ബുദ്ധിപ്രയോഗിക്കാനോ ദൈവത്തിന് കഴിഞ്ഞില്ല, തന്മൂലം ദൈവത്തിനില്ലാത്ത ശക്തി സാത്താൻ ആർജ്ജിച്ചു എന്നൊക്കെ വാദിക്കുന്നവരുണ്ട്, എന്നാൽ വ്യക്തിപരമായി ഞാൻ പറയട്ടെ, സാത്താൻ ഒരിക്കലും ദൈവത്തേക്കാൾ ഒരുകാര്യത്തിലും മുൻപന്തിയിലല്ല.

സാത്താന്റെ ആർജ്ജിതശക്തിപ്രമാണം ശരിയാണെങ്കിൽ, സാത്താൻ എന്തുകൊണ്ട് ഭൂകമ്പം, ചുഴലിക്കാറ്റ് തുടങ്ങിയ കൂടുതൽ വിപത്തുകൾ സൃഷ്ടിക്കുന്നില്ല, ക്രൈസ്തവജനസംഖ്യകൂടുതലുള്ള പ്രദേശം വിപത്തുകൾക്ക് ഇരയാകുന്നില്ല (ക്രിസ്ത്യാനികളുള്ള സ്ഥലത്തെ നശിപ്പിക്കുവാൻ ദൈവം അനുവദിക്കുകയില്ല എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ ദൈവത്തിന്റെ അനുവാദം കൂടാതെ സാത്താന് പ്രവർത്തിക്കുവാൻ കഴിയുകയില്ലായെന്ന് നിങ്ങൾ തന്നെ സമ്മതിക്കുകയാണല്ലോ),

അതുകൊണ്ട് മേലുദ്ധരിച്ചചോദ്യത്തിന് വ്യക്തമായി രണ്ട് ഉത്തരങ്ങളെ ഉള്ളു 1) ഭൂകമ്പവും ചുഴലിക്കാറ്റും ദൈവം ഉണ്ടാക്കുന്നു 2) ദൈവത്തിന്റെ അനുവാദത്തോടെ സാത്താൻ ഉണ്ടാക്കുന്നു.

ഈ രണ്ടുത്തരങ്ങളിൽ ഏതാണ് ശരി എന്നു ചിന്തിക്കാതെ, ദൈവമാണ് ഇതിന് ഉത്തരവാദി എന്നു നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ആ ചുഴലിക്കാറ്റിനെ എന്തായാലും ദൈവം അയയ്ക്കില്ല, ദൈവത്തിന്റെ അനുവാദത്തോടെ സാത്താനാണ് അത് ചെയ്തത് എന്നു പറയുന്നവർ ദൈവത്തെ വെറുതെവിടുവാൻ ആഗ്രഹിക്കുന്നില്ല. ദൈവം ആഗ്രഹിച്ചായാലും അല്ലെങ്കിലും, വിപത്തുകൾ സൃഷ്ടിക്കുന്നതിൽനിന്നും ദൈവത്തിന് സാത്താനെ തടയുവാൻ കഴിയുമായിരുന്നെങ്കിൽ, അത് ദൈവത്തിന്റെ ഉത്തരവാദിത്വത്തിലുള്ള കാര്യമാണ്. മത്സരികൾ അപവാദം പറയുന്നതിന് കാരണം അവരുടെ പാപത്തിന്റെ ഫലമാണ് (ന്യായവിധിയായിട്ടു ദൈവമാണ്, അല്ലെങ്കിൽ ദൈവത്തിന്റെ അനുവാദത്തോടെയാണ് ചുഴലിക്കാറ്റിനെ അയയ്ക്കുന്നതെങ്കിൽ) ഇതിൽ ദൈവത്തിന് പങ്കില്ല, അല്ലെങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നു പറയുന്നത് വിഡ്ഢിത്തമാണ്.

## വചനത്തിന്റെ സാക്ഷ്യം
## (Scripture's Testimony)

പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് തിരുവചനം എന്തുപറയുന്നു? ദൈവമോ, സാത്താനോ ആണ് ഇത് ചെയ്യുന്നതെന്ന് ദേവപുസ്തകം പറയുന്നുവോ? ഭൂകമ്പത്തെക്കുറിച്ച് നമുക്ക് ആദ്യം ചിന്തിക്കാം.

തിരുവചനപ്രകാരം പാപികളുടെമേൽ ന്യായവിധിയായിട്ടാണ് ഭൂകമ്പം ഉാകുന്നത്. യിരമ്യാവിന്റെ പുസ്തക്തിൽ നാം വായിക്കുന്ന ദൈവത്തിന്റെ ക്രോധത്താൻ ഭൂമി നടുക്കുന്നു ജാതികൾക്ക് അവന്റെ ഉഗ്രകോപം സഹിപ്പാൻ കഴിയുകയുമില്ല (യിര:10:10). യെശയ്യാവ് മുന്നറിയിപ്പുനൽകുന്നു: ഇടിമുഴക്കത്തോടും ഭൂകമ്പത്തോടും മഹാനാദത്തോടും കൂടെ ചുഴലിക്കാറ്റും കൊടുങ്കാറ്റും ദഹിപ്പിക്കുന്ന അഗ്നിജ്വാലയുമായി അതു സൈന്യങ്ങളുടെ യഹോവയാൽ സന്ദർശിക്കപ്പെടും (യെശ: 29:6).

മോശയുടെ കാലത്ത് കോരഹിനേയും കൂട്ടരേയും ഭൂമി വായ്പിളർന്ന് വിഴുങ്ങിക്കളഞ്ഞത് നിങ്ങൾ ഓർക്കുന്നുാകും (സംഖ്യ 16:23-34). ഇത് ദൈവത്തിന്റെ ന്യായവിധി ആയിരുന്നു. ദൈവത്തിന്റെ ന്യായവിധി ഭൂകമ്പമായി വന്നതിന് മറ്റു അനേകം തെളിവുകൾ നമുക്ക് കാണാം. യെഹെ:38:19, സങ്കീ. 18:7, 77:18, ഹഗാ: 2:6, ലൂക്കോ 2:11, വെളി 6:12, 8:5, 11:3, 16:18.

വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില ഭൂകമ്പങ്ങൾ ദൈവത്തിന്റെ ന്യായവിധിയുടെ ഫലമല്ല, എന്നാലും അതു ദൈവം വരുത്തിയതാണ്. ഉദാഹരണമായി, യേശു മരിച്ചപ്പോൾ ഉായ ഭൂകമ്പം (മത്താ 27: 51, 54) അതുപോലെ യേശു ഉയർത്തെഴുന്നേറ്റപ്പോൾ (മത്താ 28:2) ഇതിനെല്ലാം കാരണക്കാരൻ സാത്താനാണോ?

ഫിലിപ്യയിലെ ജയിലിൽ പൗലോസും, ശീലാസും അർദ്ധരാത്രിയിൽ പാടി സ്തുതിച്ചപ്പോൾ ഭൂകമ്പമുായി, ജയിലിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങി, വാതിലുകൾ തുറക്കപ്പെട്ടു, ബന്ധിക്കപ്പെട്ടവരെല്ലാം മോചിതരായി (അപ്ര 16:26). ഈ ഭൂകമ്പത്തിന് കാരണക്കാരൻ പിശാചാണോ? എനിക്കുതോന്നുന്നില്ല. കാരാഗ്രഹപ്രമാണിപോലും രക്ഷിക്കപ്പെട്ടു ദൈവത്തിന്റെ ശക്തിയെ സാക്ഷികരിച്ചു. ഈ ഭൂകമ്പം മാത്രമല്ല അപ്പോസ്തല പ്രവൃത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് (അപ്ര 4:31 കാണുക).

ഏതൊ ഒരു പ്രദേശത്ത് ഭൂകമ്പം ഉാകാൻ സാധ്യതയുന്നെ് പ്രവചനം കേട്ട് സാത്താന് എതിരെ ആത്മിക പോരാട്ടത്തിന് ഒരു പറ്റം വിശ്വാസികൾ ആ സ്ഥലത്തേക്കു പോയെന്ന് വായിക്കുവാൻ ഇടയായി. അവർ ചെയ്ത തെറ്റ് നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുമൊ? ആ സ്ഥലത്തെ ജനങ്ങൾക്കുവേി ദൈവത്തോട് കരുണയാചിച്ച് പ്രാർത്ഥിക്കുക എന്നത് തികച്ചും വചനാടിസ്ഥാനം. എന്നാൽ ആ സ്ഥലത്തേക്ക് യാത്രചെയ്ത് പണവും സമയവും ചിലവഴിക്കേതില്ലായിരുന്നു! അവർ താമസിക്കുന്ന സ്ഥലത്തിരുന്ന്

അവർ പ്രാർത്ഥിച്ചാൽ മതിയായിരുന്നു. എന്നാൽ ആ സ്ഥലത്ത് ചെന്ന് സാത്താനോട് പോരാടാൻ തത്രപ്പെട്ടത് വചനവിരുദ്ധം.

## ചുഴലിക്കാറ്റിനെക്കുറിച്ച് എന്താണഭിപ്രായം (How About Hurricanes?)

വലിയ കാറ്റുകളെക്കുറിച്ച് ചില ഉദാഹരണങ്ങൾ നമുക്ക് വചനത്തിൽ കാണാം. ഉദാഹരണത്തിന്:

കപ്പൽകയറി സമുദ്രത്തിൽ ഓടിയവർ, പെരുവെള്ളങ്ങളിൽ വ്യാപാരം ചെയ്തവർ, അവർ യഹോവയുടെ പ്രവൃത്തികളെയും ആഴിയിൽ അവന്റെ അത്ഭുതങ്ങളെയും കു. അവർ കല്പിച്ചു കൊടുങ്കാറ്റു അടിപ്പിച്ചു. അത് അതിലെ തിരകളെ പൊങ്ങുമാറാക്കി (സങ്കീ 107:23-25).

‘‘യഹോവയോ സമുദ്രത്തിൽ ഒരു പെരുങ്കാറ്റു അടിപ്പിച്ചു; കപ്പൽ തകർന്നു പോകുവാൻ തക്കവണ്ണം സമുദ്രത്തിൽ വലിയൊരു കോൾ ഉായി’’ (യോനാ 1:4).

അതിന്റെ ശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേതിന്നു നാലു ദൂതന്മാരെ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊ് ഭൂമിയുടെ നാലു കോണിലും നില്ക്കുന്നതു ഞാൻ കു (വെളി 7:1).

കാറ്റുകളെ അയക്കാനും നിർത്താനും ദൈവത്തിനുകഴിയും.[90]

തിരുവചനത്തിൽ സാത്താൻ കാറ്റുാക്കി എന്നതിന് തെളിവായി ഒരു വചനം മാത്രമേയുള്ള. ഇയ്യോബിന്റെ പീഡനത്തോടുചേർന്ന് ഒരു സന്ദേശകൻ പറയുന്നു: പെട്ടെന്നു മരുഭൂമിയിൽനിന്നും ഒരു കൊടുങ്കാറ്റുവന്നു വീട്ടിന്റെ നാലു മൂലെക്കും അടിച്ചു. അതു യൗവ്വനക്കാരന്റെ മേൽവീണു; അവർ മരിച്ചുപോയി (ഇയ്യോബ് 1:19).

ഈ ദുരന്തത്തിനു കാരണം സാത്താനാണെന്ന് ഇയ്യോബിന്റെ പുസ്തകത്തിലെ ഒന്നാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. എന്നാൽ ഇയ്യോബിനെയോ, അവന്റെ മക്കളെയോ, ദൈവത്തിന്റെ അനുവാദം കൂടാതെ സാത്താന് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. കാറ്റിന്റെ അധിപതി ദൈവമാണെന്നുനമുക്ക് മനസ്സിലാക്കാം.

## ഗലീലയിലെ കൊടുങ്കാറ്റ് (The Gale on Galilee)

[90] . കാറ്റിനെ നിയന്ത്രിക്കുന്നത് ദൈവമാണ് എന്ന് തെളിവുതരുന്ന വേദഭാഗങ്ങൾ: ഉല്പ:8:11; പുറ 10:13, 19, 14:21, 15:10; സംഖ്യ: 11:31; സങ്കീ 48:7, 78:76, 135:7, 147:18; യശ 11:15, 27:8; യിര 10:13, 51:16; യെഹ: 13:11, 13; ആമോ 4:9, 13; യോന 4:8; ഹഗാ 2: 17. ഈ വചനഭാഗങ്ങളിലെല്ലാം ദൈവം കാറ്റിനെ ന്യായവിധിയുടെ ഉപാധിയായി ഉപയോഗിച്ചിരിക്കുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ്.

യേശുവും ശിഷ്യന്മാരും ഗലീലക്കടലിൽ യാത്രചെയ്യുമ്പോൾ അവരുടെ തോണിയിലേക്ക് അടിച്ച കൊടുങ്കാറ്റിനെക്കുറിച്ച് എന്ത് തോന്നുന്നു? തീർച്ചയായും ഈ കൊടുങ്കാറ്റിന് കാരണക്കാരൻ സാത്താൻ തന്നെയാണ്. ദൈവം ഒരിക്കലും തന്റെ മകൻ സഞ്ചരിക്കുന്ന തോണിയെ തകർക്കാൻ ശ്രമിക്കുകയില്ല. ഒരു രാജ്യം തന്നിൽതന്നെ ഛിദ്രിച്ചാൽ നിലനില്ക്കുകയില്ല. ദൈവം തന്റെ മകനേയും ശിഷ്യന്മാരേയും തകർക്കാൻ ശ്രമിക്കുമോ?

അഭിപ്രായവ്യത്യാസം അവസാനിപ്പിച്ച് നമുക്ക് ഒരു നിമിഷം ചിന്തിക്കാം. ദൈവമല്ല സാത്താനാണ് കാറ്റിന്റെ സൂത്രധാരൻ എങ്കിൽ, ദൈവം അനുവദിച്ചിട്ടല്ലേ അത് സംഭവിച്ചത്. എന്തുകൊാണ് തന്റെ മകന്റേയും ശിഷ്യന്മാരുടേയും നേരെ കൊടുങ്കാറ്റ് അടിക്കാൻ ദൈവം അനുവദിച്ചത്?

ഇതിന് ഒരുത്തരം പറയാൻ കഴിയുമോ? ഒരുപക്ഷേ ദൈവം ശിഷ്യന്മാരെ വിശ്വാസത്തെക്കുറിച്ച് പഠിപ്പിക്കുകയായിരിക്കും. അവരെ ശോധനചെയ്യുകയായിരിക്കും. ഒരുപക്ഷേ യേശുവിനെ ദൈവം ശോധന കഴിച്ചതായിരിക്കാം. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല, പാപം ഒഴികെ സർവ്വത്തിനും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത് (എബ്രാ 4:15). യേശുവിനെ ഭയത്തിന്റെ ഒരു ശോധനകഴിച്ചതാണ് ദൈവം. കാരണം ഇതിലൂടെ ദൈവം യേശുവിനെ മഹത്വീകരിക്കാൻ ആഗ്രഹിച്ചു. ഉയരത്തിലുള്ളത് ചെയ്യുവാൻ ദൈവം യേശുവിനെക്കുറിച്ച് ആഗ്രഹിച്ചു.

ഫറവോന്റെ സൈന്യം പിന്നിൽ ഓടിയടുക്കുന്നതു കുകൊ് തന്നെ ദൈവം യിസ്രായേൽ ജനത്തെ ചെങ്കടലിലേക്ക് നയിച്ചു. ദൈവം യിസ്രായേലിനെ ശത്രുവിന്റെ കയ്യിൽനിന്നും വിടുവിക്കേത് ആയിരുന്നില്ലേ? പകരം ജനത്തെ കൂട്ടക്കൊലയ്ക്ക് സാദ്ധ്യതയുള്ള ചെങ്കടലിലേക്കു നയിക്കുകയല്ലേ ചെയ്തത്? രാജ്യം തന്നിൽ തന്നെ ഛിദ്രിച്ചിരിക്കുന്നതിന് ഇത് ഒരു ഉദാഹരണമല്ലേ?

അല്ല, കാരണം തന്റെ ജനത്തെ കൂട്ടക്കൊലയ്ക്ക് കൊടുക്കുക എന്നത് ദൈവത്തിന്റെ താത്പര്യം അല്ല. കൊടുങ്കാറ്റ് ഉാക്കാൻ സാത്താനെ അനുവദിച്ച് ശിഷ്യന്മാരേയും തന്റെ പുത്രനായ ക്രിസ്തുവിനേയും ഗലീലകടലിൽ മുക്കിക്കൊല്ലുക എന്നത് ദൈവത്തിന്റെ പദ്ധതിയല്ല.

ഗലീലക്കടലിൽ കാറ്റടിപ്പിച്ചത് സാത്താനാണെന്നതിന് ഒരു തെളിവുമില്ല. ദൈവമാണ് ഇത് ചെയ്തതെന്നതിനും തെളിവില്ല. കാറ്റിനെ യേശു ശാസിച്ചതുകൊ് സാത്താനാണ് കാറ്റടിപ്പിച്ചതെന്ന് ചിലർകരുതുന്നു. യേശു ശാസിച്ചത് കാറ്റിനെയാണ് ദൈവത്തേയല്ല. ഒരു വാക്കുകൊ് കടലിനെ ശാസിച്ച് സമാധാനം സ്ഥാപിക്കാൻ പിതാവായ ദൈവത്തിനും കഴിയുമായിരുന്നു. കാറ്റിനെ യേശു ശാസിച്ചുഎന്നതുകൊ് കാറ്റിനെ അഴിച്ചുവിട്ടത് സാത്താനാണെന്ന് പറയുവാൻ കഴിയുകയില്ല.

മുഴുവൻ വേദശാസ്ത്രത്തേയും ഒരു വചനാത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കാൻ സാദ്ധ്യമല്ല. കാറ്റിന്റെ നിയന്ത്രണം പ ൂർണ്ണമായി ദൈവത്തിലധിഷ്ടിതമാണെന്നുള്ളതിന് നിരവധി തെളിവുകൾ വചനപ്രകാരം നാം കുകഴിഞ്ഞു. സാത്താൻ ലോകത്തിന്റെ പ്രഭു ആണെങ്കിലും കാറ്റിന്റെ മേൽ അധികാരമോ, തനിക്കിഷ്ടമുള്ളപ്പോൾ കൊടുങ്കാറ്റിനെ ഉാക്കുവാനോ കഴിയുകയില്ല.

കൊടുങ്കാറ്റ് അടിക്കുമ്പോൾ അത് ദൈവത്തിന് നിയന്ത്രണവിധേയമല്ല എന്ന് കരുതരുത്. യേശു ശാസിച്ചപ്പോൾ ഗലീലക്കടലിനെ കൊടുങ്കാറ്റ് അടങ്ങിയതുകൊ്, കാറ്റിന്റെ മേൽ പ ൂർണ്ണനിയന്ത്രണം ദൈവത്തിന് ു് എന്ന് ഇത് തെളിയിക്കുന്നു.

## കൊടുങ്കാറ്റ് ദൈവമക്കളേയും ബാധിക്കുന്നു
## (But Hurricanes Sometiems Harm Christians)

പ്രകൃതി ദുരന്തം ദൈവമക്കളേയും ബാധിക്കുന്നുല്ലോ? കൊടുങ്കാറ്റ് അവിശ്വാസികളുടെ വീടുകളെ മാത്രമല്ല തകർക്കുന്നത്. യേശുവിന്റെ മരണംമൂലം വിശ്വാസികൾക്ക് ദൈവകോപത്തിൽനിന്നു മോചനം ലഭിച്ചുവോ? പ്രകൃതി ദുരന്തം ദൈവമക്കൾക്കും നാശം വിതയ്ക്കുന്നു. അപ്പോൾ ഇതിന്റെ പിന്നിൽ ദൈവമാണെന്ന് എങ്ങനെ പറയാൻ കഴിയും?

ഇതെല്ലാം വ്യത്യസ്തമായ ചോദ്യങ്ങളാണ്. പ്രകൃതിദുരന്തങ്ങളെല്ലാം സാത്താൻ ഉാക്കുന്നതാണെങ്കിൽ, ദൈവമക്കൾക്ക് ഇതുമൂലം ദോഷം സംഭവിക്കുവാൻ അനുവദിക്കുന്നതെന്താണ്? ഇപ്പോഴും ഈ പ്രശ്നം നാം അഭിമുഖീകരിക്കുകയാണ്.

ക്രിസ്തുവിലായവർ കോപത്തിനുള്ളവരല്ലായെന്ന് വചനം വെളിപ്പെടുത്തുന്നു (1 തെസ് 5:9) പുത്രനെ അനുസരിക്കാത്തവനിൽ ദൈവത്തിന്റെ ക്രോധം വസിക്കുന്നു (യോഹ 3:36) രക്ഷിക്കപ്പെട്ടവനെ ബാധിക്കാതെ അനുസരണം കേട്ടവന്റെ മേൽ മാത്രം ദൈവത്തിന്റെ ക്രോധം വസിക്കുന്നതെങ്ങനെ? കാരണം ഇരുവരും ഒരുമിച്ചാണല്ലോ വസിക്കുന്നത്.

യിസ്രായേൽ ജനം മിസ്രയേമ്യരോടൊപ്പം ഒരുമിച്ചു പാർക്കുമ്പോൾ ദൈവത്തിന്റെ ന്യായവിധി ബാധയായി വന്നു. എന്നാൽ ഈ ബാധയൊന്നും യിസ്രായേൽ ജനത്തെ ബാധിച്ചില്ല (പുറ: 8: 22–23; 9: 3–7; 24–26; 12:23). ഒന്നിച്ചു പാർക്കുന്ന ജനത്തെ പ്രകൃതിദുരന്തത്തിൽനിന്ന് രക്ഷിക്കുന്നതെങ്ങനെയാണ്?

ഈ ചോദ്യത്തിന്റെ ഉത്തരത്തിനുള്ള താക്കോൽ വാക്യമാണ് ‘‘രക്ഷപ്പെടുക’’. ലോകം പ്രളയംകൊ് നശിച്ചപ്പോൾ നോഹ ദൈവകോപത്തിൽ നിന്നു രക്ഷപ്പെട്ടു. വൈരുദ്ധ്യങ്ങളുടെ നടുവിൽ പെട്ടകം പണിയുകയും, ദിവസങ്ങളോളം, മൃഗങ്ങളുടെ നാറ്റം സഹിച്ച് പെട്ടകത്തിൽ വസിക്കുക എന്ന സാഹസം നോഹക്ക് സഹിക്കേവന്നു

(പഴയനിയമവും പുതിയനിയമവും നോഹയുടെ കാലത്തെ വെള്ളപ്പൊക്കത്തിന്റെ മാന്യത നൽകുന്നത് ദൈവത്തിനാണ്, പിശാചിനല്ല) (ഉല്പ 6:17; 2പത്രോ, 2:5).

സോദോം ഗോമോറായുടെ മേൽ ദൈവത്തിന്റെ ന്യായവിധിവന്നപ്പോൾ ലോത്ത് തന്റെ ജീവൻ രക്ഷിച്ചു. എന്നാൽ അവനുള്ളതൊക്കെയും അഗ്നിയാൽ വെന്തുനശിച്ചു. ദുഷ്ടന്മാരുടെ മേലുള്ള ദൈവത്തിന്റെ ക്രോധം ഒരു നീതിമാനേയും ബാധിച്ചു.

സൈന്യങ്ങൾ യരുശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്നു അറിഞ്ഞുകൊ് അന്ന് യഹുദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ (ലൂക്കോ: 21: 20–23) കാരണം ആ ദിനങ്ങൾ പ്രതികാരത്തിന്റെ ദിനങ്ങളാണ്, യറുശലേമിനെ എ.ഡി. 70ൽ പിടിച്ചടക്കാൻ ദൈവം റോമിനെ അനുവദിച്ചകാലമായിരുന്നു അന്ന്. യേശുവിന്റെ വാക്കുകേട്ടവർ തന്റെ പ്രാണനെ രക്ഷിച്ചു എന്നാൽ യറുശലേമിലുായിരുന്ന അവരുടെ സമ്പത്ത് പൂർണ്ണമായി അവർക്കു നഷ്ടമായി.

ഈ മൂന്ന് ഉദാഹരണങ്ങളിൽനിന്ന്, അനുസരണം കെട്ടവരുടെ മേൽ ദൈവത്തിന്റെ ന്യായവിധികടന്നുവരുമ്പോൾ, ദൈവജനവും ഭാഗികമായി അതിൽ പങ്കാളികളാകും എന്നതാണ് വസ്തുത. പ്രകൃതിദുരന്തങ്ങൾക്ക് ദൈവം ഉത്തരവാദിയല്ലായെന്ന് നമുക്ക് ഒരു തീരുമാനത്തിൽ എത്താൻ കഴിയുകയില്ലാ കാരണം, ഇത് വിശ്വാസിയേയും ബാധിക്കുന്നു.

## നാം അപ്പോൾ എന്തു ചെയ്യണം
## (What then Shall We do?)

ദൈവത്തിന്റെ ക്രോധം വർഷിക്കപ്പെട്ട, ദൈവത്താൽ ശപിക്കപ്പെട്ട ഒരു ഭൂമിയിലാണ് നാം വസിക്കുന്നത്, പൗലോസ് എഴുതി:

അനീതികൊു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകലഅഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു (റോമ 1:18). ദൈവത്തിന്റെ ശാപമേറ്റ ഈ ഭൂമിയിൽ പ ാർക്കുന്ന നമുക്ക് പൂർണ്ണമായി രക്ഷപ്പെടുവാൻ കഴിയുകയില്ല. ദൈവകോപം നമ്മിലേക്ക് അല്ലായെങ്കിലും നാമും അതിന്റെ പങ്കാളികളാണ്.

ഇത് അറിഞ്ഞുകൊ് നാം എന്തുചെയ്യണം? ആദ്യമായി, നാം ദൈവത്തെ വിശ്വസിക്കണം. യിരമ്യാവ് എഴുതി:

യഹോവയിൽ ആശ്രയിക്കയും യഹോവതന്നെ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു വാടുകയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊിരിക്കും (യിരമ്യാവ് 17:7–8).

ദൈവത്തിൽ ആശ്രയിക്കുന്നവൻ വരൾച്ച അനുഭവിക്കേി വരികയില്ലായെന്ന് യിരമ്യാവ് പറയുന്നില്ല. ഉഷ്ണവും ക്ഷാമവും വരുമ്പോൾ ദൈവത്തിലാശ്രയിക്കുന്ന മനുഷ്യൻ ആറ്ററികത്തുവേരൂന്നിയിരിക്കുന്ന വൃക്ഷംപോലെ ആകും. ലോകം വരൾച്ചയുടെ പിടിയിൽ ആയിരിക്കുമ്പോഴും അവനു ഒരു ഉറവിടം ഉാകും. യിസ്രായേലിൽ ക്ഷാമം പെരുകിയപ്പോൾ ഏലിശായെ കാക്ക പോഷിപ്പിച്ചത് ഇതിന് ദൃഷ്ടാന്തമാണ് (1 രാജ 17:1–6). നീതിമാനെക്കുറിച്ച് ദാവീദ് എഴുതി ക്ഷാമകാലത്ത് അവർ തൃപ്തരായിരിക്കും (സങ്കീ 37:19).

പട്ടിണി പിശാച് കൊുവരുന്നതാണൊ? അല്ല. ദൈവത്തിന്റെ ക്രോധം അനുസരണംകെട്ടവരുടെ മേൽ വ്യാപാരിക്കുന്നതിന്റെ പ രിണിതഫലമാണ്. ഉദാഹരണത്തിന്:

ഞാൻ അവരെ സന്ദർശിക്കും; യൗവ്വനക്കാർ വാൾകൊു മരിക്കും; അവരുടെ പുത്രന്മാരും പുത്രിമാരും ക്ഷാമംകൊുമരിക്കും (യിര 11:22).

സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഇതാ ഞാൻ അവർക്കു വാളും ക്ഷാമവും മഹാമാരിയും അയച്ചു, എത്രയും ആകാത്തതും തിന്നുകൂടാത്തവണ്ണം ചീത്തയും ആയ അത്തിപ്പഴത്തിന്നു അവരെ സമമാക്കും (യിര: 29:17).

മനുഷ്യപുത്രാ ഒരു ദേശം എന്നോടു ദ്രോഹിച്ചു പാപം ചെയ്യുമ്പോൾ ഞാൻ അതിന്റെ നേരെ കൈനീട്ടി, അപ്പം എന്ന കോൽ ഒടിച്ചു, ക്ഷാമം വരുത്തി, മനുഷ്യനെയും മൃഗത്തേയും അതിൽനിന്നു ഛേദിച്ചുകളയും (യെഹ: 14:13).

നിങ്ങൾ അധികം കിട്ടുമെന്നു കാത്തിരുന്നു; എന്നാൽ അതു അല്പമായിത്തീർന്നു; നിങ്ങൾ അതുവീട്ടിൽ കൊുവന്നു; ഞാനോ അത് ഉതിക്കളഞ്ഞു; അതെന്തുകൊു? എന്റെ ആലയം ശൂന്യമായിക്കിടക്കയും നിങ്ങൾ ഓരോരുത്തനും താന്താന്റെ വീട്ടിലേക്കു ഓടുകയും ചെയ്യുന്നതുകൊുതന്നേ എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്. അതുകൊ് നിങ്ങൾ നിമിത്തം ആകാശം മഞ്ഞുപെയ്യാതെ അടഞ്ഞിരിക്കുന്നു ഭൂമി അനുഭവം തരുന്നതുമില്ല. ഞാൻ ദേശത്തിന്മേലും മലകളിന്മേലും ധാന്യത്തിന്മേലും വീഞ്ഞിന്മേലും എണ്ണയിന്മേലും നിലത്തെ വിളവിന്മേലും മനുഷ്യരുടെമേലും മൃഗങ്ങളുടെ മേലും കൈകളുടെ

സകലപ്രയത്നത്തിന്മേലും വറുതിയെ വിളിച്ചിവരുത്തിയിരിക്കുന്നു (ഹഗ്ഗാ: 1: 9-11).

മുകളിലത്തെ നാലാമത്തെ ഉദാഹരണത്തിൽനിന്ന്, യിസ്രായേലിൽ വ്യാപരിച്ച വരൾച്ചക്കുകാരണം അവരുടെ പാപമാണ്, എന്നാൽ അവരുടെ പ ാപത്തിന്റെ ശിക്ഷയായിട്ടാണ് ദൈവം വരൾച്ച അയച്ചതെന്നു പറയുന്നു.[91]

ദുഷ്ടന്മാരുടെ നടുവിൽ ദൈവം ക്ഷാമം അയയ്ക്കുന്നു, നീതിമാന്മാരും ദുഷ്ടന്മാരുടെ കൂടെയാണ് പാർക്കുന്നത്, അപ്പോൾ ദൈവം കരുതിക്കൊള്ളുമെന്ന് നീതിമാൻ പൂർണ്ണമായി ദൈവത്തിൽ വിശ്വസിക്കണം. ക്ഷാമത്തിന് കർത്താവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കാൻ കഴിയുകയില്ലായെന്ന് പൗലോസ് പറഞ്ഞു:

ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ , ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? (റോമ 8:35). വിശ്വാസികൾക്ക് പട്ടിണി ഉാകുകയില്ലായെന്ന് പ ൗലോസ് പറയുന്നില്ല. അവർക്കും പട്ടിണി ഉാകും, എന്നാൽ ദൈവം ദുഷ്ടന് കൊടുക്കുന്ന ന്യായവിധിയാണ് ക്ഷാമം എന്ന് ഒരു ദൈവപൈതലൽ വചന പ്രകാരം അറിഞ്ഞിരിക്കണം.

## ജ്ഞാനവും അനുസരണയും
**(Obedience and Wisdom)**

ദൈവം ലോകത്ത് അയയ്ക്കുന്ന ക്രോധാഗ്നിയിൽനിന്നു വിടുതൽ പ്രാപിക്കാൻ ദൈവിക ജ്ഞാനവും വിടുതലും അത്യാവശ്യമാണ്. നോഹ പെട്ടകം പണിഞ്ഞു. ലോത്ത് മലയിലേക്ക് ഓടിപ്പോയി, യറുശലേമിൽനിന്ന് വിശ്വാസികൾ പർവ്വതത്തിലേക്ക് ഓടി, ഇതൊക്കേയും ദൈവകോപത്തിൽ നിന്നു രക്ഷനേടുവാൻ ദൈവജനം ദൈവത്തെ അനുസരിച്ചതിന്റെ ഫലമായി അവർക്കു ലഭിച്ച സംരക്ഷണത്തിന്റെ കഥയാണ്.

കൊടുങ്കാറ്റ് അടിക്കുന്ന പ്രദേശത്താണ് ഞാൻ താമസിക്കുന്നതെങ്കിൽ ഒരു ബലമുള്ള വീട് ഞാൻ ഉാക്കണം, ബലമില്ലാത്ത വീടാണ് ഉാക്കുന്നതെങ്കിൽ അത് കാറ്റിൽ തകർന്നുപോകും. ഓരോ വിശ്വാസിയും പ്രാർത്ഥനയിൽ ജാഗരിക്കണം, സത്യത്തിന്റെ ആത്മാവ്

---

[91] . ദൈവം ക്ഷാമം വരുത്തുന്നു എന്നതിന് തെളിവുകൾ തരുന്ന മറ്റു വചനഭാഗങ്ങൾ ആവ 32: 23-24; 2 ശമു: 1, 24:12-13; 2 രാജ 8:1; സങ്കീ 105:15; യെശ 14:30; യിര: 14:12, 15-16; 16: 3-4, 24: 10, 27: 8, 34: 17; 42:17; 44: 12-13; യെഹ: 15:12; 16-17; 6: 12; 12:16; 14:21; 36:29; വെളി: 6:8; 18:8. ദുഷ്ടന്റേയും നീതിമാന്റേയും മേൽ ദൈവം ഒരുപോലെ മഴയെ അയയ്ക്കുന്നു എന്ന് യേശു പറഞ്ഞു (മത്താ 5: 45) ദൈവം മഴയെ നിയന്ത്രിക്കുന്നു.

വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും (യോഹ 16:13). തന്മൂലം ദൈവത്തിന്റെ ക്രോധത്തിൽനിന്നും നമുക്ക് ഒഴിഞ്ഞുനില്ക്കുവാൻ കഴിയും.

അപ്പോസ്തലപ്രവൃത്തി 11 ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു: അഗബൊസ് എന്നു പേരുള്ളൊരുത്തൻ എഴുന്നേറ്റു ലോകത്തിൽ ഒക്കേയും മഹാക്ഷാമം ഉാകും എന്ന് ആത്മാവിനാൽ പ്രവചിച്ചു. അപ്പോൾ യഹൂദ്യയിൽപാർക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻ പ്രാപ്തിപോലെ കൊടുത്തയപ്പാൻ നിശ്ചചിച്ചു, അവർ അതു ബർന്നബാസിന്റേയും ശൗലിന്റേയും കയ്യിൽ മൂപ്പന്മാർക്കുകൊടുത്തയച്ചു (അപ്ര 11:28-30).

ഇതു ഇന്നുസംഭവിക്കുമോ? തീർച്ചയായും, കാരണം പരിശുദ്ധാത്മാവ് അന്നും ഇന്നും അനന്യൻ ആണ് ദൈവത്തിന്റെ സ്നേഹം കുറഞ്ഞുപോയിട്ടുമില്ല. പരിശുദ്ധാത്മാവിന്റെ വരങ്ങളും ഫലങ്ങളും ദൈവമക്കൾ ഫലപ്രദമായി ഉപയോഗിക്കണം. ആത്മാവിനെ കെടുക്കരുത്. പ്രവചനം തുച്ഛീകരിക്കരുത്, സകലവും ശോധനചെയ്തു നല്ലതുമുറുകെ പ ിടിപ്പിൻ (1 തെസ് 5: 19) പരിശുദ്ധാത്മാവിനെ തൃജിച്ചാൽ ദൈവത്തിന്റെ തക്കസമയത്തുള്ള ഉപദേശം നമുക്ക് നഷ്ടമാകും.

1800 കളിൽ അമേരിക്കയിൽ ജീവിച്ചിരുന്ന നിരക്ഷരനായ ഒരു ബാലനോടു ദൈവം സംസാരിച്ചത്, ഫുൾഗോസ്പൽ മിനിസ്ട്രിയുടെ സ്ഥാപകനും പ്രസിഡന്റുമായിരുന്ന ഡെമസ് ഷേകരിയൻ തന്റെ ആത്മകഥയിൽ വിവരിച്ചിട്ടു്. സർവ്വനാശം സംഭവിക്കാൻ പോകുന്നു എന്ന് ആ ബാലൻ പ്രവചിച്ചു. ആയിരക്കണത്തിന് പെന്തക്കോസ്തുവിശ്വാസികൾ ആ പ്രവചനം വിശ്വസിക്കുകയും, ദേശം വിട്ട് ഓടിപ്പോകുകയും ചെയ്തു. ഇക്കൂട്ടത്തിൽ ഷേകാരിയന്റെ അപ്പുപ്പനും അമ്മൂമ്മയും ഉായിരുന്നു. വളരെ വൈകാതെ തുർക്കി അമേരിക്കയെ ആക്രമിക്കുകയും ജനലക്ഷങ്ങളുടെ ചോരപ്പുഴ അമേരിക്കയിൽ ഒഴുകകയും ചെയ്തു. അക്കൂട്ടത്തിൽ പ്രവചനത്തെ ധിക്കരിച്ച അനേകം വിശ്വാസികളും ഉായിരുന്നു.

നാം പരിശുദ്ധാത്മാവിന് ചെവിചായിക്കുകയും ദൈവശബ്ദത്തെ അനുസരിക്കുകയും വേണം. അല്ലാത്തപക്ഷം ദൈവകോപത്തിന്റെ രുചി അറിയേതായിവരും, യഥാർത്ഥത്തിൽ നമ്മെക്കുറിച്ച് ദൈവം അത് ആഗ്രഹിക്കുന്നില്ല. ഏലിശാ ഒരിക്കൽ ഒരു സ്ത്രീയോടു, നീയും നിന്റെ ഭവനവും പുറപ്പെട്ടു എവിടെങ്കിലും പരദേശവാസം ചെയ്തുകൊൾവിൻ; യഹോവ ഒരു ക്ഷാമം വരുത്തുവാൻ പോകുന്നു; അതു ഏഴുസംവത്സരം ദേശത്തു ഉായിരിക്കും എന്നു പറഞ്ഞു (2 രാജ 8:1).

വെളിപ്പാടു പുസ്തകത്തിൽ ബാബിലോൺ വിട്ട് പുറത്ത് പോകുവാൻ ദൈവം തന്റെ ജനത്തിന് മുന്നറിയിപ്പുനൽകുന്നതു കാണാം. വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടതു: എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയിരിപ്പാൻ അവളെ വിട്ടുപോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു, അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമു് (വെളി 18:4-5, 8).

പ്രകൃതിവിപത്തുകളുടേയും കാലത്തിന്റേയും അധിപൻ ദൈവം തന്നെ. പ്രകൃതിയുടെ പരമാധികാരി ദൈവമാണെന്ന് ദൈവം ആവർത്തിച്ച് തെളിയിച്ചിട്ടു്. നോഹയുടെ കാലത്തെ 40 ദിവസത്തെ പ്രളയം, മിസ്രയേമിൽ വരുത്തിയ സംഹാരം അടക്കമുള്ള ബാധകൾ, യോനയുടെ കപ്പലിൽ അടിച്ച കൊടുങ്കാറ്റ്, ഗലീല കടലിൽ അടിച്ച കാറ്റിനെ ശാസിച്ചത്, ഇതൊക്കേയും അതിന് ഉദാഹരണങ്ങളാണ്. യേശു പറഞ്ഞതുപോലെ, ദൈവം ഭൂമിക്കും സ്വർഗ്ഗത്തിനും അധിപനാണ് (മത്താ: 11:25). പ്രകൃതിയുടെ മേലുള്ള ദൈവത്തിന്റെ പരമാധികാരം തെളിയിക്കുന്ന മറ്റുവചനങ്ങൾ യോശു:10:11, ഇയ്യോ: 38: 22-38,യിര 5:24, 10:13, 31:35, സങ്കീ 78: 45-49; 105:16, 107:33-37, 135: 6-7; 147: 7-8; 15-18; മത്താ 5:45; അപ്ര 14: 17.

## ചില ചോദ്യങ്ങൾക്കുള്ള മറുപടികൾ
## (A Few Questions Answered)

ക്ഷാമം, ഭൂകമ്പം, വെള്ളപ്പൊക്കം മുതലായ പ്രകൃതിവിപത്തുകൾ ദൈവത്തിന്റെ ന്യായവിധിയാണെങ്കിൽ, ദൈവത്തിന്റെ പ്രതിനിധികളായ നാം, ദൈവം ശിക്ഷിക്കുന്നവരെ സഹായിക്കുന്നത് തെറ്റല്ലേ?

അല്ല, ഒരിക്കലുമില്ല. ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. ദൈവം ശിക്ഷിച്ചവരെ ഉൾപ്പെടെ ദൈവം സ്നേഹിക്കുന്നു. പ്രകൃതിവിപത്തിലൂടെ ഒരുവനിൽ വരുന്ന ദൈവത്തിന്റെ ക്രോധം യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്നേഹത്തിന്റെ സൂചനയാണ്. അതെങ്ങനെ സംഭവിക്കും? ദൈവം തന്റെ ജനത്തിന് പ്രയാസങ്ങളിലൂടെയും, വിപത്തിലൂടെയും ദൈവസ്നേഹത്തിന്റെ മുന്നറിയിപ്പുനൽകുന്നു. ഈ വിപത്തുകൾ ഒരുവന്റെ പാപത്തിന്റെ പ രിണിതഫലങ്ങളാണ്. ഭൗതികമായ വേദനകൾ വ്യക്തികളിൽ രക്ഷകനെക്കുറിച്ചുള്ള ആവശ്യകതഉണർത്തുകയും കത്തുന്ന തീ പ്പൊയികയിൽനിന്നും തന്മൂലം രക്ഷപ്രാപിക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നു. അതാണ് സ്നേഹം.

ദൈവം ദീർഘക്ഷമ കാട്ടുന്നു, കരുണയിലൂടെ ദൈവം മനുഷ്യനെ അനുതാപത്തിലേക്ക് നടത്തുന്നു. നമ്മുടെ അനുകമ്പയും സഹായവും ദൈവത്തിന്റെ താത്കാലിക ക്രോധം സഹിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുകയും, നിത്യമായ ദൈവിക ക്രോധത്തിൻനിന്ന് ഒരുവനെ രക്ഷിക്കുകയും ചെയ്യുന്നു. പ്രകൃതി വിപത്തുകൾ, യേശു തന്റെ

മരണത്തിലൂടെ വാഗ്ദത്തം ചെയ്ത രക്ഷയുടെ കവാടത്തിലെത്തുവാനുള്ള അവസരങ്ങൾ തുറക്കുകയാണ്.

സുവിശേഷം ജനങ്ങളിൽ എത്തിക്കുകയാണ് ഒരുവന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. നിത്യമായ ഒരു കാഴ്ചപ്പാട് ന മുക്കുങ്കിൽ ഭാവിയിൽ തീപ്പൊയ്കയിൽ എറിയപ്പെടുന്ന ശിക്ഷയുമായി തുലനം ചെയ്യുമ്പോൾ പ്രകൃതി വിപത്തിലൂടെ അനുഭവിക്കേിവരുന്ന ശിക്ഷ ന ിസ്സാരമാണെന്ന് മനസ്സിലാക്കാം.

വേദനയുടെ തീച്ചൂളയിൽ ആയിരിക്കുമ്പോൾ ഒരുവന് സുവിശേഷത്തെ സ്വീകരിക്കാനുള്ള മാനസികാവസ്ഥ ഏറുന്നതായി കാണാം. ഇതിന് വചനത്തിൽ അനേക തെളിവുകൾ കാണാം, ഉദാഹരണത്തിന് യിസ്രായേൽ അയൽരാജ്യങ്ങളാൽ അനുഭവിച്ച പീഢനം, മുടിയനായ പ ുത്രന്റെ കഥ. അതുകകൊ് വിപത്തുകൾ കടുന്നു വരുമ്പോൾ വിശ്വാസികൾ മനസ്സിലാക്കിക്കൊള്ളുക കൊയ്ത്തിന് പാടം വിളഞ്ഞുകിടക്കുന്നു.

## നമുക്ക് സത്യം പറയണം
## (Let's Tell the Truth)

ഭൂകമ്പത്തിൽനിന്നും കൊടുങ്കാറ്റിൽനിന്നും രക്ഷപ്പെട്ടവരോടു നമുക്ക് പങ്കുവെയ്ക്കുവാനുള്ള സന്ദേശം എന്താണ്? അവരുടെ വിഷമസ്ഥിതിയിൽ നമ്മോടു വചനാടിസ്ഥാനത്തിൽ ഉത്തരം പ്രതീക്ഷിക്കുന്ന ഒരു ചോദ്യം അവർ ചോദിച്ചാൽ നാം എന്ത് ഉത്തരം നൽകും? വചനം നമ്മെ എന്താണ് പഠിപ്പിക്കുന്നതെന്ന് നോക്കി ഉത്തരം പറയാം – ദൈവം പരിശുദ്ധന ാണ്, അവർ അവരുടെ പാപത്തിന്റെ പരിണിതഫലം അനുഭവിച്ചേ മതിയാകയുള്ളു. ദൈവം മഹാ ശക്തിയുടെ സ്രോതസ്സാണ് ഇപ്പോൾ ഉായ കൊടുങ്കാറ്റ് സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയുടെ ഒരു കേവല പ്രകടനം മാത്രമാണ്, ഇപ്പോഴുായ കൊടുങ്കാറ്റിന്റെ ശക്തിയിൽ വീട് കുലുങ്ങിയപ്പോഴുായ ഭയം, അവർ നരകാഗ്നിയിലേക്ക് ഭാവിയിൽ എറിയപ്പെടുമ്പോഴുായേക്കാവുന്ന ഭയത്തിന്റെ ഒരംശം മാത്രമെയുള്ളു. കരുണാമയനായ ദൈവം ക്രിസ്തുവിൽ വിശ്വസിച്ച് അനുതപിച്ച് ദൈവ കോപത്തിൽനിന്നും വിടുതൽ പ്രാപിക്കണമെന്ന് ഏവരെക്കുറിച്ചും ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ പേരു പറഞ്ഞ് മനുഷ്യനെ പേടിപ്പിക്കണമോ? ചിലർ ചോദിക്കും. വചനപ്രകാരം ഇതിന്റെ ഉത്തരമെന്താണെന്ന് നോക്കാം. യഹോവാഭക്തി (ഭയം) ജ്ഞാനത്തിന്റെ ആരംഭമാകുന്നു (സദൃ: 1:7) ദൈവത്തെ ഭയപ്പെടുന്നതുവരെ മനുഷ്യൻ ഒന്നും അറിയുന്നില്ല.

## മനുഷ്യൻ ദൈവത്തോടു കോപിച്ചാലെന്ത്?
## (What If People Become Angry With God?)

വേദനിക്കുമ്പോൾ ദൈവത്തോടു കോപിക്കാറുണ്ടോ? ദൈവത്തോടു പരാതി പറയുവാനുള്ള അവകാശം നമുക്കില്ല കാരണം മനുഷ്യന്റെ സ്വഭാവം അനുസരിച്ച് നാളുകൾക്ക് മുമ്പുതന്നെ അവൻ നരകത്തിൽ എറിയപ്പെടേണ്ടതായിരുന്നു. നാശം വരുമ്പോൾ ദൈവത്തെ ശപിക്കുകയല്ല സ്തുതിക്കുകയാണ് വേണ്ടത് കാരണം വിപത്തുകളിലൂടെ ദൈവം നമുക്ക് മുന്നറിയിപ്പുതരുകയാണ്. നരകത്തിന്റെ പാതയിലൂടെ നീങ്ങുന്ന മനുഷ്യനെ അവഗണിച്ച് തള്ളിക്കളയാൻ ദൈവത്തിനു കഴിയുമായിരുന്നു. എന്നാൽ നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മെ ദിനംതോറും അവനിലേക്കു മാടി വിളിക്കുന്നു. പൂത്തുലഞ്ഞുനില്ക്കുന്ന ആപ്പിൾ ചെടിയിലൂടെയും, പക്ഷികളുടെ സംഗിതത്തിലൂടേയും, പർവ്വതങ്ങളുടെ രാജകീയ പ്രൗഢിയിലൂടേയും മിന്നിത്തിളങ്ങുന്ന സക്ഷത്രത്തിലൂടേയും ദൈവം നമ്മെ മാടിവിളിക്കുകയാണ്. ക്രിസ്തുവാം സഭയിലുടെ, പരിശുദ്ധാത്മാവിലൂടെ ഇങ്ങനെ പല മാധ്യമങ്ങളിലൂടെ ദൈവം മനുഷ്യനെ തന്നിലേക്ക് മാടിവിളിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ മനുഷ്യൻ ബോധപൂർവ്വം ആ ക്ഷണം നിരസിച്ചുകൊണ്ടേയിരിക്കുന്നു.

സത്യത്തിൽ ദൈവത്തിന് മനുഷ്യനെ ദ്രോഹിക്കുന്നതിൽ താല്പര്യമില്ല, എന്നാൽ ദൈവത്തെ അവഗണിച്ചുപോകുന്ന മനുഷ്യനെ തന്നിലേക്കു അകർഷിക്കാൻ ആർദ്രതയുള്ള ദൈവം ദുരിതത്തിന്റെ ചിലവാതിലുകൾ അവന്റെ മുന്നിൽ തുറക്കും. കൊടുങ്കാറ്റ്, ഭൂകമ്പം, വെള്ളപ്പൊക്കം, ക്ഷാമം ഇതൊക്കെയാണ് ദുരിതംവിതയ്ക്കുന്ന സാധാരണ വിപത്തുകൾ. ഈ വിപത്തുകൾ മനുഷ്യന്റെ അഹങ്കാരത്തെ അടക്കുമെന്നും സത്യം കാണാൻ കണ്ണുകൾ തുറക്കുമെന്നും മനുഷ്യനെക്കുറിച്ച് ദൈവം ആശിക്കുന്നു.

## ദൈവത്തിന്റെ ന്യായവിധി അന്യായമൊ?
## (Is God Unfair in His Judgement?)

ദൈവത്തേയും ലോകത്തേയും വചനപ്രകാരം കാണുമ്പോൾ മാത്രമേ നാം ശരിയായി ചിന്തിക്കാൻ തുടങ്ങുകയുള്ളൂ. സകലരും ദൈവകോപത്തിനു പാത്രിഭൂതരത്രെ. എന്നാൽ ദൈവം മഹാദയയുള്ളവൻ തന്നെ. ഒരുവൻ അർഹിക്കുന്നതിലുപരി കരുണ ദൈവത്തിൽനിന്നും ആർജ്ജിച്ചിട്ട്.

രണ്ടു സമകാലികപ്രശ്നങ്ങളെ ഉദ്ധരിച്ചുകൊണ്ട് യേശു ഈ പ്രസ്താവനയെ വെളിപ്പെടുത്തുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു.

ആ സമയത്തുതന്നെ അവിടെ ഉായിരുന്ന ചിലർ പീലാത്തൊസ് ചില ഗലീലക്കാരുടെ ചോര അവരുടെ യാഗങ്ങളോടുകലർത്തിയ വർത്തമാനം അവനോടു അറിയിച്ചു. അതിന്നു അവൻ ഉത്തരം പറഞ്ഞത്: ആ ഗലീലക്കാർ ഇതു അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയിരുന്നു എന്നു നിങ്ങൾക്ക് തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും എന്നു ഞാൻ നിങ്ങളുടു പറയുന്നു. അല്ല, ശീലോഹാമിലെ ഗോപുരം വീണു മരിച്ചുപോയ ആ പതിനെട്ടുപേർ യെരുശലേമിൽ പാർക്കുന്ന സകലമനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കോ: 13:1–5).

പീലാത്തോസിന്റെ കരങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കാതെ ദൈവം ഞങ്ങളോട് അനിഷ്ടം കാണിച്ചിരിക്കുന്നു എന്ന് പീലാത്തോസിന്റെ കയ്യാൽ മരിക്കപ്പെട്ട ഗലീലാക്കാർ ആരും പറയുകയില്ല. കാരണം അവർ മരണത്തെ അർഹിച്ച പാപികളായ മനുഷ്യരായിരുന്നു. ഗലീലയിൽ മരണത്തിൽ അകപ്പെടാതെ രക്ഷപ്പെട്ടവർ മരിച്ചവരേക്കാൾ പാപത്തിന്റെ തീവ്രത കുറവുള്ളവരായിരുന്നു എന്ന് അവർക്ക് അവകാശപ്പെടാൻ കഴിയുകയില്ല. അവർ ദൈവത്തിൽനിന്നും വലിയ അനുഗ്രഹമല്ലാ ദൈവത്തിന്റെ മഹാ കരുണയാണ് കൈവരിച്ചത്.

ക്രിസ്തുവിന്റെ സന്ദേശം വ്യക്തമായിരുന്നു; നിങ്ങൾ എല്ലാവരും പാപികൾ തന്നെ. പാപത്തിന് അതിന്റെ പരിണിതഫലങ്ങളു്. ഇപ്പോൾ നിങ്ങൾ ജീവിച്ചിരിക്കുന്നത് ദൈവത്തിന്റെ കൃപകൊുമാത്രമാണ്. അതുകൊ് അനുതപിച്ച് പാപത്തെ വിട്ടൊഴിഞ്ഞുകൊൾവാൻ സമയം വൈകി. ദൈവത്തിന്റെ കരുണയെ പ്രകാശിപ്പിക്കുന്ന ഒരു ഉപമയിലൂടെ യേശു അതു വിവരിക്കുന്നു.

അവൻ ഈ ഉപമയും പറഞ്ഞു: ഒരുത്തനു തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നോരു അത്തിവൃക്ഷം ഉായിരുന്നു; അവൻ അതിൽ ഫലം തിരഞ്ഞുവന്നു, കില്ലതാനും. അവൻ തോട്ടക്കാരനോടു: ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞു വരുന്നു കാണുന്നില്ലതാനും; അതിനെ വെട്ടിക്കളക അതു നിലത്തെ നിഷ്ഫലമാക്കുന്നുതു എന്തിനു എന്നു പറഞ്ഞു. അതിനു അവൻ: കർത്താവെ, ഞാൻ അതിന്നു ചുറ്റും കിളെച്ചു വളം ഇടുവോളം ഈ ആുംകൂടെ നിൽക്കട്ടെ. മേലാൽ കായിച്ചെങ്കിലോ – ഇല്ലെങ്കിൽ വെട്ടിക്കളയാം എന്നു ഉത്തരം പറഞ്ഞു (ലൂക്കോ: 13: 6–9).

ദൈവത്തിന്റെ നീതിയും കരുണയും ഇവിടെ വിവരിച്ചിരിക്കുന്നു. ''ഫലമില്ലാത്ത മരത്തെ വെട്ടിക്കളക,'' ദൈവത്തിന്റെ നീതി ഗർജ്ജിച്ചു. ഫലം കായ്ക്കുവോളം അല്പം കൂടെ കാത്തിരിക്കാം. ദൈവത്തിന്റെ

കരുണ യാചിച്ചു. ക്രിസ്തുവില്ലാത്ത ഏതൊരുവനും ആ വൃക്ഷം പോലെയാണ്.

## കൊടുങ്കാറ്റിനേയും വെള്ളപ്പൊക്കത്തേയും നമുക്ക് ശാസിക്കുവാൻ സാധിക്കുമോ?
## (Can We Rebuke Hurricanes and Floods?)

ഒന്നു ചോദിച്ചോട്ടെ നമുക്ക് വിശ്വാസമുങ്കെിൽ, ഈ പ്രകൃതി വിപത്തുകൾ ഉാകാതിരിക്കുവാൻ നമുക്ക് അവയെ ശാസിക്കുവാൻ സാധിക്കുമോ?

വിശ്വാസമുായിരിക്കുക എന്നു പറഞ്ഞാൻ ദൈവത്തിന്റെ വെളിപ്പെട്ട ഇച്ഛ വിശ്വസിക്കുക എന്നതാണ്. വിശ്വാസം എന്നത് ദൈവത്തിന്റെ വചനത്തിൽ സ്ഥാപിതമായതാണ്. അത് ധാരണയോ പ്രതീക്ഷയോ അല്ല. കൊടുങ്കാറ്റിനെ ശാസിക്കാമെന്ന് വചനത്തിൽ നമുക്ക് വാഗ്ദത്തം നൽകപ്പെട്ടിട്ടില്ല, അതുകൊ് ഒരുവന് അതു ചെയ്യുവാനുള്ള വിശ്വാസം ഉ ാകണമെന്നില്ല (ദൈവം അതിനുള്ള അധികാരം നൽകിയിട്ടില്ലെങ്കിൽ)

ഒരു പ്രത്യേക ദേശത്ത് അടിക്കുന്ന കൊടുങ്കാറ്റ് ദൈവഹിത പ്രകാരമല്ലെങ്കിൽ അതിനെ വിശ്വാസത്തോടെ ശാസിക്കാം. കൊടുങ്കാറ്റിനെ അയയ്ക്കുന്നത് ദൈവമാണെന്ന് വചനം പറയുന്നു. ദൈവം തന്നെ കൊടുങ്കാറ്റിനെ ഉാക്കുമ്പോൾ ഒരുവൻ വിശ്വാസത്തോടെ അതിനെ ശാസിക്കാൻ പാടില്ല. ദൈവത്തിന്റെ ഉദ്ദേശത്തിൽ രൂപം കൊ കൊടുങ്കാറ്റിനെ ദൈവം പിൻവലിക്കണമെങ്കിൽ അതിന് ചില വ്യവസ്ഥകൾ ു്; അതായത് ദൈവത്തിന്റെ കരുണയാചിച്ചു കൊ് പ്രാർത്ഥിക്കണം, അല്ലെങ്കിൽ ന്യായവിധിയായി കാറ്റ് അയയ്ക്കപ്പെട്ട സ്ഥലത്തെ ജനം അനുതപിച്ച് ദൈവത്തോടു യാചിക്കണം (യോനയുടെ കാലത്തെ നിനവേ പട്ടണത്തിന്റെ കഥ ഉദാഹരണം) ഈ കാറ്റിനെ ശാസിക്കാൻ ഏവർക്കും അധികാരമില്ല ദൈവം ഉള്ളിൽ ബോദ്ധ്യം കൊടുത്ത വ്യക്തി വസ്തുത തിരിച്ചറിയുന്നു.

കാറ്റിനെ ശാസിച്ച് അമർച്ച ചെയ്ത ഒരേ ഒരു വ്യക്തി യേശുമാത്രമാണ്. വിശ്വാസത്തിന്റെ വരം ലഭിച്ചവർക്കുമാത്രമേ അതിന് അധികാരമുള്ളു. (ഇതിനെ വിശ്വാസത്തിന്റെ വരം എന്നു പറയുന്നു) ഇത് 1 കൊരി 12: 7-11 വരെ ഉള്ള വാക്യങ്ങളിൽ വിവരിച്ചിട്ടു്. ഈ ആത്മിക വരങ്ങളിൽ വിശ്വാസമെന്നവരം പ്രവർത്തിക്കുന്നത് ആത്മാവിന്റെ ഇച്ഛഅനുസരിച്ചാണ് (1 കൊരി 12:11). അതുകൊ് കൊടുങ്കാറ്റിനെ ശാസിക്കാൻ ദൈവം നിങ്ങൾക്ക് വിശ്വാസം തരുന്നില്ലായെങ്കിൽ, വിശ്വാസത്തിന്റെ പ ാതയിലുള്ള വിശ്വാസത്തിന്റെ പ്രവർത്തിയിൽ ഉറച്ചുനില്കാൻ കഴിയുകയില്ല. ആ പാതയിൽനിന്ന് വെളിയിൽ വരുക! ദൈവത്തിന്റെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുക, ന്യായവിധിക്ക് വിധേയമായ ജനത്തോടു മനസ്സലിയുവാൻ

പ്രാർത്ഥിക്കുക, അവർക്ക് അനുതപിക്കാൻ സമയം നീട്ടിക്കിട്ടാൻ ദൈവത്തിന്റെ കരുണക്കായി യാചിക്കുക.

പൗലോസിന്റെ കപ്പൽയാത്രയിൽ രാഴ്ചക്കാലം കൊടുങ്കാറ്റിനാൽ കപ്പൽ നിയന്ത്രണം വിട്ട് ഓടിയപ്പോൾ പൗലോസ് കാറ്റിനെ ശാസിച്ചില്ല (അപ്ര 27: 14–44). പൗലോസിന് അത് കഴിയില്ലായിരുന്നു. അതുകൊ് അവൻ അതു ചെയ്തില്ല. പൗലോസിനോടുമാത്രമല്ല കപ്പലിലുായിരുന്ന 276 യാത്രക്കാരോടും ദൈവം കരുണകാണിച്ചു കപ്പൽ ഛേദത്തിൽനിന്ന് വിടുവിച്ചു (അപ്ര 27: 24, 34, 44).

ദൈവത്തിന് അവരുടെ മേൽ കരുണ തോന്നി. കാരണം പൗലോസ് അവർക്കുവേി ദൈവത്തിന്റെ കാരുണ്യത്തിന്നായി പ്രാർത്ഥിച്ചു.